
# രസികരഞ്ജിനി

൧൦൭൮ കന്നി
പുസ്തകം ൨ ലക്കം ൧

പ്രസന്ന പ്രൌഢസരസ
പ്രസംഗങ്ങൾനിറഞ്ഞിനി
രസജ്ഞൎക്കു കൊടുക്കട്ടേ
രസം രസികരഞ്ജിനി



വരിസംഖ്യ മുൻകൂറായി രൂ. ൨ ൦
കുടിശ്ശികയായാൽ രൂ. ൨ ൮

# രസികരഞ്ജിനി

## പരസ്യം

ഈ മാസികയുടെ പത്രാധിപർ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനവർകളും, മാനേജർ അമ്പാടി ചെറിയ കൃഷ്ണപ്പുതുവാൾ അവർകളും ആകുന്നു.

ലേഖനങ്ങൾ, അഭിപ്രായത്തിന്നയക്കുന്ന പുസ്തകങ്ങൾ, അതു സംബന്ധിച്ച എഴുത്തുകൾ ഇവ രസികരഞ്ജിനി പത്രാധിപക്കും വരിപ്പണം, പരസ്യക്കൂലി, പരസ്യങ്ങൾ, കാര്യസംബന്ധമായ എഴുത്തുകൾ ഇവ ടി. മാനേജർക്കും മേൽവിലാസംവെച്ച് എറണാകുളത്തു കോവിലകത്തേക്ക് അയക്കേണ്ടതാകുന്നു.

പത്രാധിപരുടേയും മാനേജരുടേയും മാസികസംബന്ധമായ എഴുത്തുകളിലെ ലക്ഷ്യങ്ങളിൽ അവരുടെ മുദ്രയോ ഒപ്പോ ഉണ്ടായിരുന്നാൽ മതി.

എന്ന്

കോവിലകം }<br>എറണാകുളം }

രസികരഞ്ജിനി ഉടമസ്ഥൻ,

*RAMA VURMA,*

13th Prince of Cochin.

ഞങ്ങൾ സ്വീകരിക്കാത്ത ലേഖനങ്ങൾ തിരിയെ അയച്ചു തരണമെന്ന് ആവശ്യപ്പെടുന്നവർ എഴുത്തൊന്നിച്ച് ആയതിന്നു വേണ്ടിവരുന്ന ബ്രിട്ടീഷ് സ്റ്റാമ്പോ കൊച്ചി അഞ്ചൽ മുദ്രയോ അടക്കം ചെയ്യേണ്ടതാകുന്നു.

രാജ്യകാര്യസംബന്ധമായ യാതൊരു ലേഖനങ്ങളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നതല്ല.

രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അയക്കുന്ന ലേഖനങ്ങൾ രഞ്ജിനി പുറപ്പെടുന്നതിന് ഒരു മാസം മുമ്പായി ഇവിടെ കിട്ടേണ്ടതാകുന്നു.

'പത്രാധിപക്ക് അയയ്ക്കുന്ന എഴുത്തുകളും ലേഖനങ്ങളും പത്രാധിപർ, എറണാകുളം എന്നുമാത്രം മേൽവിലാസം വെച്ച് അയക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ആയവ ആപ്പീസ്സിൽ കിട്ടുവാൻ താമസം വരുന്നതാണ്'

ര. ര. പ.

## സംഗതിവിവരം.

1 നമ്പൂരിമാരും ഗ്രന്ഥനിർമ്മാണവും ... ... ... ... 57
2 കാകൻ — മൂർക്കോത്തു കുമാരൻ ... ... ... ... 68
3 മലയാളനാടകാഭിനയം — വി. എം. ചെറിയാൻ ... 75
4 മലയാംകൊല്ലം ... ... ... ... ... ... ... 80
5 ഈഴവന്മാർ ... ... ... ... ... ... ... ... 87
6 മരുമക്കത്തായം — ടി. എസ്സ്. എം. ... ... ... 92
7 വിചാരസാഗരം ... ... ... ... ... ... ... 95
8 കാവ്യം — സി. എൻ. രാമയ്യശാസ്ത്രി, ബി. എ. ... 100
9 ഒരു കഥ — കാരാട്ട അച്യുതമേനോൻ ബി. എ. ബി. എൽ. 102
10 പലവക ... ... ... ... ... ... ... ... 109

വിദ്യാവിനോദിനി അച്ചുകൂടം

# രസികരഞ്ജിനി

൧൦൭൯

പുസ്തകം ൩ കന്നിമാസം. ലക്കം ൨


## മംഗളം

പണ്ടൊല്ലേഃശാദിനാനാമതലഹരിയൊലിച്ചിട്ടുവരാത്മതത്വം
കണ്ടോമണ്ടിക്കുകീൽക്ക ടിയിൽ മാറിലരപ്പെട്ടുള്ളച്ചോക്കാലം
കണ്ടാലാരഞ്ജാലൊപ്പാൻ വിഷമമിതു മലയാളത്തിൽ കൂട്ടിച്ചിലില്ല
ഇന്നീയോരാളിന്നമ്പൂതിരിതതികൾ കുളംശരാചാര്യയോഗി.

---

### നമ്പൂരിമാരും

# ഗ്രന്ഥനിർമ്മാണവും

നമ്പൂരിമാരും വിദ്യാഭ്യാസവും തമ്മിൽ വളരെ കാലം കൂടികഴിഞ്ഞതിന്റെ ലക്ഷ്യങ്ങളായിട്ടും ഫലങ്ങളായിട്ടും അസംഖ്യം ഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിലും മലയാളഭാഷയിലും സുലഭങ്ങളായി കാണപ്പെടുന്നു.

മലയാളത്തിലെ പ്രാചീനഗ്രന്ഥങ്ങളെ തിരയുന്നതായാൽ നമ്പൂരിമാരുടെ നിർമ്മാണങ്ങളായ അനേകം ഗ്രന്ഥങ്ങൾ കാണാമെങ്കിലും പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തിന്നു മുമ്പിലുള്ള ഗ്രന്ഥങ്ങൾ ഇന്നിന്നവയെന്നു തിരിച്ചറിയുവാൻ കഴിയുമെന്നു തോന്നുന്നി



കൊച്ചി മലങ്കാട.

ല്ല. അക്കാലത്തും അതിനുശേഷവും ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങളിലും അതാതിന്റെ ഉത്ഭവകാലം അറിവാൻ കഴിയാത്തവയാണു് അധികമുള്ളതു്. അപൂർവ്വം ചില ഗ്രന്ഥങ്ങളെക്കൊണ്ടു് അതാതിന്റെ കാലം ഗ്രഹിപ്പാൻ വഴിയില്ലെന്നില്ല.

പെരുമനത്തുകാരനും 'വാസുദേവീയ'മെന്നു പേരായ 'പാണിനിയസൂത്രോദാഹരണ'മായ കാവ്യം ഉണ്ടാക്കിയ പണ്ഡിതനുമായ പട്ടത്തു വാസുദേവൻ ഭട്ടതിരിപ്പാട് 'യുധിഷ്ഠിരവിജയം' എന്ന കാവ്യം ഉണ്ടാക്കിയതു കൊടുങ്ങല്ലൂർ മഹോദയപുരത്തിൽ കുലശേഖരപ്പെരുമാളുടെ വാഴ്ചക്കാലത്താണെന്നു ആ ഗ്രന്ഥത്തിന്റെ പ്രസ്താവനാ ശ്ലോകങ്ങളിൽനിന്നു തെളിയുന്നുണ്ടു്. ഇദ്ദേഹത്തിന്റെ ഈ രണ്ടു കാവ്യങ്ങൾക്കും കാശ്മീരരാജ്യത്തുകൂടി പണ്ടേ പ്രചാരമുണ്ടായിരുന്നു. അതിന്നു കാരണം ശ്രീശങ്കരാചാര്യസ്വാമികൾ കാശ്മീരരാജ്യത്തു സർവ്വജ്ഞപീഠം കയറുവാൻ പോയ കാലത്തു മലയാളികളും കാശ്മീരകാരും തമ്മിൽ നടന്ന സമ്മേളനത്തിൽ ഉണ്ടായ ചില കൈമാററങ്ങൾ ആയിരിക്കാം.

'തോലകാവ്യം' എന്നുകൂടി പറയുന്നതും ശ്ലോകങ്ങളെല്ലാം അന്വയക്രമത്തിൽ നിർമ്മിച്ചിട്ടുള്ളതുമായ 'മഹോദയപുരേശചരിതം' കാവ്യമുണ്ടാക്കിയതു തോലകവിയാണല്ലോ. ഇദ്ദേഹം ഐരാണിക്കുളം ഗ്രാമക്കാരനായ ഒരു നമ്പൂരിയാണു്. ഈ നമ്പൂരി 'സുഭദ്രാധനഞ്ജയം', 'തപതീസംവരണം', 'വിച്ഛിന്നാഭിഷേകം' എന്നീ നാടകത്രയമുണ്ടാക്കിയ കുലശേഖരനെന്നു സ്ഥാനപ്പേരുള്ള ഭാസ്കരരവിവർമ്മപ്പെരുമാളുടെ സേവകനായിരുന്നു. ചേരമാൻപെരുമാൾ ഉണ്ടാക്കി ചാക്കിയാന്മാരെക്കൊണ്ടു് അഭിനയിപ്പിച്ചു തുടങ്ങിയ മേൽപറഞ്ഞ നാടകങ്ങളിലും, നാഗാനന്ദനാടകത്തിലും ഉള്ള പ്രാകൃതവാക്യങ്ങൾക്കു് ഈ തോലകവിതന്നെ ഭാഷാശ്ലോകരൂപേണ ചെയ്തിട്ടുള്ള തർജ്ജമകൾ ഇന്നും ചാക്കിയാന്മാർ കൂടിയാട്ടങ്ങളിൽ ഉപയോഗിച്ചുവരുന്നു. വിദൂഷകന്മാർ പ്രയോഗിക്കുന്ന മററനേകം ഭാഷാശ്ലോകങ്ങളും സാക്ഷാൽ തുഞ്ചത്തെഴുത്തച്ഛന്റെ ഭാഷാരീതിക്കു കൂടി വഴികാണിച്ചുകൊടുക്കുന്നവിധം നല്ല മലയാളഭാഷയിൽ ഉണ്ടാക്കിയിട്ടുള്ളതും ഈ തോലൻ നമ്പൂരിയല്ലാതെ മററാരുമല്ല. പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തും അതിന്നു മുമ്പും വർണ്ണാശ്രമധർമ്മാനുഷ്ഠാനങ്ങളെപ്പററിയും മററും പല യോഗ്യരും പല ഗ്രന്ഥങ്ങളുമുണ്ടാ

ക്കിട്ടുണ്ടായിരിക്കാമെന്നല്ലാതെ സാഹിത്യഗ്രന്ഥങ്ങൾ ഈ കാലത്തിന്നു മുമ്പു മലയാളികൾ നിൎമ്മിച്ചിട്ടുള്ളതായി തോന്നുന്നില്ല.

'ലക്ഷ്മീദാസ'നെന്ന കരിങ്ങമ്പിള്ളി നമ്പൂരിപ്പാട ഉണ്ടാക്കിയ 'ശുകസന്ദേശകാവ്യം', 'ലക്ഷ്മ്യാരോഗേശരിഃ' എന്ന കലിവൎഷം 3213-ാമാണ്ടത്തെ കഥയാണ്. ഈ കാവ്യത്തിലതന്നെ പൂൎണ്ണാനദീതീരത്തിൽ ശങ്കരാചാൎയ്യസ്വാമികളുടെ അവതാരകഥപോലും സൂചിപ്പിക്കാതിരുന്നതും മഹോദയപുരത്തെ വൎണ്ണിക്കുന്നതും പെരുമാക്കന്മാരുടെ അവരോധസമ്പ്രദായം പറയുന്നതും മററും ആലോചിക്കുമ്പോൾ ഈ കാലസ്ഥിതികളെല്ലാം ശരിയായി സമ്മതിക്കേണ്ടതുമാണ്. പക്ഷെ ഈ ഗ്രന്ഥാരംഭശ്ലോകത്തിൽതന്നെ ഉള്ള 'ശ്ലോനിതസ്യതസ്യാഃ' എന്ന വൎണ്ണവിന്യാസംകൊണ്ടു സിദ്ധിക്കുന്ന കലിദിവസത്തിലാകുന്നു കവി തന്റെ ഗ്രന്ഥമാരംഭിച്ചിരിക്കുന്നത് എന്നും 'ഹേവിള്ളാനിഹിതം കൃത്സ്നം' എന്ന കലിദിനസംഖ്യകൊണ്ടു സിദ്ധിക്കുന്ന കാലത്തുണ്ടാക്കിയ തന്ത്രസംഗ്രഹമെന്ന ജ്യോതിശ്ശാസ്ത്രഗ്രന്ഥത്തിന്റെ കൎത്താവായ കേളല്ലൂർ ചോമാതിരിപ്പാട്ടിലെ സമകാലീനനാണ് ഈ കവിയെന്നും ചിലർ പറയുന്നുണ്ട്. എന്തായാലും ഗ്രന്ഥത്തിൽ പറയുന്ന കാലം പെരുമാക്കന്മാരുടെ വാഴ്ചകാലമാണെന്നുള്ളതിന്നു സംശയമില്ല.

പെരുമാക്കന്മാരെ അവരോധിക്കുന്ന സമ്പ്രദായം അവസാനിക്കുകയും സാമൂതിരിപ്പാട്ടു മുതലായ അതാതു നാട്ടുരാജാക്കന്മാരുടെ പ്രത്യേക ഖണ്ഡരാജ്യഭരണം മലയാളത്തിൽ ആരംഭിക്കയും ചെയ്തു, 'ഉദധിസമാശ്രയഃ' എന്ന കലിദിനം മുതൽക്കാണെന്നും പിറെറന്നാളുണ്ട് 'പൂരധിസമാശ്രയ'നായ മേഴത്തോൾ അടിതിരിപ്പാട് ജനിച്ചതെന്നും, പിന്നെ ക്രമത്തിൽ അണ്ടരവം 'പറച്ചിപെററ പതിനോരുമക്കൾ' എന്ന പ്രസിദ്ധപ്പെട്ട നാരായണമംഗലത്തു ഭ്രാന്തൻ, പാക്കനാർ, ഉപ്പുകൊററൻ, ഉളിയന്നൂർ പെരുന്തച്ചൻ മുതലായ നാനാജാതിയോഗ്യന്മാരേയും ഉത്ഭവമായി എന്നും പ്രസിദ്ധമാകുന്നു. ഈ ഉത്തമപുരുഷന്മാർ ഒരമ്മ പെററവരാണെങ്കിലും നാനാജാതിക്കാരായിരുന്നുംകൊണ്ട് അതാതു ജാതിക്കാരുടെ കുലവിദ്യകൾക്കു ഉൽകൎഷവും പ്രശസ്തിയും വരുത്തീട്ടുണ്ടെന്നുള്ളതിന്നും സംശയമില്ല. മേഴത്തോൾ അടിതിരിപ്പാട്ടിന്നാണ് മലയാളത്തിൽ ആദ്യമേ യാഗം ആരംഭിച്ചത്. കലിയുഗത്തിൽ യാഗം

നിശ്ചയിച്ചിട്ടുണ്ടെന്നു വെച്ചു ബ്രാഹ്മണർ ഈ ശ്രൗതകർമ്മം ചെയ്യാതിരിക്കുന്നതു ശരിയല്ലെന്നു സ്ഥാപിച്ചിട്ടുള്ള ഈ മഹാബ്രാഹ്മണൻ ശ്രൗതവിഷയത്തിൽ ചില ഗ്രന്ഥങ്ങളും ഉണ്ടാക്കാതിരിപ്പാൻ വഴിയില്ല. പക്ഷെ അവ ഇന്നിന്നവയെന്നു തിരിച്ചറിയുവാൻ പ്രയാസമായിരിക്കുന്നു.

നാരായണമംഗലത്തു ഭ്രാന്തൻ, തന്ത്രശാസ്ത്രത്തിലും ജ്യോതിശ്ശാസ്ത്രത്തിലും കൈകണ്ട പണ്ഡിതനാണെന്നു പ്രസിദ്ധമാണ്. ഇദ്ദേഹം ചെയ്തിട്ടുള്ള ചില വിജാതീയക്ഷേത്ര പ്രതിഷ്ഠകളും ഇന്നും കാണുന്നുണ്ട്. പാമംഗലത്തു ക്ഷേത്രത്തിൽ കാവുതാങ്ങി ഭൂതത്തിനു ചൈതന്യം കൊടുത്തതും, ഇടയന്നൂർ ക്ഷേത്രത്തിൽ ശ്രീകോവിലിന്റെ ഭിത്തിയിലുള്ള ഗണപതിയുടെ ചിത്രത്തിനു സാന്നിദ്ധ്യം വരുത്തിയതും മററും ഈ മഹായോഗിയുടെ പ്രസിദ്ധതന്ത്രകർമ്മങ്ങളാണ്. കൈക്കുളങ്ങര ഭ്രാന്തൻ എന്നു പിന്നീടു പ്രസിദ്ധനായ തന്ത്രി ഉണ്ണിനമ്പൂതിരിയെ ജ്യോതിശ്ശാസ്ത്രവൈദഗ്ദ്ധ്യംകൊണ്ടുള്ള സ്വാതന്ത്ര്യത്തോടുകൂടി അശ്വത്ഥത്തിൽ ഉപനയിച്ചു തന്നെപ്പോലെ യോഗ്യനാക്കിവിട്ടതും മററും ഇദ്ദേഹത്തിന്റെ അത്ഭുതകർമ്മങ്ങളാണ്. ഈ നമ്പൂതിരിയുടെ വകയായും ചില വിശേഷപ്പെട്ട ഗ്രന്ഥങ്ങളും ഉണ്ടായിരിപ്പാൻ വഴിയുണ്ട്. പക്ഷെ അതും തിരിച്ചറിയുന്നില്ല.

കണ്ടാലും കേട്ടാലും അത്ഭുതപ്പെടുന്ന ചില വിചിത്രപ്പണിത്തരങ്ങൾ മലയാളത്തിൽ പല ക്ഷേത്രങ്ങളിലും പ്രയോഗിച്ച അന്നും ഇന്നും ഉള്ള തച്ചുശാസ്ത്രജ്ഞന്മാരെപ്പോലെയെന്നല്ല തന്റെ ജ്യേഷ്ഠന്മാരായ മുൻപറഞ്ഞ ഈ രണ്ടു നമ്പൂതിരിയോഗീശന്മാരെക്കൂടി വിസ്മയിപ്പിച്ചിട്ടുള്ള ഉളിയന്നൂർ പെരുന്തച്ചനെക്കൊണ്ടും തച്ചുശാസ്ത്രത്തിൽ ചില ഗ്രന്ഥങ്ങൾ ഉണ്ടാക്കിക്കാതെ കാരണവന്മാർ വിട്ടുമെന്നു തോന്നുന്നില്ല.

പാക്കനാരുടെ അദ്വൈതവിഷയങ്ങളും മററാത്മപ്രതിപാദകങ്ങളുമായ ചില മലയാംതമിഴ്പ്പാട്ടുകളും ദേശത്താറും അടിതിരിപ്പാട്ടിലേയുള്ള കർമ്മകാണ്ഡശ്രദ്ധയെപ്പോലും ജ്ഞാനകാണ്ഡത്തിലേക്ക് അഭിമുഖീകരിപ്പിച്ചിട്ടുണ്ടായിരുന്നുവെന്നുള്ളതും നിർവിവാദമാകുന്നു. ഇങ്ങിനെ ഈ സഹോദരന്മാരെല്ലാം ലോകോപകാരത്തിന്ന് അവതരിച്ചവരാണ്. ഇവർ നാനാജാതിക്കാരാണെങ്കിലും അമ്മ

യുടെ ശ്രദ്ധത്തിന്ന് ഒന്നിച്ചുകൂടുക പതിവാണത്രെ. അപ്പോൾ അവരവർ ചെയ്യാനുദ്ദേശിക്കുന്ന ലോകോപകാരകൎമ്മങ്ങളും പരസ്പരമറിയിച്ച് ഒരു യോഗംകൂടി ചില നിശ്ചയങ്ങളും ചെയ്യാതിരിക്കില്ല നിശ്ചയം.

മേഴത്തോൾ അഗ്നിഹോത്രിയുടെ കാലംമുതൽ നമ്പൂരിമാൎക്കു യാഗാദികൎമ്മങ്ങളിൽ ശ്രദ്ധയും നിഷ്ഠയും വൎദ്ധിച്ചു എന്നതിന്നു പ്രശസ്തഗ്രാമങ്ങൾതോറും പ്രത്യേകം ഓരോ കൎമ്മിസമ്പ്രദായങ്ങളും ഉണ്ടായതുതന്നെ ഒരു നല്ല ലക്ഷ്യമാകുന്നു. നമ്പൂരിമാൎക്കു ശ്രൗതകൎമ്മങ്ങളിൽ ശ്രദ്ധവൎദ്ധിച്ചതോടുകൂടിയാണ് മീമാംസാശാസ്ത്രത്തിൽ പ്രതിപത്തി കൂടിയതു. കുമാരിലഭട്ടാചാൎയ്യരുടെ 'കൌമാരിലം' അല്ലെങ്കിൽ ഭട്ടമതം എന്ന മീമാംസാശാസ്ത്രപദ്ധതി മലയാളത്തിൽ ആദ്യമേ കൊണ്ടുവന്ന ഹരിശ്ചന്ദ്രപ്പെരുമാൾ എന്ന കോട്ടയത്തു രാജവംശത്തിന്റെ ആദിപുരുഷൻ ഈ മീമാംസാശാസ്ത്രപ്രതിപത്തിക്കു ഒരു പോഷണം വരുത്തുകയാണുണ്ടായതു്. ശുകപുരത്തുകാരനായ കുത്തുള്ളി പ്രഭാകരൻ നമ്പൂതിരി ഭാട്ടമതത്തെ പരിഷ്കരിച്ചു പ്രാഭാകരമതം അല്ലെങ്കിൽ ഗുരുമതം എന്നൊരു പുതിയ വഴി കണ്ടുപിടിച്ചു. അതോടുകൂടി നമ്പൂരിമാരിൽ ഭാട്ടമതക്കാരെന്നും പ്രാഭാകരമതക്കാരെന്നും മീമാംസകന്മാർ രണ്ടു വഴിക്കാരായിത്തീൎന്നു. രണ്ടു വഴിക്കാരും കാലാന്തരംകൊണ്ട് അനേകം മീമാംസാഗ്രന്ഥങ്ങളും ഉണ്ടാക്കീട്ടുണ്ട്. ഇതുപോലെ തന്നെ ജ്യോതിശ്ശാസ്ത്രത്തിലും നമ്പൂരിമാർ ഉണ്ടാക്കിയ ഗ്രന്ഥങ്ങൾ കുറച്ചൊന്നുമല്ല. മീമാംസാഗ്രന്ഥം സംസ്കൃതഭാഷയിൽ മാത്രമേ അവർ ഉണ്ടാക്കിയിരുന്നുള്ളു. ജ്യോതിശ്ശാസ്ത്രത്തിൽ സംസ്കൃതഭാഷയായിട്ടും മലയാളഭാഷയായിട്ടും ഗ്രന്ഥങ്ങൾ നിൎമ്മിച്ചിട്ടുണ്ട്.

മലയാളത്തിലെന്നപോലെ അന്യരാജ്യങ്ങളിലും ബ്രാഹ്മണന്മാരുടെയിടയിൽ കൎമ്മകാണ്ഡപ്രതിപത്തി മൂൎച്ഛിച്ചു ജ്ഞാനകാണ്ഡശ്രദ്ധ ശിഥിലീഭവിക്കുകയും ചെയ്തു. ഇതിന്നു എട്ടുപത്തു ശതാബ്ദങ്ങൾക്കു മുമ്പുതന്നെ സകല ജാതിക്കാരുടെയിടയിലും ഒരു മാതിരി കൎമ്മങ്ങളുടെ ഉൽക്കൎഷം മൂൎച്ഛിക്കുകയും ഹിംസാദികൾ വൎദ്ധിക്കുകയും ചെയ്ത കാലത്ത്, 'അഹിംസാപരമോധൎമ്മഃ' എന്ന സിദ്ധാന്തം സ്ഥാപിക്കുന്ന ബുദ്ധമുനിയുടെ മതം പുറപ്പെട്ടു. ആ മതം ഉച്ഛൃംഖലമായി ഭൂമിയിൽ പലേടത്തും വ്യാപിക്കുകയും വൎണ്ണാശ്ര

ധർമ്മികളും ബുദ്ധമതക്കാരും തമ്മിൽ മത്സരം മുഴക്കുകയും ആകപ്പാടെ ഹിന്തുക്കളുടെ നിലയെന്നു ഇളക്കിമറിക്കുകയും ചെയ്തു കഴിയുന്ന കാലത്താണ് ഭട്ടമതത്തിന്റെ പുറപ്പാടുണ്ടായത്. ഇങ്ങിനെയിരിക്കുമ്പോഴാണ് കേരളത്തിൽ കല്പിള്ളിയില്ലത്തുണ്ടായൊരു ഉണ്ണിനമ്പൂരിയായ് ശങ്കരാചാര്യസ്വാമികളുടെ അവതാരം.

വേദശാസ്ത്രപുരാണേതിഹാസങ്ങളിൽ അങ്ങുമിങ്ങുമായി ചിതറിക്കിടക്കുന്ന ലൌകികപാരത്രികതത്വങ്ങളുടെയിടയിൽ കിടന്നു മിന്നുന്നതും ശ്രീവേദവ്യാസമഹർഷി സൂത്രംകൊണ്ടു സംഗ്രഹിച്ചുവെച്ചിട്ടുള്ളതും പക്ഷെ മതാന്തരപ്രവൃത്തകന്മാർ അവരവരുടെ മനോധർമ്മംപോലെ മറ്റൊരു പ്രകാരത്തിൽ വ്യാഖ്യാനിച്ചും ഖണ്ഡിച്ചും ഭ്രാന്തിവരുത്തി നാനാജനങ്ങൾക്കു വഴി തെറ്റിത്തിരിയുവാനിടയാക്കിത്തീർത്തിട്ടുള്ളതുമായ വേദാന്തശാസ്ത്രത്തെ ശാരീരകഭാഷ്യം ഉണ്ടാക്കി അദ്വൈതമതപ്രതിഷ്ഠാപനംചെയ്തു പരിഷ്കരിച്ചു പ്രസിദ്ധപ്പെടുത്തിയ ശ്രീശങ്കരാചാര്യസ്വാമികളെ കേൾക്കാത്തവർ വല്ലവരുമുണ്ടെന്നു തോന്നുന്നില്ല. ഈ മഹായോഗീശ്വരൻ മലയാളത്തിലും മറ്റനേകരാജ്യങ്ങളിലുമായിട്ടു ഹിമവത്സേതുപര്യന്തമുള്ള ഭാരതഖണ്ഡത്തിൽ വർണ്ണാശ്രമധർമ്മനിഷ്ഠയുള്ള ഹിന്തുക്കളുടെയിടയിൽ നാലാമത്തെ ആശ്രമമായ സന്യാസാശ്രമത്തിന്നു മഠപ്രതിഷ്ഠാപനാദികളെക്കൊണ്ടു ഈ കലിയുഗകാലത്തും ശാശ്വതമായ ഒരു നില വരുത്തിട്ടുണ്ടെന്നുള്ളത് ഒരിക്കലും അപ്രസിദ്ധമാവാത്ത ഒരു ചരിത്രമാകുന്നു. സർവ്വജ്ഞനായ ഇദ്ദേഹം മീമാംസകമതം, ബുദ്ധമതം എന്നു മാത്രമല്ല സകല മതങ്ങളിലേയും ഗ്രാഹ്യമായ സാരാംശം സംഗ്രഹിച്ചും ത്യാജ്യമായ ഭാഗം നിരസിച്ചും ഹിന്തുമതത്തിൽനിന്നു അകന്നു നില്ക്കുന്ന ദ്വീപാന്തരസ്ഥന്മാരായ മറ്റു മതക്കാർക്കുപോലും വിസ്മയം തോന്നത്തക്കവിധം സർവ്വോപനിഷത്സാരതത്വമായ അദ്വൈതമതത്തെ കണ്ടുപിടിച്ചതാണ് എല്ലാ പ്രവൃത്തികളിലും പ്രധാനമായിട്ടുള്ളതും ഈ ആചാര്യരുടെ അവതാരത്തിന്റെ മുഖ്യപ്രയോജനവും.

സർവ്വജ്ഞപീഠം കയറിയ ഈ സ്വാമികൾ പല ശാസ്ത്രങ്ങളിലും ഉത്തമഗ്രന്ഥങ്ങളെ നിർമ്മിച്ചിട്ടുണ്ട്. ദശോപനിഷത്ഭാഷ്യങ്ങൾ, ഭഗവൽഗീത, സനത്സുജാതീയം, വിഷ്ണുസഹസ്രനാമം, ഇവയുടെ ഭാഷ്യങ്ങൾ, ശ്രീവിദ്യാഭാഷ്യം, പ്രപഞ്ചസാരമെന്ന മന്ത്ര

ശാസ്ത്രഗ്രന്ഥം, ലഘുധർമ്മപ്രകാശിക, എന്ന ഭംഗ്വസ്തുതിസംഗ്രഹം, ഭട്ടികാവ്യവ്യാഖ്യാനം, എന്നു തുടങ്ങി അനേകം വിശിഷ്ടഗ്രന്ഥങ്ങൾ, സ്വാമികൾ ഉണ്ടാക്കീട്ടുള്ളവ ഇന്നും നടപ്പുണ്ട്. ഭക്തിരസപ്രധാനങ്ങളായ പലവക സ്തോത്രങ്ങളിൽ സ്വാമികളുടെ കൃതികളായിട്ടാണ് അധികമുള്ളത്. അവയെല്ലാം മാഹാത്മ്യം വേറെയാണു താനും. ശ്രീപരമേശ്വരന്റെ മനുഷ്യാവതാരമെന്നു പറയപ്പെടുന്ന ശ്രീശങ്കരാചാര്യസ്വാമികളുടെ അവസ്ഥയൊന്നു വേറെ. ആ സ്വാമികളെ സാധാരണ നമ്പൂരിമാരുടെ കൂട്ടത്തിൽ ഗണിച്ചാൽ പോരല്ലോ. അവിടുത്തെ തിരുവായ്മൊഴികളായ ഉത്തമഗ്രന്ഥങ്ങളെ മറവുള്ള നമ്പൂരിമാരുണ്ടാക്കിയ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ കൂട്ടിയാലും ശരിയാവുന്നതല്ല. ഈ ശ്രീശങ്കരാചാര്യസ്വാമികൾ മലയാളത്തിലെ ഒരു നമ്പൂരിയായിരുന്നുവെന്നു പറയുവാനിടയാകുന്നതുതന്നെ മലയാളികളായ നമുക്കു ഒക്കെ എപ്പോഴും അഭിമാനത്തിന്നു കാരണമായിരിക്കുന്നു. എന്നാൽ ഈ അവതാരപുരുഷൻ മലയാളിയായിരുന്നില്ലെന്നു വാദിക്കുന്ന ചില പരദേശികൾ ഉണ്ടായിരിക്കാം. പക്ഷെ അവരുടെ വാദത്തിനെ ഞങ്ങൾ അത്ര വകവെക്കുന്നില്ല. നമ്മുടെ കൊല്ലവർഷത്തിന്റെ ആരംഭം തന്നെ ആചാര്യസ്വാമികൾ മലയാളികളുടെ ഇടയിലൊക്കെ നടപ്പാക്കീട്ടുള്ള ആചാരപ്രസ്ഥാനത്തിന്റെ പ്രാരംഭദിവസം മുതല്ക്കാകുന്നു. 'ആചാര്യവാഗഭേദ്യാ' എന്ന കലിവർഷദിവസം മുതല്ക്കാണല്ലൊ കൊല്ലവർഷാരംഭം. ഈ കണക്കു നോക്കിയാൽ ഇപ്പോൾ 1082-മതാണ്ടായി കാണാവുന്നതാണ്. മലയാളികളിൽ ഏർപ്പെടുത്തി കാണുന്ന ചില പ്രത്യേകാചാരപരിഷ്കാരങ്ങൾക്കു പുറമെ ഇവിടെയുള്ള സന്ന്യാസിമഠങ്ങളും സന്ന്യാസികളുടെ നടവടിക്രമങ്ങളും ആചാര്യസ്വാമികളാണ നിയമിച്ചിട്ടുള്ളതെന്നു സ്വാമിയാന്മാരുടെ ഗുരുപരമ്പരപ്പട്ടിക നോക്കിയാൽ തെളിയുന്നതുമാകുന്നു. നമ്പൂരിമാരിൽവെച്ചു സർവ്വപ്രകാരത്തിലും പ്രഥമഗണനീയനായ ശ്രീശങ്കരാചാര്യരുടെ പ്രസംഗത്തിൽ ഇത്രയും പറയുന്നത് പ്രകൃതത്തിന്നു കവിഞ്ഞുപോയി എന്നു വിചാരിപ്പാനൊട്ടും അവകാശമില്ലല്ലൊ.

സ്വാമികളുടെ ശിഷ്യന്മാരിൽ നമ്പൂരിമാരായ പലരും വേദാന്തത്തിലും മറ്റുമായി പലേ ഗ്രന്ഥങ്ങൾ ഉണ്ടാക്കീട്ടുണ്ട്. ആശ്ചര്യചൂഡാമണിനാടകകർത്താവായ ശക്തിഭദ്രകവി, സ്വാമികളുടെ ശി

ഷ്യനായ ഒരു പോററിയാണ്. ഇദ്ദേഹം ഉന്മാദവാസവദത്താ' അതായത മന്ത്രാങ്കം മുതലായ പല കാവ്യങ്ങളുമുണ്ടാക്കീട്ടുണ്ട്. മലയാളത്തിൽ ചാക്കിയാന്മാർ അഭിനയിച്ചു വരുന്ന നാടകങ്ങളിൽ ഈ കവിയുടെ ആശ്ചൎയ്യചൂഡാമണി നാടകത്തിനാണ് ഏററവും ശ്രേഷ്ഠത്വം സൎവ്വസമ്മതമായിട്ടുള്ളത്.

നമ്പൂരിമാരായ പണ്ഡിതരത്നങ്ങൾ വിളങ്ങിയിരുന്ന വെട്ടത്തു നാട്ടിലെ ഉത്തമരത്നമായ തലക്കുളത്തൂർ ഗോവിന്ദ ഭട്ടതിരിപ്പാട്ടിലെ ചരമഗതി 'രക്ഷേൽഗോവിന്ദമഖഃ' എന്ന കലിദിനത്തിലായിരുന്നു. ഇദ്ദേഹമാണ ദശാദ്ധ്യായി എന്ന ഹോരാവ്യാഖ്യാനമുണ്ടാക്കിയത. ഈ ഗ്രന്ഥം മലയാളികളുടെ ജ്യോതിഷഗ്രന്ഥങ്ങളിൽ വെച്ച വളരെ പേരു കേട്ടതും പ്രധാനപ്പെട്ടതുമാണ്. തന്റെ ജാതകം താൻതന്നെ ഗണിച്ചുണ്ടാക്കിയതിൽ പറഞ്ഞിരുന്നതുപോലെ തന്നെ ഇദ്ദേഹത്തിന്നു ജാതിഭ്രഷ്ടു പററി. പാഴൂർ കണിയാർപണിക്കത്തിയാരുടെ ഭൎത്താവായി തന്നെയിരിക്കുകയാണ പിന്നീടുണ്ടായത്. തന്റെ സന്താനങ്ങളായ പാഴൂർ കണിയാന്മാൎക്കു എന്നെന്നേക്കും കീൎത്തിക്കും ഉപജീവനത്തിന്നും മൂലമായി ഒരു പ്രശ്നരീതിമാത്രം അവൎക്കുണ്ടാക്കി കൊടുത്തിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ജാതിഭ്രംശം കണിയാന്മാൎക്കു കീൎത്തിക്കു നാട്ടുകാൎക്കു വിശേഷിച്ചൊരുപകാരത്തിന്നും ജ്യോതിശ്ശാസ്ത്രത്തിന്റെ പ്രചാരത്തിന്നും കാരണമായി കലാശിച്ചു.

തല്ലൂട്ടെ യോഗിയാതിരിപ്പാട്ടിലെ ഗുരുവായ കാവാട്ട നമ്പൂതിരി ബാഹ്വൃചകന്മാരുടെ ശ്രൌതസ്മാൎത്ത ക്രിയകൾക്കു വേണ്ടുന്ന ചടങ്ങുകളും പ്രായശ്ചിത്തങ്ങളും സംസ്കൃതത്തിലും ഭാഷയിലുമായിട്ട് എഴുതി വെച്ചിട്ടുണ്ട്. ഈ ഗ്രന്ഥങ്ങളെ പിന്തുടൎന്നു കൊണ്ടാണ് യോഗിയാതിരിപ്പാട്ടും പ്രായശ്ചിത്തവും ഭാഷയിലെ കൌഷീതകന്മാരുടെ ഷോഡശക്രിയകളുള്ള ചടങ്ങും പ്രൈഷങ്ങളുടെ ഭാഷകളും അഗ്നിഹോത്രമുള്ള നമ്പൂരിമാർ ഇന്നും ഒരുപോലെ ചൊല്ലി മുഖസ്ഥമാക്കി വരുന്നതായ യാഗത്തിന്റെ ഭാഷയും മററുമുണ്ടാക്കിയത്.

വിചാമംഗലത്തു സ്വാമിയാന്മാരിൽ ഒരാളുണ്ടാക്കിയ 'ശ്രീചിഹ്ന'മെന്ന പ്രാകൃതകാവ്യം വ്യാകരണ സൂത്രങ്ങളുടെ ഉദാഹരണമാണെന്നു കുമ്പെവാരിക്കൽ പറഞ്ഞിട്ടുണ്ടല്ലൊ.

പാഠത്തെ വാസുദേവീയത്തിന്റെ സമ്പ്രദായത്തെ ചുണ്ടാക്കിയതാണെങ്കിലും പിന്നീട് മേപ്പത്തൂർ നാരായണഭട്ടതിരിപ്പാട്ടുണ്ടാക്കിയ 'ധാതുകാവ്യ'ത്തിന്നു മാർഗ്ഗദർശകനായ വിധത്തിൽ സൂത്രങ്ങളും ഗണപാഠങ്ങളും യഥാക്രമോദാഹരണമാകുന്നു ഒരു മെച്ചവും കൂടി പെട്ടിട്ടുണ്ട്.

തകഴിപ്പുഴ ഭാരനായ ചിരക്കെട്ടി നമ്പൂരിയുടെ മീമാംസാവേദാന്തഗ്രന്ഥങ്ങളും അതിപ്രൌഢങ്ങളാണെന്നു പ്രസിദ്ധമാണല്ലോ. കാണക്കാറിക്കരനായ പള്ളിപ്പുറത്തു നമ്പൂരിയുടെ ഭട്ടദീപികാവ്യാഖ്യാനം മീമാംസകന്മാർക്കു പ്രത്യേകിച്ചും പഠിക്കേണ്ടുന്ന ഗ്രന്ഥമാണ്. നമ്പൂരിമാർക്കു വ്യാഖ്യാനമുണ്ടാക്കുവാനുള്ള സാമർത്ഥ്യം പ്രസിദ്ധപ്പെട്ടതായിരുന്നു. 'മാലതീമാധവം', 'ശാകുന്തളം', 'ഉത്തരരാമചരിതം', 'നാഗാനന്ദം', 'ചൂഡാമണി', മുതലായ നാടകങ്ങൾക്കു നമ്പൂരിമാർ ചെയ്തിട്ടുള്ള വ്യാഖ്യാനങ്ങളും അതിവിശേഷപ്പെട്ടവയാണ്. അഷ്ടവൈദ്യന്മാർ അഷ്ടാംഗഹൃദയത്തിന്നു ചെയ്തിട്ടുള്ള പാഠ്യം, വ്യാഖ്യാസാരം, ഹൃദയബോധിക, എന്നീ വ്യാഖ്യാനങ്ങളും ഉത്തമോത്തമം ഉൽകൃഷ്ടങ്ങളായിരിക്കുന്നു. ഇവയുടെ നിർമ്മാണകാലങ്ങളേയും കർത്താക്കളേയും തിരിച്ചറിവാൻ ദുർഘടം തന്നെ.

മുമ്പൊരിക്കൽ രഞ്ജിനിയിൽ പറഞ്ഞിട്ടുള്ള പതിനെട്ടരക്കവികളുടെ ഗ്രന്ഥങ്ങളെപ്പററി ഇപ്പോൾ വിശേഷിച്ചൊന്നും പറയുവാനില്ല.

എന്നാൽ ഇതിൽ 'തന്ത്രസമുച്ചയ'മുണ്ടാക്കിയ ചേന്നാസ്സു നാരായണൻ നമ്പൂരിപ്പാട്ടിലെ പിന്തുടർന്നവർ പലരുമുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ അനന്തരവർ തന്നെ 'ശേഷസമുച്ചയ'മുണ്ടാക്കി. രണ്ടു ശിഷ്യന്മാർ തന്ത്രസമുച്ചയത്തിന്നു 'വിമർശിനി' എന്നും, 'വിവരണ'മെന്നും രണ്ടു വ്യാഖ്യാനമുണ്ടാക്കീട്ടുണ്ട്. വെട്ടത്തുരായരുമംഗലത്തുകാരനും തിരുമംഗലത്തു വിലകണ്ണൻ നമ്പൂരിയുടെ ശിഷ്യനുമായ മറെറാരു നമ്പൂരി സമുച്ചയത്തിലെ രണ്ടാം പടലത്തെ അനുസരിച്ചുകൊണ്ടു 'മനുഷ്യാലയചന്ദ്രിക' എന്നൊരു തച്ചുശാസ്ത്രഗ്രന്ഥമുണ്ടാക്കി. ഇദ്ദേഹം തന്നെയാണ് 'മാതംഗലീല', എന്ന ഗജശാസ്ത്രഗ്രന്ഥമുണ്ടാക്കീട്ടുള്ളതെന്നു വിചാരിപ്പാൻ വഴിയുണ്ട്. മനുഷ്യാലയചന്ദ്രികയുടേയും മാതംഗലീലയുടേയും ആദ്യത്തെ മംഗളശ്ലോകം ഒന്നായി കാണുന്നുണ്ട്.

തളിപ്പറമ്പത്തുകാരനായ പെരിഞ്ചെല്ലൂർ ഗ്രാമക്കാരുടെ വാദ്ധ്യാനും, വൈദികനും, സ്മാർത്തനും, ശ്രേഷ്ഠനുമായ വെള്ളൂർ നമ്പൂരി, ആപസ്തംബഭാഷ്യ വ്യാഖ്യാനരൂപഗ്രന്ഥവും മററനേകം ശ്രൗതസൂത്രഗ്രന്ഥങ്ങളുമുണ്ടാക്കീട്ടുണ്ട്. തളിപ്പറമ്പത്തുകാരനായ മറെറാരു നമ്പൂരിയാണ് 'പ്രശ്നമാർഗ്ഗ'മെന്ന ജ്യോതിഷഗ്രന്ഥമുണ്ടാക്കിയത്. വെട്ടത്തുകാരനായ കേളല്ലൂർ ചോമാതിരിപ്പാട്ടിലെ തന്ത്രസമുച്ചയത്തെപ്പററി മുമ്പെ പറഞ്ഞുവല്ലോ. 'യുക്തിഭാഷ' ജ്യോതിഷത്തിൽ ഒരു ശ്രേഷ്ഠഗ്രന്ഥമാണ്. തൃക്കണ്ടിയൂർ അച്യുതപ്പിഷാരോടിയുടെ ഗുരുവും തുഞ്ചത്തെഴുത്തച്ഛന്റെ അച്ഛനുമായ ആ നമ്പൂരിയാണ് യുക്തിഭാഷയുണ്ടാക്കിയത്.

മേല്പുത്തൂർ നാരായണഭട്ടതിരിപ്പാട്ടിലെ ഗുരു ഈ അച്യുതപ്പിഷാരോടിയാണല്ലോ. ഈ ഭട്ടതിരിപ്പാട നാരായണീയം, ധാതുകാവ്യം, പ്രക്രിയാസർവ്വസ്വം, ശ്ലിഷ്ടമെന്ന തച്ചുശാസ്ത്രം, അനേകം ചമ്പൂപ്രബന്ധങ്ങൾ മുതലായി വളരെ ഗ്രന്ഥങ്ങളുണ്ടാക്കിട്ടുണ്ടെന്നു സുപ്രസിദ്ധമാണ്. 'ആയുരാരോഗ്യസൌഖ്യം' എന്ന കലിദിനത്തിലാണ നാരായണീയസ്തോത്രം അവസാനിപ്പിച്ചത് എന്നുള്ളതുകൊണ്ട പട്ടേരിയുടെ ജീവകാലം അറിയുന്നതിന്ന പ്രയാസമില്ല. 'ഭക്താനാമഗ്രഗണ്യൻ' പാനയുണ്ടാക്കിയ പൂന്താനത്തു നമ്പൂരി ഭക്തികൊണ്ട പട്ടേരിപ്പാട്ടിലെ തോല്പിച്ചിരുന്നു. പെരുമനത്തുകാരനായ മഴമംഗലത്തു നമ്പൂരിയാഗത്തിന്റെ ഭാഷ, ആശൌചം, പ്രായശ്ചിത്തം, വൈദ്യനാഥദീക്ഷിതരുടെ ശ്രൗതസ്മാർത്ത ക്രിയകളുടെ ചടങ്ങുകൾ, കലിദീപികയെന്ന ജ്യോതിഷഗ്രന്ഥം, ഇതുകൂടാതെ മഹിഷമംഗലം ഭാണം, രാജരത്നാവലീയം ചമ്പു മുതലായി അനേകം ഭാഷാചമ്പുക്കളും, പുഷ്പിണിപ്പാട്ടുകളും ഇങ്ങിനെ പലതുമുണ്ടാക്കിട്ടുണ്ട്. കാലദീപകത്തിന്ന ഭാഷയായിട്ട 'ബാലശങ്കര'മെന്നൊരു വ്യാഖ്യാനമുണ്ടാക്കിട്ടുള്ള വിദ്വാൻ ഒരു ബാലശങ്കരനാണെന്നു മാത്രമറിയാം.

'മുഹൂർത്തപദവി'യുണ്ടാക്കിയ മാണ്ണൂർ നമ്പൂരിപ്പാടും അവിടുത്തെ ജ്യേഷ്ഠനും മഹാജ്യോതിഷികളായിരുന്നു. ഭാഷാകവികളിൽ പ്രസിദ്ധനായ ചേലപ്പറമ്പ നമ്പൂരിയുടെ ഓരോ ശ്ലോകങ്ങളല്ലാതെ ഒരു ഗ്രന്ഥവും കണ്ടുകിട്ടാത്തതു വലിയ നഷ്ടം തന്നെ. ഭാഗവതം ദശമം കിളിപ്പാട്ടുണ്ടാക്കിയ പൊറയന്നൂർ നമ്പൂരിപ്പാട്ടിലെ

കവിതകൾ കുഞ്ചൻനമ്പ്യാരുടെ കവിതകളെന്നപോലെ നല്ല ഒഴുക്കും പദക്കട്ടും ഭംഗിയുമുണ്ട്. രുഗ്മിണീസ്വയംവരപ്രബന്ധകാരനായ എടവെട്ടിക്കാട്ടു നമ്പൂരി, ബാലിവിജയം കഥകളിയുണ്ടാക്കിയ കല്ലൂർ നമ്പൂരിപ്പാട്, അടുത്തകാലത്തുണ്ടായിരുന്ന പൂന്തോട്ടത്തു നമ്പൂരി, വെണ്മണി നമ്പൂരിപ്പാടന്മാർ ഇവരുടെ കവിതകളെ കൊണ്ടാടാത്ത ഭാഷാഭിമാനികളാരുമുണ്ടെന്നു തോന്നുന്നില്ല. വെണ്മണി മഹൻനമ്പൂരിപ്പാട്ടിലെ കവിതാരീതിയുടെ ഒരു നേർപകർപ്പ് പോലെയുള്ള ശിവോള്ളി നാരായണൻ നമ്പൂരിയുടെ കവിതയും ഏതു സരസനേയാണു രസിപ്പിക്കാത്തത്. ഒട്ടുവത്തു നമ്പൂരിമാർ ഒറവങ്കര നീലകണ്ഠൻ നമ്പൂരി (രാജാവു) ഇവർ നല്ല കീർത്തിനേടി ജീവിച്ചിരിക്കുന്ന കവികളാണല്ലൊ. സി. എസ്സ്. സുബ്രഹ്മണ്യൻ പോററി, ആലത്തൂർ അനുജൻ നമ്പൂരിപ്പാട്, പി. കെ. നാരായണൻനമ്പൂരി, എന്നീ ചെറുപ്പക്കാരും പ്രയത്നംചെയ്തു മേല്പോട്ടു കയറിവരുന്ന കവികളാണ്. എന്തിനേറെപ്പറയുന്നു. സംസ്കൃതഭാഷാപണ്ഡിതന്മാരായ നമ്പൂരിമാർ ഭാഷാപോഷണത്തിനുള്ള പ്രയത്നം വാക്കുകൊണ്ടല്ല പ്രവൃത്തികൊണ്ടായിരുന്നു കാണിച്ചിരുന്നത്.

തയ്ക്കാട്ടു യോഗിയാതിരിപ്പാട്ടിലേയും മററും യാഗത്തിന്റെ ക്രിയ പറയുന്ന ഭാഷകളും കൌശീതകബോധായനബാധൂലകാശ്വലായനാദികൾക്കു വേണ്ടുന്ന ഷോഡശക്രിയകൾക്കുള്ള ചടങ്ങുകളും, ദർശപൌർണ്ണമാസാദിക്രിയകൾക്കുള്ള ചടങ്ങുകളും, ആശൌചങ്ങളും, പ്രായശ്ചിത്തങ്ങളും, തന്ത്രവിഷയമെല്ലായ ക്രിയകളും, വിഷവൈദ്യം, ബാലചികിത്സ മുതലായ വൈദ്യവിഷയഗ്രന്ഥങ്ങളും, ഗണിതം, സംഹിത, ഹോര എന്നീ മൂന്നു സ്കന്ധത്തിലും വെവ്വേറെ അനേകം ജ്യോതിഷഗ്രന്ഥങ്ങളും, പല പുരാണകഥാഗ്രന്ഥങ്ങളും, രാജനീതിഗ്രന്ഥങ്ങളും, ദേവാലയങ്ങളും ബ്രഹ്മാലയങ്ങളും മററും പണിചെയ്യുന്നുള്ള തച്ചുശാസ്ത്രഗ്രന്ഥങ്ങളും, ആയുധാഭ്യാസം, മല്ലയുദ്ധം മുതലായവയുടെ മുറ പറയുന്ന യുദ്ധശാസ്ത്രഗ്രന്ഥങ്ങളും, നാട്യശാസ്ത്രഗ്രന്ഥങ്ങളും, പലതരം സസ്യങ്ങളെ കൃഷിചെയ്യേണ്ടുന്ന മുറകളും പറയുന്ന ചില പാട്ടുകളും, പുള്ളിനിപ്പാട്ടു, തിരുവാതിരപ്പാട്ടു, നാഗപാട്ട്, മുതലായി അനേകം പാട്ടുഗ്രന്ഥങ്ങളും, എന്നുവേണ്ട നാട്ടുകാർക്കു സ്വജാതികർമ്മാനുഷ്ഠാനത്തോടുകൂടി യോഗക്ഷേമവും വിനോ

മവും ഉണ്ടാക്കിത്തീൎക്കുന്ന പലേ ഗ്രന്ഥങ്ങളും നമ്പൂരിമാരും അവരുടെ മക്കളും ശിഷ്യന്മായി മലയാളഭാഷയിൽ സുലഭമാക്കിത്തീൎത്തിട്ടുണ്ട്.

# കാകൻ

## IV.

### ദിനചൎയ്യ.



'ഉദയഗിരി ചുകന്നു ഭാനുബിംബം വിളങ്ങീട്ടന്നതിനു മുമ്പിൽ തന്നെ കാകേശ്വരൻ പള്ളിയുറപ്പുണരും. ഉണൎന്ന് ഉടനെ നിലവിളിയായി. സമീപസ്ഥന്മാരെക്കൊണ്ടും മേലാൽ നേരം പുലരുന്നതെന്നുള്ള—ഭൂഷ്യവിചാരത്തോടുകൂടി തന്റെ കോഴി[illegible]യും നെരപ്പോടും എടുത്തു കാട്ടുകയറിക്കളഞ്ഞിരുന്ന വൃദ്ധയുടെ അസൂക്ഷ്മബുദ്ധി കാകനില്ല. കാലത്തു ഉറക്കം ഞെട്ടിയ ഉടനെ സമീപസ്ഥന്മാരെ ഒക്കെ വിളിച്ചുണൎത്തും. നേരം പുലൎന്നുവെന്നുള്ളതു കാക്ക കരഞ്ഞുവെന്നുള്ളതും മലയാളഭാഷയിൽ കേവലം പൎയ്യായശബ്ദങ്ങളായി തീൎന്നിട്ടുള്ളതാലോചിച്ചാൽ നമ്മുടെ കാകൻ പുലൎകാലത്തെ തെററി ധരിക്കാറില്ലെന്നു തീൎച്ചയാക്കേണ്ടതാണ്. നിലാവുള്ള ചില രാത്രി ചിലപ്പോൾ കാക്കയുടെ കരച്ചിൽ അവിടവിടെ കേട്ടെന്നുവരാം. ഇതു ചില വിഡ്ഢികളുടെ വിഡ്ഢിത്വംകൊണ്ടുവരുന്നതാണ്. വിഡ്ഢികൾ എല്ലാ കൂട്ടത്തിലും ഉണ്ടല്ലൊ. വല്ല സംഗതിവശാലും നല്ല ഉറക്കം ഞെട്ടുമ്പോൾ നിലാപ്രകാശം കണ്ടു നേരം പുലൎന്നുവെന്നു കരുതി, ഉടനെ നിലവിളിക്കും. അത് ഉറക്കക്കണ്ണിൽ ചെയ്യുന്നതാണെങ്കിലും, തന്റെ ദോഷത്വം മനസ്സിലായാൽ പിന്നെ മിണ്ടില്ല. അനാവശ്യമായി അകാലത്ത് മററുള്ളവരുടെ ഉറക്കം ഞെട്ടിക്കുന്നതിനു ആ വിഡ്ഢിക്കും ഭയമില്ലാതെയല്ല.

സന്ധ്യയായാൽ കാക്കകൾ കൂട്ടംകൂട്ടമായി കടലോരത്തേക്കു

പറന്നു പോകുന്നതു കാണാം, രാത്രിയായാൽ ഒരു ദേശത്തുള്ള കാകനിവാസികളൊക്കെ ഒന്നൊത്തു ചില വൃക്ഷക്കൊമ്പുകളിൽകൂടി പകലുണ്ടായ സംഭവങ്ങളൊക്കെ ചുരുക്കത്തിൽ പ്രസ്താവിച്ചു അന്യോന്യം ധരിപ്പിച്ചു ഉറക്കത്തിനുള്ള വട്ടമായി. എന്തുതന്നെ തെററൊ അബദ്ധമോ ചെയ്തിരുന്നാലും അവയെപ്പററി ഓർമ്മപ്പെട്ടു വ്യസനിപ്പിക്കയോ പശ്ചാത്തപിപ്പിക്കയോ ചെയ്യത്തക്ക മനസ്സാക്ഷി കാകനില്ലാത്തതിനാൽ, അതിസത്യവാനായ ധർമ്മിഷ്ഠനെപ്പോലെ യാതൊരു ആലസ്യലേശവും ഇല്ലാത്ത നിദ്രയാണ് അവൻ അനുഭവിക്കുന്നത്.

നേരം പുലരുന്നതു കണ്ടറിവാൻ കാകനു എത്രതന്നെ സാമർത്ഥ്യമുണ്ടായിരുന്നാലും മണിക്കൂറിൻെറ കണക്കു തനിക്കു നിശ്ചയമില്ലെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഒരു ഘടികാരയന്ത്രം കണ്ടുപിടിക്കത്തക്ക ശാസ്ത്രജ്ഞൻ കാകലോകത്തിൽ ഇതുവരെ ജനിച്ചിട്ടില്ല. സൂർയ്യഗ്രഹണമുള്ള കാലത്തു നേരം രാത്രിയായിപ്പോയെന്നു കാക്കകളൊക്കെ വിചാരിക്കവണ്ണമുള്ളതിനു ലക്ഷ്യമുണ്ട്. ഈഹ ഒരേടത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു:— 1898-ൽ പൂർണ്ണസൂർയ്യഗ്രഹണം ഉണ്ടായ കാലത്തു ഞാൻ വിജയദുർഗ്ഗത്തിൽ ആയിരുന്നു. അവിടെ ഉണ്ടായിരുന്ന കാക്കകളൊക്കെ ഗ്രഹണം ഉണ്ടായ ഉടനെ രാത്രിയായെന്നു അബദ്ധമായി വിശ്വസിച്ചു വഞ്ചിക്കപ്പെട്ടു കൂട്ടംകൂടി, അവ സാധാരണ ഉറങ്ങാൻ ചെന്നു ചേരുന്ന വൃക്ഷശാഖകളിൽ ചെന്നണഞ്ഞു. കൊക്കുകൾ ചിറകിനുള്ളിൽ തിരുകി ഉറങ്ങാൻ ഭാവിച്ചപ്പോഴേക്കും ഗ്രഹണം നീങ്ങി ദിനമണി പ്രകാശിച്ചു. ഉടനെ കൂട്ടംകൂടി ഞെട്ടി ഉണർന്ന് ആശ്ചർയ്യകോപാന്ധന്മാരായി 'കൈകകൈയ്യൊ' നിലവിളി തുടങ്ങി. തങ്ങളെ പററിക്കുവാൻ ആരോ ചെയ്ത കൂട്ടിയ വിദ്യയായിരുന്നു അതെന്നാണ് കാക്കകൾ തീർച്ചയായും വിചാരിച്ചത്'.

കാകൻ കാലത്തെ എഴുന്നേല്ക്കുമെങ്കിലും പ്രാതസ്സ്നാനം തനിക്കു അത്ര എളുപ്പമല്ല. കുളിക്കാൻ അധികം തണുത്ത ജലം തന്നെ വളരെ ഇഷ്ടമാണെന്നു തോന്നുന്നില്ല. എന്തെന്നാൽ മദ്ധ്യാഹ്നസ്നാനമാണ കാകനു പിടിച്ചതെന്നു തോന്നുന്നു. എന്തായാലും രാവിലെ ഏഴുമണി കഴിഞ്ഞല്ലാതെ ഒരു കാക്കയും കുളിക്കാറില്ല. മുങ്ങിക്കുളി വേണമെന്നു ശാഠ്യമുണ്ടെങ്കിലും വെള്ളത്തിൻെറ ശുദ്ധാശുദ്ധത

കളം അത്ര ഗണിക്കാറില്ല. ഗംഗാംബുവായാലും ചണ്ഡാലവാ
പിയായാലും ഈ ദ്വിജശ്രേഷ്ഠന്നു ഭേദമില്ല. പുഴയോ, കുളമോ,
ഓവോ കിണറോ, കൂപമോ, ഒന്നുമില്ലെങ്കിൽ മനുഷ്യൻ കുളിക്കാനോ
കുടിക്കാനോ പാത്രങ്ങളിൽ കോരിവെച്ച വെള്ളമായെങ്കിൽ അ
തോ, ഒക്കെ അവറ്റകൾക്കു നീരാട്ടുവാൻ സുഖമുള്ളതായി നല്ല
ന്നതാണ്. ഇങ്ങിനെ 'പുഴകിക്കുളിപ്പാനല്ലോ! തണ്ണീർ ജലവും കു
ളവും ചമക്കു' എന്നു പരിതപിച്ച കവിശ്രേഷ്ഠന്റെ ബുദ്ധിമുട്ടാ
നും ഈ കാരണത്തിനാലാണ് കാകന്നു പരദേശവാസവും സ്വദേശവാ
സവും ഒക്കെ ഒരുപോലെ സുഖപ്രദമാകുന്നത്. പക്ഷെ ഹിമാലയ
പൎവതത്തിന്റെ മുകളിലുള്ള 'അൽമൊറ' എന്ന ദിക്കിലെ ചില
പ്പോൾ കാക്കകൾപോലും മേൽപറഞ്ഞ കവിയുടെപ്പോലെ നിസ്സ
ഹായികളായതീരുന്നു. അൽമൊറയിൽ കാക്കകളെപ്പറ്റി മി
സ്റ്റർ ഡിവർ ചിലപ്പോൾ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. 'ഹിമാ
ലയത്തിൽ ചില കാലങ്ങളിൽ വെള്ളത്തിന്നു ഏകദേശം വിസ്കി
യോളം വിലയുണ്ട്. അൽമൊറയിൽ കുടിക്കാനുള്ള വെള്ളം തപ്പി
ലാക്കി എത്രയോ താഴത്തുനിന്നു കയററിക്കൊണ്ടുവരണം. ഇത്ര
വിലയേറിയ ഈ ജലത്തെ എന്റെ തോട്ടക്കാരൻ ഒരു തപ്പിലാക്കി
സൂക്ഷിക്കാറുണ്ട്. ഇതാണ് കാക്കകൾ അവിടെ കുളിക്കാൻ ഉപ
യോഗിക്കാറ്. കുളിക്കാൻ ആഗ്രഹിക്കത്തക്ക സൌകൎയ്യമുള്ള സ്ഥ
ലമല്ലെങ്കിലും മറെറാന്നും ഇല്ലാത്ത അവസ്ഥക്കു, തരക്കേടില്ലെന്നുത
ന്നെ പറയണം'. കാക്കകൾ കുളിക്കുന്നതു കാണാത്തവർ ഉണ്ടായി
രിക്കയില്ല. വെള്ളത്തിന്റെ അടുക്കെപ്പോയിനിന്നു, ഒന്നുനല്ലവണ്ണം
നാലുപാടും നോക്കി, തലയും കഴുത്തും അതിശീഘ്രമായി അതിൽ
മുക്കി ധൃതിയിൽ ഒന്നു പിടപ്പിക്കും. അതോടുകൂടി തന്നെ വാലും
അതിവേഗത്തിൽ വിറക്കുന്നുണ്ടായിരിക്കും. ചിറകു സാവധാന
ത്തിൽ അടിച്ചുകൊണ്ടിരിക്കും. ഇങ്ങിനെ വെള്ളം നാലുപാടും ഇ
ളകി തെറിച്ചു അതിന്റെ ശരീരത്തിലും ചിറകിലും മററംഗത്തും
നനയുന്നു. പിന്നെ കാക്ക സമീപത്തുള്ള വല്ല വൃക്ഷക്കൊമ്പിന്മേ
ലും പറന്നു ചെന്നിരുന്നു ഒന്നു കുടഞ്ഞു കൊക്കുകൊണ്ടു തൂവലുകൾ
അതിധൃതിയിൽ ചീകി ശരിയാക്കുന്നു. ഇങ്ങിനെ ചെയ്യുമ്പോൾ
എല്ലാ ഭാഗത്തും എത്തേണ്ടതിന്നു ശരീരം വളച്ചും പുളച്ചും കുളിക്കു
ന്ന കുളികാണുമ്പോൾ തടിയന്മാരായ മനുഷ്യർ കുളിക്കുമ്പോൾ പൃ

റം തേക്കാൻ ചെയ്‌വാനുള്ള യത്നവും അതുനിമിത്തം അനുഭവിക്കാവുള്ള ബുദ്ധിമുട്ടും ഓൎമ്മവരുന്നതാണ്. രണ്ടാമതും വെള്ളത്തിന്നടുക്കെ ചെന്ന് ആദ്യം ചെയ്ത കൎമ്മങ്ങളൊക്കെ ഭേദംകൂടാതെ ചെയ്യുന്നു. ഇങ്ങിനെ മൂന്നും ചിലപ്പോൾ നാലും പ്രാവശ്യം ചെയ്യാറുണ്ട്. ഒന്നുകൊണ്ടു തൃപ്തിപ്പെടുന്നവയും ഇല്ലെന്നല്ല. ഒടുക്കം അല്പം വെള്ളം കുടിക്കും. കുടിച്ചു കഴിഞ്ഞാൽ കുളി അവസാനിച്ചുവെന്നു നിൎണ്ണയിക്കാം.

മൈൽപ്പീലി ധരിച്ച കാകനെ പററി നാം വായിച്ചിട്ടുണ്ടല്ലോ. കാക്ക ഇങ്ങിനെ വസ്ത്രാഡംബരത്തിൽ വലിയ ഭ്രാന്തുള്ള ജാതിയാണ്. വലിയൊരു പത്രാസിയാണ്. അവനവൻ മാത്രമല്ല, തൻെറ സജാതിയരൊക്കെ യാതൊരു വികൃതവേഷമോ, സുഖഹീനതയോ, ഉള്ളവരായിരിക്കരുതെന്നാണ് സൎവ്വകാകൻെറയും വിചാരം. വല്ല കാക്കയും അല്പം ദീനമാണെന്നു കണ്ടാൽ ശേഷമുള്ളവയൊക്കെ കൂടി അതിനെ കൊത്തി കണക്കു വരുത്തിക്കളയും. വികൃതിക്കുട്ടികൾ പലപ്പോഴും കാക്കയെ പിടിച്ചു അവയെ പല വികൃതവേഷം അണിയിച്ചു വിടുകയാറുള്ളത് സാധാരണയാണല്ലോ. കുട്ടികൾ മാത്രമല്ല, വലിയവരും, അതുതന്നെ വികൃതികളെന്നു വേണ്ട, മാന്യന്മാരും ഈ വക വിദ്യയിൽ വല്ലരെ സശ്രദ്ധന്മാരായി പലപ്പോഴും കാണപ്പെടാറുണ്ട്. ഇങ്ങിനെ വികൃതവേഷത്തിൽ കാണപ്പെടുന്ന കാക്കയെ മററുള്ളവ കൊത്തി കൊല്ലുമത്രെ. മദിരാശിയിൽ വലിയ ഉദ്യോഗസ്ഥനായിരുന്ന ഒരു യൂറോപ്യൻ വലിയ വായസരസിയായിരുന്നുപോൽ. തരം കിട്ടുമ്പോളൊക്കെ കാക്കയെ പിടിച്ചു അതിൻെറ കഴുത്തിലെ തൂവലുകൾ പറിച്ചു ചായം തേച്ചു വിടുകയായിരുന്നു അദ്ദേഹത്തിൻെറ വിദ്യ. അങ്ങിനെയുള്ള കാക്കകളെ കാണുന്ന മാത്രത്തിൽ മററുള്ളവ ഒത്തു ചേൎന്നു കൊത്തി സംഹരിച്ചു കളയുംപോൽ. സൎവ്വത്തിലും ആൎക്കും ആഭാസനിലയിൽ കാണപ്പെടരുതെന്നുള്ള സദുദ്ദേശത്തോടുകൂടി കാക്കകൾ അനുസരിക്കുന്ന ഈ സമ്പ്രദായം അവയുടെ ശത്രുക്കൾക്കു അനുകൂലമായി പരിണമിക്കയാണ് ചെയ്യുന്നത്. കാകമാംസം ഭക്ഷിക്കുന്നവരുള്ള ചില വനവാസികൾ കാക്കകളുടെ ഈ സമ്പ്രദായത്തെ, അവയെ എളുപ്പത്തിൽ പിടിക്കാനുള്ള ഒരു സൂത്രമായി ഉപയോഗിക്കുന്നു. ഒരു കാക്കയെ പിടിച്ചു അ

തിന്റെ ചിറക വിടൎത്തി നിലത്തോടു ആണികൊണ്ടു തറപ്പിക്കും. അതു അവിടെ കിടന്നു പിടച്ചു നിലവിളിക്കുന്നതു മററു കാക്കകൾ കാണുമ്പോൾ അതിനെ കൊത്തിക്കൊല്ലുവാൻ ശ്രമിക്കും. തന്നെ എതിൎക്കുന്നവരുടെ കൂട്ടത്തിൽ ഒന്നിനെ ഈ കാക്കയും ബലമായി കൊത്തിപ്പിടിക്കുവാൻ നോക്കും. അങ്ങിനെ ചെയ്താൽ ഒളിവിലിരിക്കുന്ന മനുഷ്യൻ ഉടനെ ഓടിച്ചെന്നു അതിനേയും പിടിക്കും. അതിനെക്കൊണ്ടു അങ്ങിനെ തന്നെ മററൊന്നിനെ പിടിക്കും. ഇങ്ങിനെ അനേകം കാക്കകളെ പിടിച്ചു ആവശ്യമുള്ളവയെ താൻ ഭക്ഷിച്ചു ശേഷമുള്ളവയെ പിടിച്ചു ഹിന്തുക്കളിൽ പരിശുദ്ധ ഹൃദയന്മാരായ ചില ഭക്തന്മാരുടെ അടുക്കെ ചെന്നു അവരുടെ മുമ്പാകെ വെച്ചു അവയെ കൊല്ലുവാൻ ഭാവിക്കും. അവർ ഉടനെ ഓരോ കാക്കക്കു കാലണയോ, അരയണയോ കൊടുത്തു വാങ്ങി അവയെ വിട്ടയക്കും. സദുദ്ദേശത്തോടുകൂടി ഒരു ജീവി അനുസരിക്കുന്ന സമ്പ്രദായം തങ്ങൾക്കു നാശകരമായി തീരുകയും, ഒരാൾ മഹാപാതകമായി വിചാരിക്കുന്ന കൎമ്മം മററൊരാൾ ദ്രവ്യസമ്പാദ്യത്തിനു ഹേതുവായ വിദ്യയായി ഗണിക്കയും ചെയ്യുന്നതു നോക്കിൻ! എന്തൊരു ലോകം!! ആട്ടെ, നാം കാക്കയുടെ കാൎയ്യം പറയുക. കാക്കകൾ ജംതിപ്പബോധമുള്ളതു. സഭകളും കൂടാറുള്ള പ്രകാരം ചില പ്രകൃതിശാസ്ത്രജ്ഞന്മാർ പറയുന്നു. എന്തായാലും ഭാഷാസംബന്ധമായ കാൎയ്യങ്ങളെപ്പററി പ്രതിപാദിക്കാൻ അവ സഭ കൂടാറില്ലെന്നു ഞാൻ സത്യം ചെയ്തു പറയാം. ഭാഷക്കു സാൎവത്രികമായ ഐകരൂപ്യം വരുത്താനോ സൎവ്വസമ്മതമായ ഒരു വ്യാകരണമുണ്ടാക്കാനോ അവ ശ്രമിച്ചു തുടങ്ങീട്ടില്ല.

മനുഷ്യരെ അടുത്തു പെരുമാറാൻ ഇത്ര ധൈൎയ്യം കാണിക്കുന്ന ജീവി കാകനെപ്പോലെ മററൊന്നില്ല. മെരുങ്ങാൻ ഇത്ര പ്രയാസമുള്ള പക്ഷിയും കാകനെപ്പോലെ വേറെ ഇല്ല. മനുഷ്യനെ വളരെ ഭയമുള്ള അണ്ണാൻ മുതലായ ചില ജീവികൾ വളരെ എളുപ്പത്തിലും നല്ലവണ്ണവും മെരുങ്ങും. കാക്കയ്ക്കു വിടാതെ എത്ര ദിവസമെങ്കിലും ഭക്ഷണം കൊടുത്താലും അതു അടുത്തുവരാൻ മടിക്കും. മനുഷ്യരുടെ കയ്യിൽനിന്നു ഭയംകൂടാതെ ഭക്ഷണം കൊത്തിത്തിന്നു പോകത്തക്കവിധത്തിൽ ചിലർ കാക്കകളെ മെരുക്കീട്ടുണ്ടെന്നു കാണുന്നു. കൎണ്ണൽ കണ്ണിങ്ങാം എന്ന സായ്പു ഒരുകൂട്ടം കാക്കകൾക്കു

ദിവസേന ഭക്ഷണം കൊടുക്കാറുണ്ടായിരുന്നപ്പോൾ. അവയിൽ ഒന്നുരണ്ടെണ്ണമ അദ്ദേഹത്തിന്റെ കൈയ്യിൽനിന്നു കൊത്തിതിന്നാനായിട്ടും ധൈര്യപ്പെട്ട അടുത്തുചെല്ലുമെല്ലുവെള്ളു. ഇങ്ങിനെ പരീക്ഷാലക്ഷണം കാണിച്ചതിനാൽ ആ രണ്ടു കാക്കകൾക്കും മററുള്ളവയ്ക്കു കൊടുക്കുന്നതിൽനിന്നു കുറെ വിശേഷവിധിയായ ഭക്ഷണങ്ങളും അദ്ദേഹം കൊടുത്തു. മററുള്ളവയ്ക്കു അപ്പക്കഷണങ്ങളും കൊടുക്കുമ്പോൾ ഇവയ്ക്കു ബിസ്കറായിരുന്നുപോൽ കൊടുത്തിരുന്നത്. അപ്പക്കഷണങ്ങളും എറിഞ്ഞുകൊടുക്കുന്നതു കൈവശപ്പെടുത്താൻ മററുള്ളവ അന്യോന്യം ശഠിച്ചും കലഹിച്ചും യത്നിച്ചുകൊണ്ടിരിക്കെ ഈ രണ്ടു കാക്കകളും സായ്വിന്റെ എടത്തും വലത്തും നിന്നു നോക്കിക്കൊണ്ടിരിക്കും. സർവാണി സദ്യയൊക്കെ കഴിഞ്ഞാലാണ് തങ്ങളുടെ സദ്യയെന്നു അവയ്ക്കറിയാം. ചില ദിവസങ്ങളിൽ ബിസ്കറവ കാണിക്കാതെ ഒളിപ്പിച്ചുവെച്ചാൽ ആ രണ്ടു കാക്കകളും കുറെ പരിഭ്രമം കാണിക്കുമത്രെ. ആ നിലയിൽ ഒരു കഷണം അപ്പം കൈവശപ്പെടുത്തിയാലോ എന്നുകൂടി വിചാരിച്ചു പ്രവൃത്തിക്കാറുണ്ടുപോൽ. തലശ്ശേരിക്കടുക്കെ വയലളത്ത് എന്റെ ഒരു സ്നേഹിതൻ ഒരു കാക്കയെ പോററിയിരുന്നു. അദ്ദേഹം എവിടെക്കെങ്കിലും ഇറങ്ങിപ്പോകുമ്പോഴും കാക്കയുംകൂടെ പറന്നുപോകും. മുന്നിട്ടു പറന്നു ഒരു മരത്തിന്റെ കൊമ്പിന്മേൽ നില്ക്കും. അദ്ദേഹം കടന്നുപോയെന്നു കണ്ടാൽ പിന്നെയും പറന്നു മുമ്പിൽപോയി കാത്തുനില്ക്കും. താനുംകൂടെ ഒന്നിച്ചുണ്ടെന്നു ഓർമ്മപ്പെടുത്താനോ എന്തോ ചിലപ്പോഴും പറന്നുപോകുമ്പോഴും അദ്ദേഹത്തിന്റെ തലക്ക ചിറകുകൊണ്ടു മെല്ലെ ഒന്നു തട്ടും. ഈ കാക്കയെ പിന്നെ ആരോ വെടിവെച്ചുകളകയാണ് ചെയ്തത്.

കാക്കകളുടെ കരച്ചലിന്നു അർത്ഥമുണ്ട്. ഒരു പ്രത്യേക തരമായ കരച്ചിൽ 'വിരുന്നു കുറിക്കൽ' ആണത്രെ. അങ്ങിനെ കരഞ്ഞാൽ ആ വീട്ടിൽ ആരോ അന്നു വിരുന്നുണ്ടാകുമെന്നാണ് വിശ്വാസം. ഒരു കാക്ക തനിയെ ഇരുന്നു വീട്ടിന്നടുത്തുനിന്നു ഉറക്കെ ദീനസ്വരത്തിൽ കരയുന്നതു അനർത്ഥസൂചകമാണ്. ഇങ്ങിനെയുള്ള അർത്ഥങ്ങളെപററി ആലോചിക്കുമ്പോഴും കാകഭാഷക്കു ഒരു നിഘണ്ടു ഉടനെ ഉണ്ടാകുമെന്നു വിശ്വസിക്കാം. ഏതായാലും ഒരു വ്യാകരണം ഉണ്ടാകുന്നതാണെങ്കിൽ പാണിനിയെ അനുകരിക്കു

തന്നെ അപേക്ഷയുണ്ട്. കാക്ക പറക്കുന്നതിലും ചില ലക്ഷണങ്ങളുണ്ടല്ലൊ.

എത്രായിരം കാക്കകൾ ഇന്ത്യയിൽ ഉണ്ടെന്നു എങ്ങിനെ നിൎണ്ണയിക്കാം. യാതൊരു കാനിഷുമാരി കണക്കുകൊണ്ടും അതു അറിവാൻ കഴികയില്ല. വൈകുന്നേരം സൂൎയ്യാസ്തമന സമയം നമ്മുടെ വീട്ടിന്റെ മുറ്റത്തിരുന്നു മേല്പട്ടു നോക്കിയാൽ അനവധി കാക്കകൾ വേഗത്തിൽ പറന്നുപോകുന്നതു കാണാം. വിശ്രമസ്ഥലത്തേക്കു മടങ്ങിപ്പോകയാണ്. പ്രകൃതിശാസ്ത്രജ്ഞനും, ഒരു വക തപജ്ഞതാവാദിയും ആയ എന്റെ ഒരു സ്നേഹിതൻ പലപ്പോഴും ചില വൈകുന്നേരങ്ങളിൽ ഇങ്ങിനെ പോകുന്ന കാക്കകളെ എണ്ണുവാൻ ശ്രമിച്ചിട്ടുണ്ട്. ദിവസേന പതിനായിരത്തിൽ കുറയാതെ കാക്കകൾ തനിക്കു കാണത്തക്ക വിധം തന്റെ വീട്ടിന്മീതെ പറന്നുപോകുന്നുണ്ടെന്നാണ് അദ്ദേഹത്തിന്റെ കണക്ക്. കാക്കകൾ മനുഷ്യർ താമസിക്കുന്നതിന്നു വളരെ സമീപം താമസിക്കാനാണ് ആഗ്രഹിക്കുന്നത്. തലശ്ശേരിയും കോഴിക്കോട്ടും മറ്റും കടപ്പുറത്തിന്നു സമീപമാണ് കാക്കകൾ രാത്രിസമയം അധികം കൂടികാണുന്നത്. ശരീരശാസ്ത്രത്തിന്നനുസരിച്ചു കടൽക്കാറ്റ് ഏല്ക്കേണ്ടുന്ന ആഗ്രഹത്തിന്മേലൊ, അതൊ ഉദരപൂൎത്തിക്കു മത്സ്യം പിടിക്കാനുള്ള സാമീപ്യമാണ് ഫലകരമെന്നുവെച്ചൊ ഇങ്ങിനെ ചെയ്യുന്നതെന്ന് അറിയുന്നില്ല. പകൽ മുഴുവനും ഉത്സാഹിച്ചു പ്രവൃത്തിക്കുന്നതിന്നു കാകൻ അമാന്തിക്കാറില്ല. അതിന്റെ ചരിത്രകൎത്താവുംകൂടി അത്യന്തം ലജ്ജിക്കത്തക്ക ഉത്സാഹം അവക്കുണ്ട്. കാക്കകളിൽ ഒരാൾ തന്നെയാണ് ഈ ചരിത്രവും എഴുതുന്നതെങ്കിൽ രസികരഞ്ജിനി പത്രാധിപരെ രണ്ടും മൂന്നും മാസം ഒരുപോലെ ഭഗ്നാശയനാക്കുന്നതല്ലയായിരുന്നു.

ഇത്ര ഉത്സാഹിച്ചു പകൽ മുഴുവൻ യത്നിച്ചാലും വൈകുന്നേരമായി മടങ്ങി വിശ്രമസ്ഥലത്തെത്തിയാൽ യാതൊരു ക്ഷീണമൊ മടിയൊ കാണിക്കാറില്ല. രാത്രിയായിപ്പോയതുകൊണ്ടും ഉറങ്ങേണ്ടിവന്നുവല്ലൊ എന്നൊ അവക്കു വിചാരമുള്ളു എന്നു തോന്നുന്നു. മനുഷ്യനും മൃഗത്തിനും ഒരുപോലെ ഉപദ്രവകരമാകത്തക്കവിധം പുലരുന്നതിന്നു മുമ്പെ ഇവ എഴുന്നീല്ക്കയും ചെയ്യും.

മൂൎക്കോത്തു കുമാരൻ.

———

# മലയാള നാടകാഭിനയം



ലണ്ടൻ പട്ടണത്തിൽ ഏകദേശം നന്ധ്യാ നാടകശാലകൾ ഉണ്ടെന്നാണ് കേട്ടിട്ടുള്ളത്. അവിടെയുള്ള നാടകശാലകളിൽ നടക്കുന്ന അഭിനയരീതിയെക്കുറിച്ച് കണ്ടറിഞ്ഞിട്ടുള്ളവർ പറയുന്നതു കേട്ടാൽ, നാം അമ്പരന്നു പോകും. സമുദ്രങ്ങളും വനാന്തരങ്ങളും മുതലായവ സാക്ഷാൽ സമുദ്രങ്ങളും വനാന്തരങ്ങളും മുതലായവപോലെ, ഭയങ്കരനക്രതിമിംഗലസംക്ഷുബ്ധങ്ങളായും സിംഹവ്യാഘ്രമത്തഗജപ്രകമ്പിതങ്ങളായും മററും ആണ് പ്രദർശിപ്പിക്കപ്പെടുന്നത്. നായാട്ടു സമയത്തു, പത്തടി ചതുരം പോരുന്ന ഒരു തട്ടിന്നു പകരം, വിസ്താരം കൂടുന്ന വനപ്രദേശം; കുതിരകൾ പായുന്നതിനെ കാണിക്കുന്നതിന്നായി, വേഷക്കാരൻ കവച്ചുനിന്നുകൊണ്ടു വെറുതെ 'ഷോടർ' എന്നോ മററും പറയുന്നതിന്നു പകരം, സാക്ഷാൽ കുതിരകൾ പായത്തക്ക വിസ്താരം കൂടുന്ന കളം; എന്നിതുകളെ ഒക്കെ സ്വാഭാവികമായി അരംഗത്തു തോന്നിക്കുന്നതിന് ആവശ്യമായ എല്ലാവിധ ഉപകരണങ്ങളും ലണ്ടൻ നാടകക്കാരുടെ കൈവശമുണ്ട്. ഇങ്ങിനെ നാടകാഭിനയത്തിനു പരിപൂർണ്ണമായ പാകതയെ വരുത്തുന്നതിന് അവക്കു സാധിക്കുന്നതിൻെറ ഒരു കാരണം, അവർ ലണ്ടൻ പട്ടണനിവാസികളായതു തന്നെ. യന്ത്രപ്രയോഗം, വിദ്യുൽപ്രയോഗം, ഔഷധപ്രയോഗം എന്നിങ്ങിനെ നമ്മുടെ ശക്തിക്ക് അപ്പുറമായിരിക്കുന്ന അനേകവിഷയങ്ങളും പരിഷ്കൃതന്മാരായ അവക്കു സ്വാധീനങ്ങളത്രെ. ഈ വക പ്രയോഗങ്ങളെ ഒഴിച്ചു അഭിനയസാഫല്യത്തിന്നായി അവർ ചെയ്യുന്ന വേറൊരു വിദ്യയെ ഇവിടെ പ്രത്യേകം സ്മരിക്കേണ്ടതാണു. ലണ്ടനിലുള്ള അനേകം നാടകശാലകളിൽ ഒരോന്നിലും ഒരു നാടകം മാത്രമാണ് എല്ലാ രാത്രികളിലും അഭിനയിക്കപ്പെടുന്നത്. ഒരു പ്രത്യേക നാടകസംഘക്കാർ അഭ്യസിച്ചിട്ടുള്ള

ളുകാർ നാടകം മാത്രവു, അവരുടെ ശാലയിൽ മാത്രമേ അഭിനയിക്കപ്പെടുന്നത് ആ പ്രത്യേകനാടകം മാത്രവും ആയിരിക്കും. ഒരു പ്രത്യേക വർഷത്തിൽ, അഭിനയകാലം എല്ലാ മാത്രയിലും, എന്നല്ല, അടുത്ത വർഷത്തിലും ഒരേ നാടകംതന്നെ അഭിനയിക്കുന്ന നാടകശാലകൾ ലണ്ടനിൽ അനേകമാണ്. ഒരേ നാടകം കാണണമെന്നുള്ളവർ അന്യശാലകളിൽ പൊയ്ക്കൊള്ളാവുന്നതാകകൊണ്ടു കാണികൾക്കും, പുത്തൻപുത്തനായി ധാരാളം കാണികൾ വരത്തക്കവണ്ണം ലണ്ടനിൽ ജനബാഹുല്യം ഉള്ളതിനാൽ നാടകസഭക്കാൎക്കും ഇച്ഛാഭംഗത്തിന് ഇടയുണ്ടാകുന്നുമില്ല. ഇങ്ങിനെ ഓരോ നാടകസമാജക്കാരും ഒരു പ്രത്യേക നാടകത്തിലേക്കു മാത്രം ദൃഷ്ടി വെയ്ക്കുന്നതിനാൽ നാടകാഭ്യസനം രംഗവിധാനം ഉപകരണസാമഗ്ര്യം എന്നിതുകളെ കഴിയുന്നതും നന്നാക്കുന്നതിലേക്കു ആവശ്യമായ സമയവ്യയവും ധനവ്യയവും ചെയ്യുന്നതിനു നാടകസമാജങ്ങൾക്കു അധികം സൗകൎയ്യമുണ്ടാകുമെന്നുള്ളതു നിർവിവാദമാണല്ലോ. സംഭരിക്കപ്പെടുന്നുള്ള സാമാനങ്ങളും, അഭ്യസിക്കപ്പെടുന്ന വിദ്യയും ദീർഘകാലത്തേക്കു ഉപയോഗപ്പെടുമെന്നുള്ള ബോധം, പ്രവൎത്തകന്മാൎക്കു പ്രോത്സാഹകപ്രദമാണെന്നുള്ളതു പ്രത്യക്ഷംതന്നെ. ഓരോ രാത്രിതോറും ലണ്ടൻ സമാജങ്ങളുടെ അഭിനയങ്ങൾ നന്നാകുന്നതിനും അഭിനയ സാഫല്യാവഹങ്ങളായ ഉപകരണങ്ങൾ പരിഷ്കരിക്കപ്പെടുന്നതിനും ഇടയാകുന്നതിന്റെ ഒരു മുഖ്യകാരണം ഇതാണ്.

മലയാളനാടകാഭിനയത്തിന്റെ അവസ്ഥ എങ്ങിനെ ഇരിക്കുന്നു എന്നാലോചിക്കുക. ഒരു പ്രത്യേക നാടകത്തെ ഒരു പത്തു പ്രാവശ്യം അഭിനയിച്ചിട്ടുള്ള ഏതെങ്കിലും ഒരു നാടകക്കമ്പനി ഈ മലയാളരാജ്യത്ത് ഇന്നുണ്ടോയെന്നു ഞാൻ സംശയിക്കുന്നു. കൂടിയപക്ഷം രണ്ടോ നാലോ തവണ മാത്രം അഭിനയിക്കുവാനായി മാത്രമാണ്, ഓരോ സമാജക്കാരും ഓരോ നാടകം അഭ്യസിച്ചുപോരുന്നത്. കുറഞ്ഞകാലത്തേക്കുള്ള ഒരു കൃതാൎത്ഥതയ്ക്കായി ദീർഘകാലപരിശ്രമവും ഉപകരണങ്ങളെ സമ്പാദിക്കുന്നതിനു അധികം ധനവ്യയവും ആരും ചെയ്യുന്നില്ലെങ്കിൽ, അത് ഒരു വലിയ കുററമാണെന്നു തോന്നുന്നില്ല. ഈ കാരണം നിമിത്തം മൂന്നോ നാലോ ആഴ്ചവട്ടം അഭ്യസനം ചെയ്തശേഷം ഏതാനും കൃത്യാവു കക്ഷണങ്ങൾ

സംഭരിച്ചുകൊണ്ടു നാടകക്കമ്പനിക്കാർ അഭിനയം ആരംഭിക്കുകയും വഷളാക്കുകയും ചെയ്യുന്നിടയാകുന്നു. മലയാളരാജ്യത്തിൽ മലയാളനാടകം നടന്നുപോരുന്നതിൽ ഒരു പ്രധാന സ്ഥലമായി ഗണിക്കപ്പെടേണ്ട ഈ തിരുവനന്തപുരം പട്ടണത്തിൽ വിക്ടോറിയാജൂബിലിഹാളിൽ ഉണ്ടാകാറുള്ള മിക്ക അഭിനയങ്ങൾക്കുമേയും മനുഷ്യോപദ്രവകരങ്ങളായിരിക്കുന്നതിൽനിന്നു മലയാള നാടകാഭിനയത്തിന്റെ എതൽകാലാവസ്ഥയെക്കുറിച്ചു ഞാൻ പലപ്പോഴും പരിതപിച്ചിട്ടുണ്ട്. എന്താനും പ്രാവശ്യം മാത്രം അഭിനയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ അഭ്യസനം നടന്നുവരുന്ന കാലത്തോളം മലയാളനാടകാഭിനയത്തിന്റെ അവസ്ഥ വളരെ നന്നായി കാണ്മാൻ മാർഗ്ഗമുണ്ടാകുന്നതല്ല.

ഓരോ നാടകം നിത്യവും രാത്രി ഒരേ സ്ഥലത്തുതന്നെ അഭിനയിക്കപ്പെടുന്ന പക്ഷം കാണികൾ തുടരേ വന്നുകൊണ്ടിരിക്കത്തക്ക ലണ്ടൻ പട്ടണം മലയാളരാജ്യത്തില്ലെന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. പരിഷ്കാരം സ്ഥലഭേദത്തെ ഗണിച്ചുതന്നെ ചെയ്യപ്പെടേണ്ടതാണ്. ഒരു മലയാളനാടകസമാജത്തിന്റെ പ്രയോഗത്തെ തുടരെ വഹിപ്പാൻതക്ക ഒരു പട്ടണമെങ്കിലും നമുക്കു ഇല്ലാതിരിക്കുന്നതിനാൽ മലയാളനാടകസമാജങ്ങൾ, മലയാളരാജ്യത്തെ മുഴുവനും ലക്ഷ്യമാക്കി ആരംഭിക്കേണ്ടതാണ്. ഒരു രാത്രി നല്ലതായി അഭിനയം ഉണ്ടായി എന്നു കേട്ടാൽ അടുത്ത രാത്രി അധികം ആളുകൾ കാണികളായി വരാൻ ഇടയുള്ളതുകൊണ്ടും, ഒരേ നാടകത്തെത്തന്നെ പിന്നേയും പിന്നേയും കാണുന്നതിന്നു മലയാള പട്ടണങ്ങളിൽ ആളുണ്ടാവാൻ ഇടയില്ലാത്തതുകൊണ്ടും മലയാളനാടകസമാജങ്ങളുടെ അധീനത്തിൽ ഒന്നിലധികം നാടകങ്ങൾ ഉണ്ടായിരിക്കേണ്ടതും ആവശ്യമാണ്. ഇങ്ങിനെ മലയാളരാജ്യത്തിലുള്ള പ്രധാന പട്ടണങ്ങളിലൊക്കെ സഞ്ചരിക്കാൻ തെയ്യാറായി മൂന്നിൽ കുറയാതേയും അഞ്ചിൽ കൂടാതേയും നാടകങ്ങളെ അഭ്യസിച്ചു ഒരു നാടകസമാജം പുറപ്പെടുന്നതായാൽ മലയാളരാജ്യത്തിന്നു ഒരു ആവശ്യനിവൃത്തിയും നടന്മാൎക്കു ധനലാഭവും ഉണ്ടാകാൻ ഇടയുള്ളതാണ്. സാമാന്യം ഒരു നല്ല വിദ്വാന്റെ കീഴ് നടന്മാർ നാടകകഥാഗതിയെ ഗ്രഹിച്ചു യോഗ്യന്മാരുടെ സദസ്സിൽ അഭിനയിക്കത്തക്ക പാടവത്തോടുകൂടിയ ഒരു സമാജം ഉണ്ടാവണമെന്നാണ് ഞാൻ

ആഗ്രഹിക്കുന്നതു്. സ്വരച്ചേർച്ച്, വേഷച്ചേർച്ച്, മുതലായി ഇപ്പോൾ ഉള്ള നാടകസമാജങ്ങൾ സാധാരണ ഗണിക്കാറില്ലാത്ത അനേകം സംഗതികളെ ഗണിച്ചു നടന്മാർ തിരഞ്ഞെടുക്കപ്പെടണം എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. ഇങ്ങിനെ കഴിയുന്ന യോഗ്യതകൾ വരുത്തിക്കൊണ്ടു പുറപ്പെടുന്ന ഒരു മലയാളനാടകസമാജം, ചിരംജീവിയായിരിപ്പാൻ ഇടയുണ്ടെന്നുള്ളതിലേക്കു പല ലക്ഷ്യങ്ങളുമുണ്ടു്. അല്പപ്രാണങ്ങളായ സമാജക്രിമികളുടെ ഗോഷ്ഠിത്തരങ്ങളെ കാണുന്നതിന്നായി പണം കളയുന്ന മലയാളികൾ നാടകീയരസാനുഭോഗത്തിനു ശക്തന്മാരാണെന്നുള്ളതുതന്നെ ഒരു സൂചകമാണ്. മദ്രാസുമുതലായ പട്ടണങ്ങളിൽ വർഷംതോറും സഹൃദയഹൃദയാഹ്ലാദനവും പണാപഹരണവും ചെയ്യുന്ന യൂറോപ്യൻ നാടകകമ്പനിക്കാർ പാർസി നാടകകമ്പനിക്കാർ മുതലായവരെ ആകർഷിക്കത്തക്ക ജനപ്രാഭവം ധനപ്രാഭവം മുതലായവ മലയാളരാജ്യത്തിനില്ലാത്തതും, മലയാളനാടകസമാജത്തിന്റെ ദൃഷ്ടിയിൽ ഒരു അനുഗ്രഹമാണ്. മലയാളികളുടെ നാടകാസ്വാദനകാംക്ഷയെ അടിസ്ഥാനമാക്കി പണാപഹരണം ചെയ്തുപോരുന്ന തമിഴുനാടകകമ്പനിക്കാരെ തോല്പിക്കാൻ നമുക്കു കഴിയാത്തതല്ല. സംഗീതസാമർത്ഥ്യം ഉപകരണഭംഗി എന്നിതുകളെ പല തമിഴുകമ്പനിക്കാരും അനുകരണീയമായി ബഹുമാനിക്കാവുന്നതെങ്കിലും നാടകാഭിനയത്തിന്റെ ജീവനായ നാട്യവിദ്യ, അഭിനയം സ്വഭാവത്തിന്റെ പകർപ്പായിരിക്കണമെന്നുള്ള ബുദ്ധിയുടെ സർവ്വതോന്മുഖമായ പ്രദർശനം എന്നീ വിഷയങ്ങളിൽ അവർ പല മലയാളനാടകസമാജങ്ങളേക്കാൾ താഴെയാണ്. മലയാളരാജ്യത്തു അഭിനയിക്കപ്പെടാറുള്ള തമിഴുനാടകങ്ങൾ കഥയുടെ ബന്ധം, വികാസം, സ്വഭാവം, പരിണാമം എന്നീ വിഷയങ്ങളിൽ മലയാളനാടകങ്ങളെ ഒട്ടുംതന്നെ അതിശയിക്കുന്നില്ല. തമിഴന്മാർ മലയാളത്തു നടപ്പാക്കിയ 'സദാരമ' എന്ന നാടകം മലയാളികൾക്കു രുചിക്കത്തക്ക ഒരു നിലയിൽ ആവുന്നതിനു ആ കഥയെ ഉടച്ചു ശുദ്ധിചെയ്തു വീണ്ടും വാർത്തെടുക്കുന്നതിന്നു വിദ്വാനായ കെ. സി. കേശവപ്പിള്ള അവർകളുടെ ശ്രമം ആവശ്യമായിരുന്നു എന്നു യോഗ്യന്മാർ സമ്മതിച്ചിരിക്കുന്നതിൽനിന്നു മലയാളരാജ്യത്തു നടപ്പുള്ള തമിഴുനാടകങ്ങളുടെ പോരായ്മ ജനബോധം വന്നിട്ടുണ്ടെന്നു അനുമാനിക്കാമെന്നു തോന്നുന്നു.

ആയതിനാൽ ഒരു നല്ല മലയാളനാടകസമാജം ജീവിക്കുന്നതി
ക്കു സൌകര്യവും ആവശ്യവും മലയാള രാജ്യത്തുണ്ട്. മഹിമശ്രീ
കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ തർജ്ജമയാ
യ കേരളഭാഷാശാകുന്തളത്തിന്റെ കാലം മുതൽ, മലയാളികളുടെ
ഇടയിൽ വളന്ന നാട്യവിദ്യയിൽ സർവ്വജനസമ്മതമാകുംവണ്ണം സാ
മത്ഥ്യം പ്രകടിപ്പിച്ചവർ, മ. രാ. രാ. കൊല്ലം നാരായണപിള്ള അ
വർകളും മ. രാ. രാ. കോട്ടയം കൊച്ചിപ്പൻ തരകൻ അവർകളും ആ
ണെന്നുള്ളതിനെപ്പററി അഭിപ്രായഭേദമുണ്ടാവാൻ തരമില്ല. ഏകദേ
ശം ഒരു പതിനഞ്ചു വഷങ്ങൾക്കു മുമ്പു മിസ്റ്റർ നാരായണപിള്ള തിരു
വനന്തപുരം മുതൽ തലശ്ശേരി വരക്കും ഉള്ള മലയാളികളുടെ ഇടയിൽ
നൂതനമായി സൃഷ്ടിച്ച ഒരു രോമാഞ്ചവിശേഷം ഇന്നും പലരും സ്മരി
ക്കുന്നുണ്ടായിരിക്കും. നാടകാഭിനയം സ്വാഭാവികമായ ലോകഗതി
യുടെ ശരിപകപ്പായിരിക്കണമെന്നുള്ള നിബന്ധമായ നിഷ്കഷയോ
ടുകൂടെ രംഗപ്രവേശം ചെയ്ത മിസ്റ്റർ കൊച്ചിപ്പൻ തരകൻ അവർ
കളും മലയാളനാടക സമാജചരിത്രത്തിൽ സ്മരിക്കപ്പെടേണ്ട ഒരു
പുരുഷൻ തന്നെ. ഇവർ രണ്ടാളും യോജിച്ച് ഒരു മലയാളനാടകസ
മാജം ആരംഭിക്കുകയാണെങ്കിൽ, മലയാള നാടകാഭിനയം തമിഴരാ
ജ്യങ്ങളിലേക്കു കൂടെ പടരാൻ ഇടയുണ്ടാവാമെന്നു സംശയസ്ഥാന
ത്തും, മലയാളികൾക്ക് അതിരു കവിയുന്നതായ നാടകഭ്രാന്തും യോ
ഗ്യന്മാരായ ഈ നടന്മാക്കു ധനലാഭവും യശോലാഭവും രാജാക്കന്മാർ
പ്രഭുക്കന്മാർ ആദിയായവരിൽനിന്നു അനുമോദനങ്ങളും നിർഗ്ഗളമാ
യി ഉണ്ടാവുമെന്നു നിശ്ചയമായിട്ടും, അഭിപ്രായപ്പെടാം. ഈ ന
ടന്മാരുടെ ഉദ്യോഗഭേദം സ്ഥലഭേദം ജാതിഭേദം മുതലായതുകളാൽ
ഇവർ യോജിച്ചു ഒരു നാടകസമാജം രൂപപ്പെടുവാൻ ഇടയില്ലാത്ത
പക്ഷം, മലയാളികൾക്കു ഒരു ഭാഗ്യം നഷ്ടമായി എന്നു അടങ്ങി
കൊള്ളുകയല്ലാതെ നിവൃത്തിയില്ല. എന്നാൽ ഇവരിൽ ആരെങ്കി
മോ അഭിനയസാമർത്ഥ്യം ഉള്ള വേറെ വല്ലവരുമോ ഒരു നാടകസ
മാജം ആരംഭിക്കുമെന്നു പ്രതീക്ഷിക്കാം. തലശ്ശേരി, മംഗലപുരം,
കോഴിക്കോട്ടു, തൃശ്ശിവപേരൂർ, എറണാകുളം, കോട്ടയം, കൊല്ലം,
തിരുവനന്തപുരം മുതലായ മലയാളപട്ടണങ്ങളിൽ ആണ്ടുതോറും
വേനൽക്കാലം സംബന്ധിച്ചു പ്രസ്തുത നാടകസമാജം യാത്ര ചെ
യ്യണമെന്നാണ് എന്റെ ആഗ്രഹം. ഒരു മൂന്നോ നാലോ നാടക

ങ്ങളെ വേണ്ടവണ്ണം അഭ്യസിച്ച് അതിനു വേണ്ടുന്ന കോപ്പുകളും സംഭരിച്ച് വൎഷംതോറും സഞ്ചരിച്ചു ചെയ്യുന്ന ഈ സമാജത്തിൻെറ ആഗമനത്തെ പ്രാൎത്ഥിച്ച്, മദ്രാശിക്കാർ പാർസി നാടകക്കമ്പനിക്കാരെ നോക്കിപ്പാൎത്തുകൊണ്ടിരിക്കുന്നതുപോലെ, എല്ലാ മലയാളപട്ടണങ്ങളും സന്തോഷാകുലങ്ങളായിരിക്കുമെന്നു വിശ്വസിക്കാവുന്നതാണ്.

വി. എം. ചെറിയാൻ.

# മലയാംകൊല്ലം

## കന്നിമാസം

1

നക്ഷത്രമാലകളണിഞ്ഞമലാംബരംപൂ-ണ്ടക്ഷീണശോഭമരവിന്ദമുഖംവിടൎത്തി
നക്ഷത്രനാഥകിരണസ്മിതമാൎന്നനാനാ ലക്ഷ്മീവിലാസമൊടു'കന്യ'വരുന്നു കാന്തേ'

2

ശങ്കിച്ചിടാതെരവികന്യയൊടെത്തിടുന്ന പങ്കാതവങ്ങൾനിറയുന്നജലാശയത്തിൽ
കാഴ്ചകിന്നു നല്ലളകങ്ങളെസമാനമായ തെങ്കസ്സുവന്നകറവിന്നവസാനമില്ല.

3

അംഭോധിയാസകലവുംകളിയായ്ക്കുടിച്ച കുംഭോത്ഭവൻമുനിതപോനിധിവന്നുദിച്ചു
അംഭസ്സുതന്നുടയദോഷമശേഷവുംവി-ട്ടംഭോജലോചനനയനേ!വിലസുന്നുകാണ്ക.

4

കൂടീട്ടുണൎന്നളധികംനെല്ലിനീസ്സുവൎണ്ണതാ-യീട്ടുമനോജ്ഞകിരണൻെറകരങ്ങളിനെല്ലാം
വാടാതെലക്ഷ്മിജലജങ്ങളിൽവന്നുചേൎന്നു പാടെതെളിഞ്ഞുസലിലങ്ങൾസമസ്ത [ലോകേ

5

കാറെന്നചോരരൊട്ടുകനത്തുകിടന്നിരുന്ന ചോറങ്ങുനീങ്ങിമുഴുവൻഗഗനത്തിൽനിന്ന്
താരാപഥത്തിലഴകോടുചരിച്ചിടുന്ന താരേശപാദമതിനിൎമ്മലമായിടുന്നു.

6

എല്ലാടവുംമഴകൾകൊണ്ടുവളപ്പെടിച്ച ചൊല്ലാൎന്നൊരൌഷധികളൂക്കെയുമേറെവാ
കല്യാണി!കണ്ടുകഗവാന്നുടനോഷധീശ-നുല്ലാസമോടുവിലസുന്നുമഹാപ്രസാദൻ. [ച്ചു

7

ഓരായിരംകിരണമുള്ളരിവാകരൻെറഘോരാംശുക്കൊണ്ടുവനങ്ങൾതപിച്ചിടുന്നു
ധാരാളമംഗ്ലിമലശീതളതോയമുള്ള നീരാഴികൾക്കുസുഖദത്വഗുണംവളൎന്നു.

8

ഏററംതണുപ്പാറിമുള്ളൊരുവൃശ്ചികത്തെ പാറവുതൈഷാജവൃക്ഷങ്ങളിലിങ്ങവെള്ളം
മറവുള്ള മാസമഖിലംഖിലകലങ്ങും മുററുപ്രിയേ!ജലസുഖമ്മേയികന്നിതന്നിൽ

9 [ൻ
ചെമ്മപ്പുളകിതനാതിരായതിയാസ്ഥിതക്കളും വെമ്മതിനമ്മകൊതികൊണ്ടജലാശയത്തി
ലുള്ളിൽക്കടന്നഗഗനപ്രതിബിംബമെന്ന കള്ളംനടിച്ചമർവൃന്ദസരോജിനീസവ്യം

10
അന്നങ്ങളിപ്പൊഴുതിലംബുജഹാകരത്തിൽ മുന്നംവസന്നകവീന്ദ്രർകഥിച്ചവർണ്ണ്യ
ധാന്യം പ്രതിവില്ലവയിപ്പൊളുകളും അന്നതഅവെന്നഗതിയെഴിക്കുന്നകം

11 [ത്ത
ഞപ്പിത്തതീക്ഷ്ണഗുണമൊതതികചെമടന്നാരപ്പിഞ്ഞശാന്തിവശവാൻവരവൈപുല്യം
കൊല്ലാതനാല്പതല്യവല്പ്രയാഗമിപ്പെംതരഞെത്ത പരക്കെവിധിച്ചിടുന്നു. [ക

12
കാറ്റങ്ങനീങ്ങിമുഴവൻഗഗനത്തിൽനിന്നചെറങ്ങമില്ലവനിയിൽപൊടിയില്ലല്ലം
ചെരുന്നതില്ലഹിനം,വിമലസമസ്തം സാരന്നിനസ്ഥിൽമലമെന്നെഴൽചെല്പ്പതല്ല.

13
തിങ്ങുവെള്ളസിതമാണ്ഡലസന്നിയുഴിപ്പുണ്ണിൽനൽക്കവെറിയാംവനംജെയെല്ല
മുഞ്ഞാശതസഖിയതിൽകസ്തുരമണംചെയ്യ പൂക്കൾപ്രകാശമഴക്കൊള്ളുവക്കിടുന്നു.

14
തന്നത്ര്യമെന്നവലുതായണ്ണത്തിനാലെ മന്യതചമാന്മലവന്മഹംഗജങ്ങൾ
ന്നതുവിളമലതന്മുടിയിൽകരേറി മിന്നന്നഹസ്തിപകസങ്ങയമൊട്ടക്രുടി.

15 [ൻ്
സങ്കലതപമെന്നണ്ണമറിയസല്ലന്നത്താൽ ശൈലത്തരവന്നൊത്തമതർഗജപർഗ്ഗ
വല്ലെത്തുചെന്നുവലാൽമലതന്നിൽ വഗത്താലെല്ലുവതെടിച്ചു ഞ്ഞിവന്നനിത്യം

16
കാട്ടിൽകടന്നകളിയാടിനടപ്പതിന്നു നാട്ടനകരംക്ഷമിഹസതെ ഗിയന്നിടുന്നു
കെട്ടുന്നവച്ചുമരമൊടിഹന്നിൻനഷ്ടപ്പകള്ളമ്മവങ്കൽ ചമ്മഗജപാലകന്മാർ.

17
സല്ലലസ്തനപ്രിയഗിരിപ്രവരേഗിരീശ മെചിപ്രകാശിമഗളുന്നിടിവപൂമകക്കി
മെലലത്തിട്ടംഗിരികരംശ്രേഷ്ഠയങ്ങളായി ഖ്യാലസ്വഖംഗഗണന്നിനന്നഴകിടുന്നു.

18 [ള;
ചൊല്ലാന്നഴരസികര പകരസംവെളുത്താൻ കല്യാണഹാരമണിയും കളുർകൊങ്കയാ
കല്യാണികാഞ്ചുഗച്ചഹസ്യഖംകൊട്ടപ്പാൻ പുല്ലയിടുന്നമലചക്കയുമിപ്പൊളുറം

19
പാദജനങ്ങൾകലുന്നവിധത്തിൽമാന ത്തൊടൊത്തമിഥർ സന്നിധിയുംസമസ്തം
കാടായിടുന്നതിശൂന്യമൃഗങ്ങളൊത്തു കടക്ഷചെന്നിൃമിരിപ്പിടമായിടുന്നു

20 [ന
നാനാവിധയക്ഷാധികരംവെണ്ണെന്നമട്ടചെൻ ദിനംവെടിഞ്ഞുവവിനങ്ങരംവിളങ്ങിട്ട
ജ്ഞാനാചികിത്സകളിലുള്ളവരിമഞ്ഞാമനെ കുന്നവിനാചലമന്നകരംതിരിത്തിടുന്നു

21
ബിംബെത്തിചെററവുമറപ്പുജനത്തിനെകം തൃമധാരാഷ്ഠി|വമന്നരിനെവെല്ലപ്പുണ്ടം;
ബിംബെതന്നൊടൊത്തമദനാളിഗണത്തിനാലെനിയ്ക്കിച്ചിടുന്നചലലെഹ്യഷ്ടതാധിയോഗം

22
പ്പാണാളിവാതംമനത്തിനതിത്തിടുന്നു ചെണ്ണാന്നവെദ്യർമശ്ശലാദ്യുതാസവാരി
പ്പാണെശപരി|സ്ഥരശാരകാരമിളമാണന്നമുന്നചകിരുചെകഴന്നകാരന്ത

23

ഇത്തൃച്ചിൽ വയ്ക്കുടയവ്വ്യാളികൊണ്ടു പിത്തപ്രശാന്തികരത്തിനനേകതോശം
ചിത്തോത്സവാളികളന്നു തിതിക്ഷുമായ പിത്തവേളക്കുമയിലിക! ചമച്ചിടുന്നു

24

കന്നാലുമിവ്വ മയമായകഹം കെടാനായ്ക്കുമ്പണ്ടിനാരെവൈസ്സസാബ്ബമധ്യപ്രയാസം
ചൂതമിതൻറെനത്സുസമാമധ്യചന്ദ്രവഗ്ഗ്രം കൊണ്ടിവ്വ വിനശമമേകിയമേഘവേണി!

25

ലിനരെത്രയാക്കെയ്യമഞ്ഞുവാതിന്നകല്പ സ്ഥമാനോകതീതിയിലുന്നതമോഹരക്ഷധത്തെ
ഉന്നോചമന്നിയെളികകളിന്തിരിടുന്നു മാനാക്തുഴശതളിക്കപതരത്ത്യവരേത്തു

26

ഛട്ടാരതനല്ലവെയിലുണ്ടു,തന്നിലൊന്നം കിട്ടാതെയില്ലവനിയിൽ,സ്ഥലമസ്സമസ്തം
ചട്ടറിടുന്നസകലക്ഷോമാവനശ്ശിതൊട്ടുറ നന്നമെരനെക്ഷധിവല്ലിമാസം

27

ഇന്മന്നിലിപ്പൊഴ്തിലത്തലശേഷവും റിട്ടാമൊസേമയമായ്ഹിചസ്സന്നസ്വം
കാമാനകളുമധിലവിളവാന്തനിപ്പമോഹനം പുരിയപൂളെ രാശിയാളെ

28 [ളലം

വിശപത്തിലിങ്ങാധികണ്ടഴിക്കെസ്സമസ്തം വിശേഷാന്തരേക്കൃഷികൾകൊണ്ടുവിളത്തെ
ഗ്രാസപതന്തമിടരചന്ദ്രാന്ധധാന്യമശേഷം നിറ്റ്ക്ഷമിപ്പൊഴ്കുധാന്യമനേനാമ്പാൽ

29

മോടപ്രധാനബുദ്ധധാന്യങ്ങളെക്കൊണ്ടു പാടങ്ങളുഖ്ഖവി പന്ദുകൾതാഴ്ത്തിടുന്നു
മോടിപ്രധാനബുദ്ധധാന്യങ്ങളെക്കൊണ്ടു പാടസ്സുരാജശനകൾതൊന്നതൊഴ്ന്ന തനിപ്പി

30 [ങ്ങളും

ഏല്ലാടവുംവിലയോതൊത്തുവിളത്തുപലപ്പുപ്പ്രശസ്ത്രതിന്നുമവിനെല്പിന്നപാതെമെ
വല്ലാത്തനാട്ടതഴനിങ്ങുന്നലേശശ്ശുന്യനല്ലാധനാശകിമ്പൽങ്ങുന്നവിളത്തുതെ

31

അത്യന്തമാകിയങ്ങുന്നതിന്നമേശകാലതതപാതോരയവാരെള്ളുപ്പമോടറെവാങ്ങി
സത്തായനെല്ലറയിലിട്ടിഹകാത്തിടുന്നിതിത്തപ്പ്, ശൈശവസമാജ്ജിതസത്തവിശ്യ

32

മന്നോക്കുള്ളമൃലിതത്തിന്നപുഷ്ടിനൽക മന്നചേമത്സുമൊന്നനെൽവിളവോടുകൂടി
സൈന്യങ്ങളെത്തകറികൾക്കഹവണശിജ്ഞി ധാന്യങ്ങൾകരചിലന്ത്രിവിളത്തി

33 [ടുന്നു

പത്മപ്രിയൻമിഹിരനാറിൽ വിളങ്ങിടുന്നപത്മത്തിനേക്കെയഴകേറ്റേണത്തിടുന്നു
ഷത്മംവെടിഞ്ഞുവരനെവിളയാടിടുന്ന പത്മാക്ഷഗേഹശോഭസ്സുതപൂണപത്മം

34

കണ്ടാലുമേറമഴകാർണഹമതന്നിലുണ്ടാം മകന്തിനമൊഴന്നമഹാവിശേഷം [മരന്ദ
ത്തരർശൻവെചമണ്ണാല്ലാതസൽഗ്ഗുണങ്ങളെക്കൊണ്ടുള്ളകാമനബെപരന്തവളർത്തു

35

ചിങ്ങത്തിലുള്ളവലുതാകിയഘോഷമെല്ലാം മിരങ്ങാനെന്നിൽ തപ്പെണ്ടോരകന്നിതന്നിൽ
തങ്ങാതെകാണുപതിവണ്ണ,യിരപ്പണശ്രീമങ്ങും കപോലതലടപ്പനുഗ്രസ്ഥഭ്രമങ്ങ

36

കടാകങ്ങൾടെനല്ലകരങ്ങൾതന്റെ ചൂടിൻപ്രയാസമകിലൊക്കിവിടുത്തിടുന്ന
പാരടപ്പെൾവിസരസുകരൾക്കതിൻ കൂടേറിടുന്നജലമംവിടരപ്പെകരേ

37

വല്ലാതെയുള്ളോരവചിപ്പവുമങ്ങുമിങ്ങും ഇല്ലതപവുംതടവിട്ടെന്നാതമല്ലയശം
ഉല്ലാസമാക്കുളുവാസ്ഥന്മാരനേകം സല്ലീലയാടിമരുവുന്നിളമല്ലനേത്രേ

38

പെട്ടെന്നുകാന്തികളശേഷവുമേറവാച്ചും മുള്ളനല്ലടികൾകൊണ്ടുമയിപ്പവർക്ക്
കിട്ടുന്നമന്യതവരായടിപട്ടനേകം പട്ടാങ്ങുംപടയിൽവെന്നടിയുള്ളകാര്യ

39

അവക്കാവടക്കരുടെനൽക്കരശക്തികണ്ടാലൊക്കാമ്പിലക്കരസമിങ്ങുളുവാകയില്ല
ഇക്കാലമക്കനതിയാസ്ഥിലസൂനതെക്കൻ ഭിക്കാശ്രയിച്ചുമിഹനൽക്കരശക്തിയോടെ

40

ചിങ്ങത്തിലോണമരശാന്തമതംലഭിച്ചാ ണിങ്ങാചരിച്ചുപതിവങ്ങിനെയല്ലിതോണം
ശൃംഗാരസാരമൊഴുകന്നനിജാംഗചേഷ്ടാ മംഗ്യാസമസ്തവുമിളക്കിമയക്കരോടേ

41

ഉദ്ഗ്രാമപുഷ്പഹരിപക്ഷികൾ,മങ്കതന്നോടഗ്ര്യപമാന്ന്യണയാൻഹരിചേതമിപ്പോൾ
വ്യഗ്രതപമന്നിയെകൊടിച്ചിയെരോടൊത്തിട്ടുന്നുഗ്ര്യാഗ്ര്യസ്വജനശീലി ശശിലവക്ത്രേ

42

മംഗംവരാതെപരമ്പൂക്കകലന്നനാസ്സൂൾ ഗ്യാകൊടിച്ചികളോടൊന്നുനടന്നിടുന്നു
ശൃംഗാരമാരസമതിന്നനുകൂലമായിസ്സംഗീതമങ്ങുചിലനാസ്സൂൾമുളങ്ങിടുന്നു

43

മാരാർത്തിയാൽമതിമറന്നശനാദിയെല്ലാം തീരെത്യജിച്ചിഹകൊടിച്ചികളോടുകൂടി
ഓരോസ്ഥാനമിസ്സൂമൊഴന്നാസ്സൂളിതാസരംപി പാരംചടച്ചുതന്നെവെള്ളം കളിച്ചിടുന്നു

44

പുല്ലുതിന്നമലമായജലംകുടിച്ചു മെല്ലത്തടിച്ചുപശുസംഘമവൃഷ്ടമാരേ
കല്യാണമായലകകാപ്പവനിഷ്ഠയായ ചൊല്ലുന്നലക്ഷ്മിചൊടിയോടുവിളങ്ങിടുന്നു

45

ഏറതടിച്ചുഴകിനോടുളളമ്പിട്ടും പിൻക്രമത്തപശ്ശൂകടെസ്വന്തമതയാനം
മാറത്തുതിങ്ങിവളരന്നകചാക്കളുമും മാവള്ളമന്ദഗതിശാലിനികണ്ടുകൊൾക

46

ആരകപിഞ്ജാദിസകലക്കമശേഷധാന്യ ശാകാദികൾക്കമതിനാലുകൾതൻഗുണത്താൽ
ഏകുന്നപശ്ശൂകടെനല്ലോരവൃഷ്ടമാരേ ലോകത്തിനന്മരമായെങ്ങിനെകേവിടുന്നു

47

അത്രപിരജശകരകാമിസുമന്ദഹാസ മിത്രപോമാനമൊരപാർഷ്പ്രഥമൻപ്രഭാതേ
ക്ഷേത്രങ്ങളിൽചിഞ്ജർനടത്തിടുമോണ്ണുകൊട്ട സത്രങ്ങളിൽസ്സകലവുംബെതതിന്നിടുന്നു

48　　| കാണാം

ചൈത്രത്തിൽനൽക്കയിലിനങ്ങളുണ്ണങ്ങൾകണോം ക്രന്ദ്യചത്തിൽനടനായകനായ
മാളത്ത്രി,ലഞ്ജിയമരഹാതസവാരയല്ലസ്സാമോത്തിൽപട്ടതപൂടയാരടെവയു കണോം

49　　| ന്നു

താളസപ്രാരാഭിണ്ണനാമാത്തിട്ടമാണ്ണുകൊട്ടുൽ മെളത്തിനാഗ്ചില ശങ്കിടിചൊല്ലിട്ടു
ചാളിത്യമറിയുമംഗമൊരടാണ്ണുഗീതകേളീ ക്രിയാചതുരസ്യസപ്കണ്ണിയാളേ

50

വിസ്തരവുംസമയതാപവുമൊത്തിട്ടന്നോരാണ്ണൂട്ട സത്രമിളപങ്കജരാന്തിമൂലം
അത്യന്തമംഗിയെട്ടുകേളിഹചഞ്ചരാക്ഷി ഭൃത്യന്തമേശമൊട്ടചേൻവിളങ്ങിടുന്നു

51

നക്ഷത്രപാളികളുമൊരുവിമത്സ്യാതിലക്ഷ്മീ കരേറ്റന്തമല്ലുണ്ടെപിതൃയജ്ഞലം
അക്ഷയ്യമാമമിഹ'മാളയ'മായകൃഷ്ണ-പക്ഷേസമസ്തനരവംശ്യരണഞ്ഞിടുന്നു

52

'ഇല്ലം' ഇണഞ്ഞിനയിനിൻതരം; നിമൻവാക്യം'വെല്ലം''നില്ലം'വുംരസിതം; ചേം- [ചീന'നെല്ല്'
ചൊല്ലുന്നകേരളവിലാസിനികേട്ടിയക്കീല്ലാനിനസ്സ്ലിഹമാളയപക്ഷകം

53

സാരസപാതാഗ്ഗ്പരമകതജനത്തിനെല്ലാംചേത ഭാമററമണയും നവരാത്രിയങ്ങ
മാമൊവിനോദകലകൊണ്ടിഹകാലമൊക്കെന്നരോടുകാന്തതരമാകുമരാരശീമ

54

ഹിന്തുക്കളിൽചിലരഹോചിലതാചരിയ്ക്കും ചിന്തിക്കിലിങ്ങുശിവരാത്രിമുഖവ്രതങ്ങൾ
ചന്തംകലൎന്നനവരാത്രിവെടിഞ്ഞിടുന്ന ഹിന്തുക്കളില്ലയിസമസ്തമനോഹരാംഗി

55

ഗ്രന്ഥങ്ങളംബുജകരംവിപഞ്ചിയുടഞ്ഞിയുള്ള യന്ത്രങ്ങളായുധഗണങ്ങളിതൊക്കെയി- [പ്പോൾ
ചന്തത്തിൽവെച്ചുസകലോപരിതൻപദാബ്ജം ചിന്തിച്ചുലോകരിഹപൂജകഴിച്ചിടുന്നു

56

ഭ്രാജത്സുവേഷസുമശേഖപ്പൂപുസ്തകങ്ങൾ പൂജയ്ക്കുവെയ്ക്കുമൊരുസുന്ദരമന്ദിരത്തിൽ
രാജാപ്സരോയവിവിധോത്തമവസ്തുകൊണ്ടു രാജിക്കുമാറധികമോടിവരുത്തിടുന്നു

57

മോഹമൊടിക്കുമതിമോഹനമായവാണിമഹം സുവൎണ്ണമയമെന്നനിനച്ചുലോകർ
മാഹാത്മ്യമുള്ളകമലാസനപത്നിവാഴും ഗേഹാസ്വരൂർണ്ണമയമാക്കിയണഞ്ഞിടുന്നു

58

ചൊല്ലാൎന്നയോഗിവരർതൻസുമനോഗൃഹത്തിലല്ലാതെപത്മജ കദംബിനിപാൎക്കയി- [ല്ല
ല്ലെന്നിതോൎത്തുകവിമാതരുളുന്നഗേഹമെല്ലാം ജനങ്ങൾസുമനോമയമാക്കിടുന്നു

59

ഉൾക്കൊണ്ടിതട്ടുകളുമക്കമലാസനൻതൻ ചൊല്ലേറിടുംമണിയാകിയദേവിവാണി
പാൎക്കുന്നതിക്കുഞ്ജരിപമണിസാക്ഷ്യപമക്കുന്ന ഭക്തികലൎന്നജനങ്ങളിപ്പോൾ

60

സ്വൎണ്ണമയത്തിനതികമ്പുതമായമുള്ള നേരംകുളിച്ചപ്പുണ്ണ്യനാമങ്കയാളെ
സാരസപാതാളിമഹിതശ്രുതിമന്ത്രജാലം സാദരമായവർജപിച്ചുനമിച്ചിടുന്നു

61

കാലേമഹാഫലമേകിയവാണിതന്നെ ച്ചാലസ്വരൂപതയെന്ന നിനച്ചിരാവിൽ
മൂലത്തിലാഴ്ത്തിയുണ്ണമിങ്ങുവരുത്തിടുന്നു ചേലൊത്തശാസ്ത്രമറിയുന്നജനങ്ങളെല്ലാം.

62

തെറ്റന്നധാത്രയിതംപെപ്പൂജവിട്ടു മറ്റുള്ളതൊക്കെയൊരുപോലെയൊഴിച്ചിരാവിൽ
മുറ്റുംജനംമരുവുകെന്നമഹാവിശേഷം പറ്റുമോഹനവമിയാംതിഥിരികവന്നു.

63

ബ്രഹ്മപ്രിയതമാണയുന്നാരവെ വിയാക മാമ്മൂലമുത്തുപരമുംതളിരിൽമവിപ്പും
ബ്രഹ്മാത്തനല്ലവഴിയിൽതെളിവൊടുകാട്ടും സന്മാന്യശാസ്ത്രമരചെയ്തുജപിച്ചിടുന്നു.

---

64

ശ്രുത്യാദിനിഷ്ഠവിധി സൽപ്രണവം ചെപ്പടുന്നസന്താനദേവിയുടെ മാനസിമെരമെററാൻ
ശ്രുത്യാദിനിഷ്ഠവിധി തൊഴുന്നതെന്നു മപ്യാരമൊത്തു പറഞ്ഞു ജപിച്ചിടുന്നു.

65

ധാതുസപത്രപരന്നിന്നു പെട്ടെഴുമമമരം നിയമം ഭഗവതിയുള്ളതാർ കളപ്പാൻ
ധാതുസപത്ര പങ്കനിരോത്തമകല്പ്പ്യരാന്നു മൊളുന്നവരണിയുടെ ദുസ്ഥിതിനാലോക

66

എല്ലാപ്പുരാതനവുമിതിവടിയന്ത്രമിത്തു കെല്ലുന്നദേവതെതെ വല്ലഭയെ ജനങ്ങൾ
എല്ലാപ്പുരാതനവു പകുത്തു കളിച്ചു കൊട്ടി പ്പാല്ലുന്നന്നുകൂടെ ചൊല്ലുജപിച്ചിടുന്നു.

ക്കതൃപ്പു ഉണ്ണാന്തിരില കാട്ടക വ്യക്തനെ കമ്പനി സന്ന പതിയെ ജനങ്ങൾ
ഇതന്ത്ര്യം ഡി ഉണ്ണിചൊല്ലിക ലൊന്നെന്നും പത്താ ച്ചു സഹിതപ്രണമിച്ചിടുന്നു

ചെന്നൈസ്സിലു ള്ളോരുവേവകതന്മയ ഇഷ്യാദി സപത്രപിണ്ണിനസപതിയെ ജനങ്ങൾ
ജ്യോതിസപത്രപരമെന്നുമ പ്പസവിച്ചാതമുമുദ്ദവമൊ നമ്പത്യ

69

സാഹിത്യവിദ്യമാരുമാകലയാനമൊത്തു മാഹാത്മ്യമോട്ടവിലസുംവിധിപത്തിനെന്നെ
സാഹിത്യഗീതമഴകിൽപ്രകടിച്ചുകൊണ്ടു ബാല്ല്യമാടേനജനങ്ങളാംജപിച്ചിടുന്നു.

70

മുട്ടാതെതവ ദേവതാചലമതിലിങ്ങു ചെണ്ട കൊട്ടാതെതാന്നയിനിയങ്ങുകട്ടിച്ചു കൂട്ടാം
ചെട്ടന്നിരുന്നു മണ്ഡപങ്ങളിൽനിന്നു ചെണ്ട കൊട്ടുന്നവാണിയുടെസന്നിധിയിൽജനങ്ങ

71 [ൾ

ഏതുപ്രമോതമഗുണങ്ങളാംചെടുന്നസർവ്വ വിദ്യാകലാവിമലതത്രപിണിവാണിതന്നെ
വിദ്യാർത്ഥമാനുള്ള ജനങ്ങളാം സർവ്വ വിദ്യാകലാവലികളാംകൊണ്ടു ജപിച്ചിടുന്നു

72

മോഹാന്ധകാരമഹിമ കെടുന്നദേവി മാഹാത്മ്യമോടുമറിതസ്ഥ വമാലമേതി
ദേഹാദിയുള്ളോർ പാട്ടുകൊണ്ടു ജനങ്ങളോടേ നീഹാരപത്രപദനന്നനചെയ്തിടുന്നു

73

പരന്നത്രുസുംഭവാമാനന്ദവധത്തിനായി അരെണ്ടതിടുന്നമധുകൈടഭദൈത്യവൃന്ദം
കണ്ടതിൽ പൂണ്ടവിധിവാക്കിയവാഹനാദം കണ്ണുതപരമഠ കടികൊണ്ടുകടിയതൻ ചിന്തന

74

സ്വായംഭുവാസ്സമാർ കൊണ്ടധികപ്രസന്ന യത്രിസ്സ്വരോജനയനന്ന് ഗരഭേദമേകി
ന്യായാൽപരാങ്ങടുമുവിൽവിളങ്ങിയോരു മാദേമഹേശിമവിടുകമനസ്സിൽ

75

ചട്ടററകണ്ണു മലരാസനന്ദം വെട്ടി ബ്രാഹ്മണകമലാപതിവാഴുമപ്പോൾ
പൊട്ടുന്നവിഷ്ണുമയെഴുംമധുകൈടഭന്മാർകൊട്ടെററമോഹമതയേയിയദേവിപാഹി

76

ലോകേശനുള്ളമധുകൈടഭനോടു ബ്രഹ്മലോകത്തിനാൽമനസിവാച്ചമഹാമയത്തെ
ആകെക്കളഞ്ഞതിസുഖം സ്വയമീമന്ത്രം കേശുവിൻബുദ്ധിദേവി ദ്രവംപ്രസീദ

77

സർവ്വാപ്പുത്രഗിണിവാസവമാതരാളിസർവ്വം മനോജനമഹസ്സുമാംകൊണ്ടുമുന്നാം
അവ്യാജശോഭമുളവാംതിയമെകലന്ന ദിവ്യപ്രമാവവതിദേവിനമോനമസ്തേ

78

കെട്ടിപ്പെട്ടുന്നവിബുധാരികരംകാളുയായി വെട്ടീട്ടമരാധവിരൂക്ഷണജാലമെല്ലാം
ഉടച്ചുടമമ്പിനോടുവാങ്ങിവിരണ്ടിയോടെ സച്ചരിത്രപിണ്ഡിമഹേശപരിദേവി

79 [പാഹി

സാക്ഷാത്സരോരുവിലവാന്ധമുടൻനടുങ്ങും ത്രക്ഷാട്ടഹാസജനിതോഗ്രവണ്ണവാലെ
അക്ഷരഹിണിഗണമെഴുംമഹിഷന്റചിത്ത വിക്ഷോഭമേകിയമഹേശപരികാളുകേ

80 [ശം

മാന്യപെരുമമഹിഷാസുരനായകന്റെ സൈന്യത്തെയാസകലവും ചളിയാലെതന്നെ
ധന്യപരാക്രമതഗണസിംഹസമേതയായി ജന്യത്തിലമ്പിനോടുതകന്നമഹേശിപാ

81 [ഹി

പാഞ്ഞടിച്ചുമ്പടി തൃക്കാലൊടിടയത്തിപ്പൊട്ടി ട്ടുന്നമഹിഷന്റമഹാബലത്തെ
നേരെയൊട്ടധികനിഷ്ഠുരമാക്കിയോരു ശൈലോത്തിവിട്ടുണ്ടാരെിനദേവിപാഹി

82

ക്രൂരത്താൽ ശ്രുവഹിലകൊണ്ടുനട്ടുളളച്ചു ധൂമത്തിട്ടുന്നമഹിഷന്റനിണത്തിനാലെ
പാരിട്ടുമുഴകെകത്തിരണ്ടമാകിത്തി ദേത്വമദേവിയെചെയ്യു, വണങ്ങമെന്നിൽ

83

മാടത്തിട്ടുന്നമഹിഷാസുരമുഖത്തിൽ ചാടിക്കയറിയുടൻപൊടിയുംപ്രകാരം
കടാരകളിയെട്ടുശൈലികളന്നു മാടക്കളിച്ചു സകലേശരിദേവിപാഹി

84

തണ്ടാർമകൾമുഖവാരിജവീർപ്പും തിങ്ങുന്നദൈത്യപതിയെക്കലചെയ്തുമൂലം
മണ്ഡലമെത്തിയൊട്ടുനിർജ്ജരതാപസന്മാർ ശേഷ്യമണ്ണുതിപ്പൂകഴ്ന്നപ്പിയദേവിപാഹി

85

നേരായകീർത്തികലരുന്നസുരാരിതന്റെ ശ്രീപൂവാഴ്ചനകരംകൊണ്ടുതെളിഞ്ഞപാരം
പാരാതെവൾക്കധികമാമലമേകിയൊരു കാരുണ്യശാലിനിജഗജ്ജനനിപ്രസീദ

86

സ്വാരാജ്യപദ്മവനിപ്പത്തിവരുത്തുവാനാ യ്ജമലാന്തകാരികളതിസ്തുതിചെയ്തിട്ടമ്പോൾ
ലേശ്രമവപ്രണയിനിതന്നവിങ്കൽനിന്നു സരളതയായുളവനേശപരികാക്കകെന്നെ

87

ആടൽപ്പെട്ടവിബുധാരെന്നിവിൽകടം ക്ഷിപ്പിച്ചീടോത്തമമോദമേകിയയച്ചുശഷം
പാടിക്കലൊചലവരൊപരിപൊന്നുഴിഞ്ഞ ലാടിത്തെളിഞ്ഞുവിളയാടിയദേവിപാഹി

88

ശങ്കാവിഹീനമഥതൽഗ്രഹണത്തിനഗ്രഹ ങ്കാരിധൂമ്രനയനൻഗ്രതമെത്തുമപ്പോൾ
ഹുങ്കാരവഹ്നിയിലവൻതന്നെച്ചുട്ടെരിച്ചു പങ്കാപഹാരിണിശിവേകളകെന്റപാപം

89

ചണ്ഡതപൂണ്ടഹയൊത്തുവരുന്നചണ്ഡ മുണ്ഡാസുരേന്ദ്രരെമങ്ങനെകണ്ടുരോഷാ
ഖണ്ഡിച്ചുടമ്പെശിരതിരതെളിഞ്ഞുടൻ ചാമുണ്ഡാഖ്യനൽകിയമഹേശപരിത്രാ

90 [ൺതൊഴുന്നേൻ

മാത്രംഅരംതൊട്ടുപരിവാരമൊടത്തുചേർന്ന ദൈത്യേയരാജരക്തബീജമഹാബലത്തെ
ചാമുണ്ഡിയോടുസമരത്തിൽവധിച്ചുനാഥേ ചേതസ്സിൽമേലതരംവിളയാടുകമ്മേ

91

കനിച്ചുവീശുമൊട്ടനേകത്തിരക്തബീജ നെന്നുള്ളദൈത്യവരനേജവമോടുപായൽ
കൊന്നിട്ടുസംഭ്രമനശലോകിശക്ഷമുള്ളും നന്നായ്ക്കൂട്ടെത്തജഗദീശപരിനോക്കകെന്നെ

92 ൪൦

കർമ്മാഗിനായവമാളുമാപാടിച്ചുപിന്നസ്സുമൻസ്വമനിവർപേരിനണഞ്ഞനേ
സംക്രാന്തിപിട്ടവങ്ങൾപൂവന്നാശ്ശുട്ടത്തജം മാറിവന്ത്യമരണോത്സണോടലിവേദി

93

പോരിൽസുരാരിബലമാസംഖവെച്ചിച്ചനേരം സുരേന്ദ്രസഹനാദികളുമാമണ
പാരമ്പ്രിച്ചുപരമേശപോറിവിശപനാമധേയം പ്രസന്നമുഖിമേഹിമഹാസുഖമമേ

94

ഉല്ലാസമോടുനിജകേതിയിൽമുങ്ങിനില്പും ചൊല്ലാർന്ന വെമുനികരം മനോരഥത്തെ
എല്ലാമെകൊട്ടത്തഥതല്ലിഞ്ഞുമറഞ്ഞുപോയ കല്യാണിതാനഴകിൽനിൻകഴൽതൊഴുന്നേൻ

95

ജത്യാദിയാപ്പുവതരം പൂവമ്പാലരാതിയന്ത്യാദരത്തൊടിഹറിഞ്ഞുനനജ്ഞമെല്ലാം
സന്തായമേപിച്ചടെമാത്രപരം ജയക്രമം താദിമാത്രസുഖമോട്ടുലസിച്ചിടുന്നു

96

സമ്പൂർണ്ണരായ്ക്രമമോടിവിധാമാസതിമംഗലം വമ്പാറിട്ടുമെശമിയെന്നുരാന്നമേന്ന
മാളോരകാങ്കപലമതിനെഫ്ല വിപ്ലമെങ്ങും കൊണ്ടുതെളിഞ്ഞുനജനങ്ങളെല്ലാം

97

മജരവാമിന്ദുവിന്നാംസകലജ്ജവനാസബന്ധുവാംമോനവിന്നം
ഭ്രാജിച്ചിട്ടംകരത്തിൻഗ്ഗുണമഖിലമിതാ ഞ്ഞുനവൈശ്യാജഗത്തിൽ
രാജീവകണ്ണിക്കപാങ്ങുംതിമിഹറിമരജ്ജപങ്കമില്ലാതെമെങ്ങും
രാജത്സമ്പത്തൊടേവകെഴുകകളിൽ "കന്നിമാസസപമാവം".

രണ്ടാംസർഗ്ഗം കഴിഞ്ഞു.

# ഈഴവന്മാർ



ഹിന്ദുശാസ്ത്രപ്രകാരമുള്ള അവകാശക്രമംതന്നെയാണ് ഈഴവരുടെ ഇടയിലും നടന്നുവരുന്നത്. വടക്കെ മലയാളം, കൊച്ചിരാജ്യത്തിൻെറ തെക്കെഭാഗം മുതൽ കൊല്ലംവരെ ഈ ദിക്കുകളിൽ മരുമക്കത്തായവും കൊച്ചിരാജ്യത്തിൻെറ വടക്കെ ഭാഗത്തും കൊല്ലം മുതൽ തെക്കോട്ടും തെക്കെ മലയാളത്തിലും മക്കത്തായവും അവർ ആചരിച്ചുവരുന്നു. എന്നാൽ എല്ലാ സംഗതിയിലും ഹിന്ദുനിയമം അവർ പൂർത്തിയായി അനുഷ്ഠിക്കുന്നില്ല. മരിച്ച ഒരു ഈഴവൻെറ സ്വയാർജ്ജിതസ്വത്തു തറവാട്ടുസ്വത്തിൽ ലയിക്കുകയാണ് ചെയ്യുന്നത്. മരുമക്കത്തായം അനുസരിച്ചുപോരുന്ന വട

ക്കേ മലയാളത്തിലെ തിയ്യർ സാധാരണയായി ഒരു മലയാളതറവാട്ടു സമ്പ്രദായത്തിൽതന്നെ കഴിഞ്ഞുവരുന്നു. ഭർത്താക്കന്മാൎക്കു മരുമക്കത്തായക്കാരിൽ ഉണ്ടാവുന്ന സന്തതികൾക്കു പിതൃസ്വത്തിനും മാതൃകുഡുംബത്തിലെ സ്വത്തിനും തുല്യാവകാശമുണ്ടെന്നു ഹൈക്കോട്ടു വിധിയാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. മരിച്ചവന്റെ സ്വന്തം സമ്പാദ്യം ഉണ്ടെങ്കിൽ പകുതി ഭാൎയ്യക്കും മക്കൾക്കും പകുതി മരുമക്കൾക്കും അംശിച്ചുകൊടുക്കുന്ന സമ്പ്രദായവും ഉണ്ട്. എന്നാൽ തെക്കേ മലയാളത്തിൽ പ്രത്യേകിച്ചു കോഴിക്കോട്ടു ജില്ലയിൽ സോദരന്മാരില്ലാതെ വിധവകൾ യാതൊരവകാശവുമില്ലെന്നു വിധി ഉണ്ടായിരിക്കുന്നു. മരുമക്കത്തായ കുഡുംബത്തിൽനിന്നും ഭാഗം പിരിഞ്ഞുപോന്നതിന്നു ശേഷം മരിച്ചവന്റെ സ്വന്ത സമ്പാദ്യത്തിന്നു നേരായിട്ടുള്ള അവകാശി ഭാൎയ്യയും മക്കളുമാണ്. ഭാഗം കിട്ടുവാൻ ആൎക്കും അവകാശപ്പെട്ടുകൂട. ഭാഗകാൎയ്യത്തിൽ സ്ത്രീശാഖകൾ മുതൽ തിരിച്ചുവെക്കുക പതിവില്ല. അവൎക്കു ചിലവിന്നു കിട്ടുവാൻ മാത്രമേ അവകാശമുള്ളു. കല്യാണം കഴിച്ചുകൊടുത്ത സ്ത്രീക്ക് ജന്മകുഡുംബത്തിൽ സാധാരണയായി യാതൊരു അവകാശവും ഇല്ല. എന്നാൽ ഭാഗസമയത്തു കന്യകമാൎക്കു ചിലവിന്നും കല്യാണച്ചിലവിന്നും വകനീക്കുക പതിവുണ്ട്. കൂട്ടവകാശികൾ ആൺമക്കളില്ലാതെ മരിച്ചാൽ അയാളുടെ അവകാശം വിധവക്കാകട്ടെ പെൺമക്കൾക്കാകട്ടെ സിദ്ധിക്കുന്നതല്ല. തെക്കേ മലയാളത്തിലെ തിയ്യരുടെ ഇടയിൽ പ്രത്യേകഭാഗമില്ലെങ്കിൽ ഭാഗം കിട്ടുവാൻ നിൎബ്ബന്ധമായി അവകാശപ്പെടുവാൻ വരോധമില്ല. കൊച്ചി തിരുവിതാംകൂറിലെ ഈഴവരുടെ ഇടയിൽ താഴെ പറയുന്ന നിശ്ചയങ്ങൾ അനുസരിച്ചു ഭാഗം നടന്നുവരുന്നുണ്ട്.

1. കാരണവസ്വത്തു മരുമക്കൾക്കുതന്നെയാണ്. എന്നാൽ കൊല്ലം മുതൽ തിരുവനന്തപുരം വരെ കാരണവന്റെ സ്വന്ത സമ്പാദ്യത്തിൽനിന്ന് ഒരംശം ഭാൎയ്യക്കും മക്കൾക്കും കൊടുക്കുന്ന പതിവുണ്ട്.

2. തറവാട്ടു സ്വത്തുക്കളെ ഭാഗിക്കുന്നതിൽ സ്ത്രീധനമായി കിട്ടിയ സ്വത്തു കൂട്ടിച്ചേൎക്കുക പതിവില്ല.

8. ഒരു പുരുഷൻ ഭാൎയ്യയുമൊത്തു സമ്പാദിച്ചിരിക്കെ, ഭൎത്താവിന്നു പുത്രന്മാർ ഇല്ലാതെ പോയാൽ അയാളുടെ മരണാനന്തരം

ചെയ്യുന്ന ഭാഗത്തിൽ ന്യായമായ ഒരു ഭാഗത്തിന്നു ഭാര്യക്കു അവകാശമുണ്ട്.

4. ഭർത്താവിന്റെ പേരിലോ ഭാര്യയുടെ പേരിലോ രണ്ടു പേരുടെയും പേരിലോ സമ്പാദിച്ചിട്ടുള്ള സ്വത്തിൽ പകുതി പുത്രന്മാരില്ലെങ്കിലും വിധവക്ക് അവകാശമുണ്ട്.

5. സന്തതിയുള്ള ഒരു സ്ത്രീയെ ഭർത്താവു ഉപേക്ഷിക്കുന്നതായാൽ അവൾക്ക് അയാളുടെ സ്വന്തസമ്പാദ്യത്തിൽനിന്ന് ഒരു ഭാഗം കൊടുക്കണം.

6. അനുജന്മാരും സ്ത്രീകളും അവരുടെ മാതാപിതാക്കന്മാരോടുകൂടി താമസിക്കുമ്പോൾ സമ്പാദിക്കുന്ന സ്വത്ത് അവരുടെ സ്വന്തമായി നില്ക്കുന്നതല്ലാതെ തറവാട്ടു സ്വത്തിലോ മാതാപിതാക്കന്മാരുടെ സ്വത്തിലോ ചേർത്തു ഭാഗിക്കുക പതിവില്ല.

ജാതിവഴക്കുകൾ തീർപ്പാൻ വയസ്സന്മാരിൽ പ്രധാനികളുടെ മൂപ്പത്തൊന്നും അറുപത്തൊന്നുംകൂടിയ യോഗം പണ്ടുണ്ടായിരുന്നു. അവരുടെ തീർപ്പ് അപ്പീലില്ലാത്തതാണ്. ഈ ആവശ്യത്തിനായി പല ദിക്കിൽനിന്നും ഈഴവർ പാലക്കാട്ടു തേങ്കുറിശ്ശിയിൽ പൊന്തലിൽ എളിയപ്പന്റെ കീഴിൽ യോഗം കൂടുക പതിവുണ്ടായിരുന്നു. കാലക്രമേണ അതാതു ദേശക്കാരിൽ പ്രധാനികളെ ഈ ആവശ്യത്തിന്നു നിയമിക്കുക പതിവായി. അവർ ആവശ്യം വന്നാൽ മററുള്ളവരെയും ക്ഷണിച്ചുവരുത്തി സഭകൂടി വേണ്ട കാര്യങ്ങൾ തീർച്ചപ്പെടുത്തും. ഈ രാജ്യത്തിലെ ചില ദിക്കിൽ തണ്ടാന്മാരും തിരുവിതാംകൂറിൽ പണിക്കന്മാരും തെക്കെ മലയാളത്തിൽ തറക്കാരണവന്മാരും ആണു ഈ പ്രവൃത്തി ഇപ്പോൾ നടത്തിവരുന്നത്. കുററക്കാർക്കു പിഴയും ജാതിഭ്രഷ്ടും ശിക്ഷ കല്പിക്കാറുണ്ട്. കുററം ആരോപിക്കപ്പെട്ടവർ നിഷ്കളങ്കന്മാരാണെന്നു സംശയം തോന്നിയാൽ അവരെക്കൊണ്ടു പുണ്യക്ഷേത്രത്തിൽ ഈശ്വരന്റെ മുമ്പിൽ വെച്ചു സത്യം ചൊല്ലിച്ചുവിടുകയും പതിവുണ്ട്. എന്നാൽ ഈ നടവടിക്കു പ്രചാരം കുറഞ്ഞു വന്നു തുടങ്ങി.

ഈഴവർ ശൈവമതവും വൈഷ്ണവമതവും ഉപാസിക്കുന്നവരും ചുരുക്കം ചിലർ ശക്തി പൂജക്കാരും ആകുന്നു. മലയാളത്തെപ്പോലെ ഇന്ത്യയുടെ മററു ഭാഗങ്ങളിലും ഭദ്രകാളിയെ അവരുടെ പരദേവതയായി ആരാധിച്ചു വരുന്നുണ്ട്. ദേവതാബാധകളിൽനിന്നു മനുഷ

ഒരു രക്ഷപ്പെടുത്തുവാൻ വേണ്ടി പരശുരാമൻ ഒരുനൂററി എട്ടു ക്ഷേത്രങ്ങളിൽ ദുർഗ്ഗാഭഗവതിയെ പ്രതിഷ്ഠിച്ചു എന്നു പറയപ്പെടുന്നു. കൊടുങ്ങല്ലൂര്, കൊച്ചി, പഴയന്നൂര്, ചോററാനിക്കര ഈ മുഖ്യക്ഷേത്രങ്ങളും വളരെ പുരാതനമായിട്ടുള്ളതാണ്. ദേവതകളുടെ രഞ്ജിനി എന്നർത്ഥമുള്ള 'അമ്മേലരശക്തി' എന്നും ഭഗവതിക്കു പേരു പറയപ്പെടുന്നു. കൊടുങ്ങല്ലൂർ ഭരണി അവക്കു വളരെ പ്രധാനമാണ്.

വളരെ പുരാതനകാലം മുതൽക്കുതന്നെ ഇന്ത്യയിലെ ദ്രാവിഡന്മാർ ഭൂമീദേവിയെ അവരുടെ പരദേവതയായി പൂജിച്ചുവന്നിട്ടുള്ളവരായി കാണുന്നു. കാലക്രമേണ ഈ ആരാധന ആര്യന്മാരാലും സ്വീകരിക്കപ്പെട്ടു. ദ്രാവിഡന്മാരുടെ ഗ്രാമദേവതകൾ ആര്യന്മാരുടെ ക്ഷേത്രദേവതകളായിത്തീരുകയും ചെയ്തു. ഈ ആരാധനയെപററി പുരാണങ്ങൾ ഘോഷിക്കുന്നുണ്ട്. തന്ത്രങ്ങളിൽ പൂജാക്രമങ്ങളും വിധിച്ചിരിക്കുന്നു. ആഗ്രഹസിദ്ധിക്കുതകുന്ന ദിവ്യശക്തി ഉണ്ടാകണമെന്നുദ്ദേശിച്ചാണ് സർവ്വസമുത്പന്നിയായ ശക്തിയെ അവർ ഭജിക്കുന്നത്. ശക്തിയുടെ ആഗമവും മററും ദേവീഭാഗവതത്തിൽ വർണ്ണിച്ചിട്ടുണ്ട്. ശാന്തസ്വഭാവത്തിൽ ഉമ, ഗൌരി, പാർവ്വതി എന്നും, രൌദ്രസ്വഭാവത്തിൽ കാളി, ദുർഗ്ഗ, ചണ്ഡി ചാമുണ്ഡി എന്നും, ശക്തിക്കു പേരുകൾ പറയപ്പെടുന്നു. മഹാഭാരതം ഹരിവംശം മുതലായ കവനങ്ങളിൽ ശക്തിയെ സ്തുതിക്കുന്ന വാക്യങ്ങൾ ധാരാളം കാണുന്നുമുണ്ട്. ശൈവമതക്കാരിലും വൈഷ്ണവമതക്കാരിലും ശക്തിപൂജകരുണ്ട്. പൂജാക്രമം ഗുരുമുഖത്തിൽനിന്നു പഠിച്ചിരിക്കണം. നവഗ്രഹങ്ങൾ പ്രതികൂലിച്ചിരിക്കുമ്പോൾ പൂജ ചെയ്യരുത്. ശുദ്ധസ്ഥലത്തുവെച്ചു തന്ത്രിയുടെ ഉപദേശപ്രകാരമാണ പൂജ ചെയ്യേണ്ടത്. മന്ത്രം ചൊല്ലുന്നതു ശുദ്ധിയോടുകൂടി വേണം. സ്ത്രീപുരുഷന്മാർ ഭക്തിയോടുകൂടി അവിടെ കൂടും. പുരുഷപ്രമാണികൾക്കു 'ഭൈരവന്മാർ' എന്നും സ്ത്രീകൾക്കു നായികമാരെന്നും പേരു പറയപ്പെടുന്നു. 'ശ്രീചക്രം' എന്നു പേരായ ഒരു വൃത്തത്തിന്മേലാണ ശക്തിയെ പ്രതിഷ്ഠിച്ചു പൂജിക്കുക. 'ശ്രീചക്രം' ചിലപ്പോൾ ചെമ്പുതകിടിന്മേൽ കൊത്തിച്ചും കാണും (ചിത്രം ...). അഷ്ടദിക്പാലകന്മാരെ വന്ദിച്ചു മാൻതോലോ പുലിത്തോലോ തോലിൽ ഇരുന്നാണ് പൂജിക്കുക. ചില ദിക്കുകളിൽ ബ്രാഹ്മണരും ശൂദ്രരും ശക്തിപൂജ കഴിച്ചു വരുന്നുണ്ട്. ഈ അവസര

ത്തിൽ മദ്യം സേവിക്കുന്നതു മുഖ്യമാണ്. മദ്യം സേവിച്ചാൽ സകല പാപങ്ങളും നീങ്ങി പരമാത്മജ്ഞാനം ഉണ്ടാവുമെന്നാണ് അവരുടെ വിശ്വാസം.

ഈഴവർ ശവസംസ്കാരാദികളിലും ആചാരനിഷ്ഠയുള്ളവരാണ്. ദരിദ്രന്മാർ ശവം കുഴിച്ചിടുകയും സമ്പന്നന്മാർ ദഹിപ്പിക്കുകയും ചെയ്യുന്നു. ശവത്തെ കുളിപ്പിച്ചു ശുചിയായ വസ്ത്രം ധരിപ്പിച്ചു ഭസ്മവും ചന്ദനവും പൂശുക പതിവാണ്. വായിൽ അരിയും നാളികേരവും ഇടച്ചിടും. ഉദകക്രിയ ചെയ്യുന്നതു പുത്രനോ മരുമകനോ ആയിരിക്കും. സഞ്ചയനം അഞ്ചാംദിവസമാണ് കഴിക്കുന്നത്. സാധാരണയായി പതിനഞ്ചു ദിവസം അവർ പുലകൊള്ളും. പത്തു പതിനൊന്നു ദിവസം മാത്രം പുലകൊള്ളുന്നവരും ഉണ്ട്. എണ്ണങ്ങനാണ് തളിക്കുന്നത്. പതിനാറാം ദിവസം ഷോഡശകർമ്മം കഴിക്കുന്നു. അതിനുശേഷം പിണ്ഡവും അസ്ഥിയുംകൂടി എടുത്ത് ഒരു ലോഹപാത്രത്തിലാക്കി ആ പാത്രം പട്ടുകൊണ്ടു പൊതിഞ്ഞു പുഴയിലോ മറ്റു പുണ്യതീർത്ഥത്തിലോ കൊണ്ടുപോയി ഇടുന്നു. അസ്ഥിയെ സ്ഥാപിക്കുവാൻ പോകുന്നതു ചിലപ്പോൾ വാദ്യഘോഷങ്ങളോടുകൂടി ആയിരിക്കും. നല്ലതൊന്നോ ദീക്ഷയോ പതിവുണ്ട്. ശ്രാദ്ധപൂജ ഊട്ടു. നിവൃത്തിയുള്ളവർ കാശിരാമേശ്വരം മുതലായ പുണ്യസ്ഥലങ്ങളിൽ ചെന്നു പിണ്ഡംവെക്കും.

പ്രേതബാധ ഉണ്ടെന്നു കണ്ടാൽ വെള്ളികൊണ്ടു പ്രേതപ്രതിമ ഉണ്ടാക്കി ബ്രാഹ്മണരെക്കൊണ്ടു തിലഹോമാദികൾ കഴിപ്പിച്ചുവരാറുണ്ട്. അതിനായി ക്ഷേത്രകാര്യദർശികൾ പകൽ വക നില്ക്കുക പതിവാണ്. ക്രൂരമൃത്യു സംഭവിച്ചാൽ മന്ത്രകർമ്മങ്ങളെക്കൊണ്ട് ആത്മശുദ്ധി വരുത്തിയതിനു ശേഷമേ ശവം എടുക്കുക പതിവുള്ളു. കന്യകമാരുടെ ശ്മശാനസ്ഥലത്തു പാലവൃക്ഷം നട്ടു ദിവസേന വിളക്കു കൊളുത്തിവെച്ചു അതു ഒരു ദൈവാലയം പോലെ അവർ വന്ദിച്ചുവരാറുണ്ട്. പ്രസവത്തിലും മസൂരിദീനത്തിലും മരിച്ചവർ പിശാചുക്കളായി ഭവിക്കുമെന്ന് അവർ സാധാരണയായി വിശ്വസിച്ചുവരുന്നു. ആ വക ശവങ്ങളെ ദൂരസ്ഥലത്തോ കാടുകളിലോ ആണ് അവർ മറവു ചെയ്യുന്നത്. പ്രേതങ്ങൾ മനുഷ്യരെ ബാധിക്കാതിരിപ്പാൻ മന്ത്രകർമ്മങ്ങൾ കഴിപ്പിക്കാറും ഉണ്ട്. ഈഴവരുടെ പുരോഹിതന്മാർ ഈഴവാത്തികളാണ്.

# മരുമക്കത്തായം

മരുമക്കത്തായക്കാരുടെ കുഡുംബസ്വത്തുക്കൾ വ്യയം ചെയ്യുന്നതിങ്കലുള്ള ക്ലിപ്തം എത്രത്തോളമാകുന്നു എന്നുള്ള ആറാമത്തെ ചോദ്യത്തിന്നുള്ള സമാധാനം ഇടക്കി ആലോചിക്കാം. സ്വത്തുക്കൾ വ്യയം ചെയ്യുന്നതിങ്കലുള്ള ക്ലിപ്തം ഇത്രമാത്രമെയുള്ളു. തറവാട്ടാവശ്യത്തിങ്കൽ സകല മുതലും വ്യയം ചെയ്യാം. ആ ആവശ്യത്തിങ്കലല്ലാതെ ഒട്ടുംതന്നെ വ്യയം ചെയ്യുകയും വയ്യ.

7. **സന്തതിക്ഷയത്തിങ്കൽ ദത്ത് എടുക്കൽ**— മാതൃപാരമ്പര്യക്കാർക്കു സന്താനപ്രാപ്തി സ്ത്രീ വഴിക്കാകകൊണ്ട് അവർ ദത്തെടുക്കേണ്ടതു സ്ത്രീയെ ആകുന്നു. അവകളിലുണ്ടാവുന്ന സന്താനങ്ങൾ പ്രാപ്തിയാകും മുമ്പെതന്നെ തറവാട്ടിന്റെ രക്ഷയും ശേഷക്രിയാദികർമ്മങ്ങളും പുരുഷൻ ആവശ്യമാകുന്ന അവസ്ഥയിൽ സ്ത്രീയോടുകൂടി പുരുഷനെയും എടുക്കാം. ദത്തെടുക്കേണ്ടതു വംശ്യന്മാരിൽനിന്നും തന്നെയാകുന്നു. എങ്കിലും അവരിൽ ഇന്നവളെ അല്ലെങ്കിൽ ഇന്നവനെ വേണമെന്നു അവരാൽ നഷ്കർഷിക്കത്തക്കതല്ല. വംശ്യന്മാരാരും ഇല്ലെങ്കിൽ സമജാതിയിൽനിന്നു എടുക്കാം. ബ്രാഹ്മണരുടെ ദത്തുമന്ത്രങ്ങളോടുംകൂടിയുള്ള ഹോമാദികൾ അപ്രസക്തമാകുന്നു. മററുള്ളവർ ബന്ധുജനങ്ങളും തങ്ങടെ ദേശവാസികളും ദേശപ്രമാണികളും സമ്മതിച്ചു ദത്ത അല്ലെങ്കിൽ ദത്തനെ സ്വഗൃഹത്തിൽ കൊണ്ടുവന്നു പാൽ കൊടുക്കുന്നു. ദത്തിന്നു ഒരു പത്രിക കൂടിയുണ്ടാകുന്ന നടപ്പു ഇയ്യിടയിൽ എല്ലാവരും ആരംഭിച്ചിരിക്കുന്നു. മുമ്പു ഹീനജാതിക്കാർക്കു മാത്രമെ ആ നടപ്പുണ്ടായിരുന്നുള്ളു. ചാക്യാരന്മാരും ചാക്യാര നമ്പ്യാന്മാരും സന്തതിക്ഷയം വരാതെതന്നെ ദത്തു സ്വീകാരം ചെയ്യു. സാക്ഷാലുള്ള അവകാശികളുടെ കൂട്ടത്തിൽ ചേക്കുന്ന അത് എങ്ങിനെയെന്നാൽ ഒരു ബ്രാഹ്മണസ്ത്രീയെ അന്യബ്രാഹ്മണൻ വ്യഭിചരിച്ചപ്രകാരം തെളിഞ്ഞിട്ട് അവളെ പുറത്താക്കുന്നവാറാം ആ വ്യഭിചാരദോഷം ആരംഭിച്ചപ്രകാരം തെളിവു കാ

ണാന്ന കാലങ്ങളിൽ ആ സ്ത്രീയിൽ ജനിച്ച സന്താനങ്ങളേയും പുത്രാക്കുന്നു. സന്താനങ്ങൾക്കു മാതാവോളം ഹീനതയില്ല. അവരെ മേൽപറഞ്ഞവർ ദത്തായി സ്വീകരിക്കുന്നു. ഇവരുടെ സ്വാതേയുള്ള പ്രവൃത്തി ക്ഷേത്രത്തിൽവെച്ചു പുരാണകഥകൾ പ്രസംഗിക്കുന്നതായി കൂത്ത് എന്ന അടിയന്തരം കഴിക്കുകയാകുന്നു.

8. കാരണവൻ എന്നതിന്റെ അസ്സൽ കാരണൻ എന്നാകുന്നു. ആ പദം മറെറാരു പദത്തോടു കൂടാതെ മനുഷ്യപരമായ അർത്ഥത്തെ ജനിപ്പിക്കയുമില്ല. കാരണൻ എന്നതിന്റെ അർത്ഥം ഉല്പാദിതാവ് എന്നുതന്നെ. പിതൃപരമായ ഈ പദം മലയാളത്തിൽ മാതുലാദി പ്രായാധികപുരുഷപരമായിട്ടാണ് പ്രയോഗിക്കുന്നത്. അവരുടെ വഴിക്ക് അനന്തിരവകാശം ലഭിക്കുന്നതുമാകുന്നു. കാരണൻ എന്ന വാക്കിന്റെ അർത്ഥം മേൽപ്രകാരമായതുകൊണ്ടുതന്നെ ആ സ്ഥാനാരോഹണത്തിനുള്ള സ്വാതന്ത്ര്യം പ്രായാധിക്യത്തിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. മൂന്നാം ചോദ്യോത്തരത്തിൽ പ്രസ്താവിച്ച പ്രമാണത്തിന്റെ താല്പര്യവും ആചാരവും അങ്ങിനെതന്നെയാണ്. ഒരു കാരണവൻ മരിച്ചാൽ പ്രായംകൊണ്ട് അടുത്ത അനന്തിരവൻ ആ സ്ഥാനാരോഹണം ചെയ്യുന്നു. ഒന്നിലധികം താവഴിത്തറവാട്ടുകളിൽനിന്നു പ്രായാധിക്യപ്രകാരം മൂപ്പു കൂറവാഴ്ചസ്ഥാനങ്ങളിൽ കയറാൻ അവകാശികളായ പ്രഭുക്കന്മാരുടേയും തമ്പുരാക്കന്മാരുടേയും ആ വക താവഴിത്തറവാട്ടുകളിൽ കാരണവന്മാരായവർ മൂപ്പിലോ കൂറവാഴ്ചയിലോ ആരോഹണം ചെയ്താൽ അവരുടെ അടുത്ത അനന്തിരവന്മാർ ആ കാരണവസ്ഥാനങ്ങളിൽ കയറുന്നു. ഇതു കാരണവൻ മരിക്കാതെതന്നെ അനന്തിരവന്മാർ കാരണവസ്ഥാനത്തു കയറുന്ന ഒരവസ്ഥയാകുന്നു.

പ്രായംകുറഞ്ഞവരും ചില വിശേഷാവസ്ഥകളിൽ കാരണവസ്ഥാനാധിരോഹണം ചെയ്യുന്നുണ്ട്. എങ്ങിനെയെന്നാൽ മലയാളത്തിൽ സന്ന്യാസിമാർക്കു പ്രത്യേകം മഠങ്ങളും (തറവാടുകളും) അധികം വസ്തുമുതലുകളും ഉണ്ട്. സന്ന്യാസിയെ മലയാളത്തിൽ സ്വാമിയാരെന്നും തിരുമുമ്പ് എന്നും ബഹുമാനാർത്ഥം പറയുന്നു. മലയാളബ്രാഹ്മണരിൽ പ്രത്യേകം ചില തറവാട്ടുകാർ ഒഴികെയുള്ള എല്ലാ തറവാട്ടുകാർക്കും സന്ന്യാസത്താൽ ആ വക ഓരോരോ മഠങ്ങളിലേക്കു അവകാശികളായ സ്വാമിയാന്മാരാവാം. ഈ മഠങ്ങളുടെ

കൈകാൎയ്യകൎത്തൃത്വം അവിടവിടത്തെ മൂപ്പു സ്വാമിയാന്മാൎക്കാണെങ്കിലും മൂപ്പു കിട്ടുന്നതു് അവരുടെ ജനനകാലംകൊണ്ടല്ലാ സന്യസിച്ച കാലം മുതല്ക്കാകുന്നു. ഈ അവസ്ഥയിൽ മുമ്പിൽ സന്യസിച്ച ഒരു ദേഹത്തിനു പിന്നെ സന്യസിച്ച ദേഹത്തേക്കാൾ എത്ര പ്രായം കുറഞ്ഞാലും ആ പ്രായംതികഞ്ഞ മറ്റെ ദേഹത്തിനു മുമ്പെ കാരണവസ്ഥാനത്തിൽ ആരോഹണം ചെയ്യുന്നു. ഇതിന്നു ചാതുൎമ്മാസ്യമൂപ്പെന്നു പറയപ്പെടുന്നു. ചാതുൎമ്മാസ്യമെന്നതു വൎഷൎത്തുതി സ്വാമിയാന്മാർ ചെയ്യുവരുന്ന ഒരു വിശേഷകൎമ്മമാകുന്നു.

9. വയക്രമംകൊണ്ടു കാരണസ്ഥാനം വന്നിട്ടുള്ളതു മൂകത്വം, ഉന്മാദം ഇത്യാദികളാൽ ആ സ്ഥാനാധികാരം നടത്തിപ്പാൻ തക്കവരല്ലാതെയോ തറവാട്ടുമുതൽ ദുൎവ്യയംചെയ്യുന്നവനായിട്ടോ വരുന്ന അവസ്ഥയിൽ പ്രായംകൊണ്ടു് അടുത്ത അനന്തിരവൻ ആ കാരണവന്റെ അധികാരം നടത്താൻ ഒടുവിൽ കാട്ടിയ അവസ്ഥയിൽ മാത്രമേ അപ്പോളവന്നു നിസൎഗ്ഗസിദ്ധമായ അധികാരത്തെ ന്യായാധിപന്മാരുടെ അധികാരത്താൽ അല്ലാതെ തള്ളുവാൻ പാടില്ല.

10. തറവാട്ടിന്റെ കാരണവനോ അവന്റെ അധികാരം നടത്തിക്കുന്ന അനന്തിരവനോ ഒഴികെ തറവാട്ടിലുള്ള എല്ലാവരും ജീവനാംശം വാങ്ങാൻമാത്രം അധികാരികളാകുന്നു.

11. (1.) മരുമക്കത്തായക്കാൎക്കു വൈധവ്യമില്ലെന്നു ഒരു ശ്രുതിയുണ്ടു്. അതു സൂക്ഷ്മമല്ല. മലയാളത്തിൽ ഒരു ബ്രാഹ്മണസ്ത്രീയുടെ ഭൎത്താവു മരിച്ചുപോയാൽ പിന്നെ ആ സ്ത്രീക്കു മറ്റൊരു ഭൎത്താവുണ്ടാവാൻ പാടില്ലാത്ത പോലെയുള്ള വിരോധം മറ്റുജാതികളിലില്ലാത്തതുനിമിത്തം ആകുന്നു മേൽപറഞ്ഞ ശ്രുതിയുണ്ടായതു്. എന്നാൽ വൈധവ്യമെന്ന പദത്തിന്നു 'വിഗതോധവോയസ്യാഃ സാവിധവാതസ്യാഃ ഭാവം വൈധവ്യം' ഭൎത്താവു മരിച്ചുപോയ സ്ത്രീയുടെ സ്ഥിതിയെന്ന അൎത്ഥമാകുന്നതും പുറരാജ്യക്കാരിൽ പിതൃപാരമ്പൎയ്യമായവൎക്കു പുനൎവിവാഹമുണ്ടായിട്ടും വൈധവ്യമുള്ളതു് ഓൎത്താൽ രണ്ടാമതു് ഒരു ഭൎത്താവുണ്ടാവുന്ന കാലംവരെ വൈധവ്യം തന്നെയാകുന്നു.

മറ്റൊരു ഭൎത്താവുണ്ടാകുന്ന കാലം ഒരു സ്ത്രീയുടെ ഭൎത്താവു മിതേയുള്ള ജാതിക്കാരിലും ഉണ്ടാകും. സ്വജാതിക്കാരനായിരുന്നാൽ അവൻ മരിച്ചിട്ടുള്ള പിണ്ഡത്തിന്റെയോ ത്രിപക്ഷം, ആബ്ദികം ഈ

വക കൎമ്മങ്ങളുടെയും അവധിവരെയാകുന്നു. മരണമാടിയ്ക്കുന്ന കുടുംബക്കാർ അബ്ദികപര്യന്തം വൈധവ്യദീക്ഷ ചെയ്യുന്നു. ചിലർ ജന്മം മുഴുവനും അങ്ങിനെ അനുഷ്ഠിക്കുന്നു. എങ്കിലും അതെല്ലാം മനസ്സുപ്രകാരമെന്നല്ലാതെ നിർബ്ബന്ധം ചെയ്യുള്ള സ്ഥിതിയ്ക്കുമാത്രമേ ശാസ്ത്രമുള്ളു.

ഇങ്ങിനെയുള്ള ഒരു വിധവയെ ഭൎത്താവിൻെറ ശവസംസ്കാരാൽപൂൎവ്വം അവളുടെ വീട്ടിലേക്കയക്കുന്നു. അപ്പോൾ അധികമാവട്ടെ കുറച്ചാവട്ടെ ചില വീട്ടുസാമാനങ്ങൾ അവൾക്കു കൊടുത്തയക്കുകയും ആശൌചസമാപ്തിക്കു മുമ്പെ എന്തെങ്കിലും ദ്രവ്യംകൂടി കൊടുക്കുകയും ചെയ്യുന്നു. എന്നാലും ഇതൊന്നും നിഷ്കൎഷിച്ച വക്ഷേതരങ്ങളായ അവകാശങ്ങളല്ല.

12. സ്ത്രീകൾക്കു പ്രകൃത്യാ സ്വാതന്ത്ര്യമില്ല. പ്രത്യേകം ചില തറവാടുകളിലും ചില വിശേഷാവസ്ഥകളിലും അങ്ങിനെയുള്ള അധികാരമുണ്ടതാനും.

ഒന്നാമതു സ്ത്രീകൾക്കുതന്നെ മൂത്തസ്ഥാനമെങ്കിലും രണ്ടാംസ്ഥാനമെങ്കിലും കിട്ടുവാനവകാശമുള്ള അവസ്ഥകളിലും, രണ്ടാമതു വല്ല സ്ഥാനാരോഹണത്തിനു അവകാശികളായ പുരുഷന്മാരുടെ ചില താവഴിത്തറവാട്ടുകളിലും, മൂന്നാമതു സ്ത്രീകളുടെ പേരിൽതന്നെ കൈകാൎയ്യങ്ങൾ നടക്കുവാൻ പ്രത്യേകമായ നിയമമുള്ള തറവാട്ടുകളിലും, നാലാമതു പുരുഷന്മാരുടെ അഭാവത്തിങ്കലും അപ്രാപ്തിയിങ്കലും ആകുന്നു.

ടി. എസ്സ്. എം.

# വിചാരസാഗരം



കോരാത്ത് നാരായണമേനോൻ എന്ന മഹാൻ ഭാഷപ്പെടുത്തീട്ടുള്ള വേദാന്തശാസ്ത്രപ്രതിപാദകമായ വിചാരസാഗരം എന്ന ഗ്രന്ഥം അഭിപ്രായത്തിന്നായി ഞങ്ങൾക്കയച്ചുതന്നിട്ടു കുറച്ചു ദിവസമായി എങ്കിലും സംഗതിവശാൽ അതിനെപ്പററി ഇതുവരെ ഒന്നും എഴുതുവാനായി സാധിച്ചില്ല

എന്ന സംഗതി കുറച്ചു കൂസലോടുകൂടി പറയേണ്ടിയിരിക്കുന്നു.

സാധുനിശ്ചലദാസൻ എന്ന ഒരു മഹാത്മാവ് സംസ്കൃതത്തിലുള്ള വേദാന്തശാസ്ത്രഗ്രന്ഥങ്ങളുടെ തത്വത്തെ ഗ്രഹിച്ച് ഹിന്തുസ്ഥാനിഭാഷയിൽ ഉണ്ടാക്കീട്ടുള്ള ഒരു ഗ്രന്ഥമാണ് വിചാരസാഗരം. അതിനെ ശിവറാവു എന്നൊരു മഹാൻ തമിഴുഭാഷയിലേക്കു തർജ്ജമ ചെയ്തു. അതിനെയാണ് നാരായണമേനോൻ മലയാളത്തിലേക്കു ഭാഷപ്പെടുത്തീട്ടുള്ളത്. വേദാന്തശാസ്ത്രതത്വത്തെ നല്ലവണ്ണം അറിയുവാനാഗ്രഹിക്കുന്നവർക്ക് ഇത്ര നന്നായിട്ടു വേറൊരു ഗ്രന്ഥം മലയാളഭാഷയിൽ ഇപ്പോൾ ഇല്ല എന്ന് ഞങ്ങൾ നിശ്ശങ്കം പറഞ്ഞുകൊള്ളുന്നു. ഇന്ത്യയിൽ, സാമാന്യമായി പറഞ്ഞുവരുന്ന ഹിന്തുമതത്തിൽ അവാന്തരമായി എന്തെല്ലാം മതഭേദങ്ങളുണ്ടോ, അവ കൂടാതെ ജിനമതം ബുദ്ധമതം എന്നിങ്ങിനെ വേറെ എന്തെല്ലാം മതങ്ങളുണ്ടോ, എന്തെല്ലാം തത്വശാസ്ത്രങ്ങളുണ്ടോ, അവയുടെ സൂക്ഷ്മതത്വങ്ങളെ എല്ലാം പരിശോധിച്ചറിഞ്ഞ് അവയെ എല്ലാം ഖണ്ഡിച്ച് അദ്വൈതസിദ്ധാന്തത്തെ സ്ഥാപിച്ചിട്ടുള്ള, സമുദ്രംപോലെ അപാരമഹത്വത്തോടുകൂടിയ ഈ ഗ്രന്ഥത്തെ മിസ്റ്റർ നാരായണമേനോൻ വേദാന്തശാസ്ത്രതത്വത്തെ അറിവാനിച്ഛിക്കുന്നവർക്ക് ആയാസം കൂടാതെ മനസ്സിലാകത്തക്കവിധത്തിൽ വളരെ വ്യക്തമായി ഭാഷപ്പെടുത്തിയിരിക്കുന്നു. മിസ്റ്റർ നാരായണമേനോൻ വേദാന്തശാസ്ത്രത്തിൽ നല്ല പാണ്ഡിത്യം സമ്പാദിച്ച ഒരാളാണെന്നും, തത്സംബന്ധമായ വിവിധവിഷയങ്ങളുടെ സ്വാത്രപജ്ഞാനവും അദ്ദേഹത്തിന്ന് നല്ലവണ്ണമുണ്ടെന്നും, ഈ തർജ്ജമ വെടിപ്പായി വെളിപ്പെടുത്തുന്നുണ്ട്.

വിചാരസാഗരം എന്ന നാമധേയം പ്രകൃതഗ്രന്ഥത്തിന്ന് ഏറ്റവും ഉചിതമായിത്തന്നെയിരിക്കുന്നു. അതിനെ അനുസരിച്ചുതന്നെ ആ ഗ്രന്ഥം ഏഴു തരംഗങ്ങളായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. മിസ്റ്റർ മേനവന്റെ തർജ്ജമയുടെ ആദിയിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ഒരാളായ വടക്കേപ്പാട്ടെ നാരായണൻ നായർ എന്ന മഹാൻ ഒരു പ്രസ്താവന എഴുതീട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള നാനാവിധ വിഷയങ്ങളെപ്പറ്റി അതിൽ ചുരുക്കിപ്പറഞ്ഞിട്ടുണ്ട്. ഇത്രയും മഹത്തായ ഗ്രന്ഥത്തിന്റെ സംക്ഷേപത്തെ ഇത്ര വിശദമായും ഭംഗിയായും എഴുതി അന്യന്മാരെ ബോ

ധിപ്പിക്കുന്നതിൽ നാരായണൻനായർ കാണിച്ചിട്ടുള്ള സാമൎത്ഥ്യത്തെപ്പററി ഞങ്ങളും വളരെ അഭിനന്ദിക്കുന്നു. ആ പ്രസ്താവന വായിച്ചാൽ സംക്ഷേപമായിട്ട് ആ ഗ്രന്ഥത്തിന്റെ ആസകലമുള്ള ഒരു സൂത്രപജ്ഞാനം വായനക്കാൎക്ക് അനായാസേന ഉണ്ടാകുന്നതാകയാൽ അതിലെ ഏതാനും ഭാഗത്തെ താഴെ ചേൎക്കുന്നു:—

'വിചാരസാഗരം' ഒന്നാമതായി ഉത്ഭവിച്ചത് ഹിന്തുസ്ഥാനി ഭാഷയിലാകുന്നു. ഇതിന്റെ കൎത്താവ് പ്രസിദ്ധപ്പെട്ട 'മഹാത്മദാദുജി' എന്ന പണ്ഡിതന്റെ ശിഷ്യനായ സാധുനിശ്ചലദാസജി എന്ന മഹാശയനാകുന്നു. ഇദ്ദേഹം തൎക്കം, വ്യാകരണം, മുതലായ ശാസ്ത്രങ്ങളിലും, വിശേഷിച്ച സാംഖ്യം വൈശേഷികം പ്രാഭാകരം മുതലായ എല്ലാ മതഗ്രന്ഥങ്ങളിലും വേദാന്തശാസ്ത്രത്തിലും അസാധാരണമായ പാണ്ഡിത്യം ലഭിച്ചിട്ടുള്ള മഹാത്മാവാണെന്നത് പ്രസിദ്ധമാകുന്നു. യുക്തിവാദംചെയ്തു കാൎയ്യങ്ങളെ വിവരിച്ച മന്ദബുദ്ധികളെ ഉണൎത്തുന്നതിന്നു വേണ്ടുന്ന സാമൎത്ഥ്യം ഇദ്ദേഹത്തിന്നുള്ളതുപോലെ 'മധുസൂദനസരസ്വതി' മുതലായ പുരാണഗ്രന്ഥകൎത്താക്കന്മാൎക്കേയുള്ളയെന്നുള്ളതു വിചാരസാഗരത്തിന്റെ ഏതു ഭാഗം നോക്കുന്നവൎക്കും തോന്നുന്നതാണ്. ഈ ഗ്രന്ഥത്തിൽ മംഗലാചരണം മുതൽ അവസാനംവരെ ഏതു കാൎയ്യങ്ങളേയും പൂൎവ്വപക്ഷസമാധാനങ്ങളാൽ ഇദ്ദേഹം വിചാരിച്ചിട്ടുള്ളതു ബോധത്തിന്റെ ദാൎഢ്യത്തിന്നു അത്യന്തം ഉപയുക്തമായിരിക്കുന്നുണ്ടെന്നുള്ളത് ഇതിലുള്ള ഒരു പ്രധാനഗുണമാകുന്നു.

പ്രായേണ ഏതുശാസ്ത്രങ്ങളിലും ആ ശാസ്ത്രങ്ങളിലടങ്ങിയിരിക്കുന്ന വിഷയത്തേയും അതുകൊണ്ടുള്ള പ്രയോജനത്തേയും അതിന്നധികാരിയേയും ഇവകൾക്കു തമ്മിലുള്ള സംബന്ധത്തേയും ഒന്നാമതായി പ്രതിപാദിക്കയെന്നത് ഒരു നിയമമായി പ്രാചീനപണ്ഡിതന്മാർ സ്വീകരിച്ചു കാണുന്നുണ്ട്. ഈ അംശത്തിന്നു ശാസ്ത്രങ്ങളിൽ അനുബന്ധചതുഷ്ടയനിരൂപണമെന്നാണ് സംജ്ഞ നിശ്ചയിച്ചിരിക്കുന്നത്. അനുബന്ധചതുഷ്ടയനിരൂപണത്തിൽ വേദാന്തശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടി കുറെ അധികം സൂക്ഷ്മമായി പ്രവേശിക്കുമാറുണ്ടെന്ന് അവർ ഓരോ ഗ്രന്ഥങ്ങളിൽ ആ വിഷയത്തെപ്പററി നിഷ്കൎഷിച്ചിട്ടുള്ള സമ്പ്രദായം നോക്കുമ്പോളറിയാവുന്നതാണ്. എന്നാൽ വിചാരസാഗരത്തിലുള്ളപോലെ അനുബന്ധചതുഷ്ടയവിചാരം ഒരു

വേദാന്തഗ്രന്ഥത്തിലും അതിസൂക്ഷ്മമായും സ്പഷ്ടമായും ചെയ്യപ്പെട്ടിട്ടില്ലെന്നാണ് എന്റെ പക്ഷം. ഇതിൽ ഒന്നും രണ്ടും തരംഗങ്ങളെക്കൊണ്ട് പ്രസ്തുതവിഷയത്തെ വിവരിക്കുകയും പല പൂർവ്വപക്ഷങ്ങളും എടുത്ത ശാസ്ത്രതത്വത്തെ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പിന്നെ ഗുരുവിന്റെ ലക്ഷണം, ഗുരുശുശ്രൂഷാക്രമം, ശാസ്ത്രഗ്രന്ഥങ്ങളെക്കൊണ്ടുള്ള ജ്ഞാനസിദ്ധി— ഈ വിഷയങ്ങളേയാണ് മൂന്നാമത്തെ തരംഗത്തിൽ വിവരിച്ചിട്ടുള്ളത്.

നാലാമത്തെ തരംഗംമുതൽക്കു ഗുരുശിഷ്യസംവാദരൂപമായി ജ്ഞാനോപദേശം ആരംഭിക്കുന്നു. ആ തരംഗത്തിൽ തൽദൃഷ്ടി, അദൃഷ്ടിതത്തദൃഷ്ടി എന്നിങ്ങിനെ മന്ദമദ്ധ്യമോത്തമാധികാരികളായിരിക്കുന്ന മൂന്നു ശിഷ്യന്മാരെ കല്പിക്കുകയും അവരുടെ അവസ്ഥാനുസരണം താരതമ്യത്തോടുകൂടി ഉപദേശം ചെയ്കയും ചെയ്തിട്ടുള്ളതിനു പുറമെ രജ്ജുസർപ്പദൃഷ്ടാന്തം ജീവബ്രഹ്മൈക്യം എന്നീ വിഷയങ്ങളെ മറെറാരു ഗ്രന്ഥത്തിലുമില്ലാത്തവിധം വലിയ പൂർവ്വപക്ഷങ്ങളെ എടുത്തു ഖണ്ഡിച്ചു ബഹുയുക്തികളോടുകൂടി വിസ്തരിച്ചു പറഞ്ഞിട്ടുണ്ട്.

അഞ്ചാമത്തെ തരംഗത്തിൽ ശാസ്ത്രം, ആചാര്യൻ മുതലായി ജഗദന്തർഗ്ഗതങ്ങളായ മിഥ്യാസാധനങ്ങളാൽ അജ്ഞാനനിവൃത്തിയുണ്ടാകാമെന്നുള്ള യുക്തികളും മായാ ഈശ്വരൻ ജീവൻ സൂക്ഷ്മസൃഷ്ടി സ്ഥൂലസൃഷ്ടി പഞ്ചകോശവിവേകം ലയചിന്തനം പ്രണവോപാസന മുതലായ കാര്യങ്ങളും വിചാരിക്കപ്പെട്ടിരിക്കുന്നു.

ആറാമത്തെ തരംഗത്തിൽ ജാഗ്രത്സ്വപ്നാവസ്ഥകൾ സമമായിരിക്കുന്നുവെന്നും സച്ചിദാനന്ദസ്വരൂപമായി ജനനമരണരഹിതമായി അസംഗമായിരിക്കുന്ന ബ്രഹ്മമാകുന്ന ഞാൻ എന്ന പദത്തിന്റെ ലക്ഷ്യാർത്ഥമെന്നും സൃഷ്ടിക്കു കാരണം ഈശ്വരനല്ലാതെ ജീവനല്ലെന്നും മുക്തിസാധനം ജ്ഞാനംതന്നെ കർമ്മം അല്ലെന്നും കാരണം ഈശ്വരനല്ലാതെ ജീവനല്ലെന്നും മുക്തിസാധനം ജ്ഞാനംതന്നെ കർമ്മം അല്ല എന്നും സയുക്തികം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. മഹാവാക്യോപദേശവും പദങ്ങൾക്കുള്ള വാച്യാർത്ഥ ലക്ഷ്യാർത്ഥവിവരണവും ഈ തരംഗത്തിലടങ്ങിയിരിക്കുന്നു.

ഏഴാമത്തെ തരംഗത്തിൽ സമാധിയുടെ അഷ്ടാംഗങ്ങളിന്നവിധമെന്നും ജ്ഞാനികൾക്കു പ്രവൃത്തിനിവൃത്തികളിൽ നിയമമില്ലെന്നും പ്രാരബ്ധബലത്താൽ ജ്ഞാനിക്കു വ്യവഹാരമുണ്ടാകുന്നുവെന്നും

4 വേദങ്ങളും 4 ഉപവേദങ്ങളും 6 വേദാംഗങ്ങളും, പുരാണം, ന്യായം, മീമാംസ, ധർമ്മശാസ്ത്രം, എന്നിങ്ങിനെയുള്ള 18 വിദ്യാപ്രസ്ഥാനങ്ങളും അദ്വൈതജ്ഞാനത്തെ തന്നെയാണ് ബോധിപ്പിക്കുന്നതെന്നും യുക്തിപ്രമാണങ്ങളെക്കൊണ്ട വിശദീകരിച്ചിരിക്കുന്നു. ആ വിദ്യാപ്രസ്ഥാനങ്ങളുടെ ഭേദങ്ങളും ലക്ഷണങ്ങളും ജീവന്മുക്തി വിദേഹമുക്തികളുടെ സ്വരൂപവും സാംഖ്യം പഞ്ചരാത്രം ശൈവവൈഷ്ണവഗ്രന്ഥങ്ങളും, നാസ്തികമതം, വാമമാർഗ്ഗം (ശക്തിപൂജ), വിഷ്ണുശിവാദിദൈവതോപാസനകളെപ്പററിയുള്ള വ്യാസാഭിപ്രായം, ശാസ്ത്രങ്ങളിൽവെച്ച പ്രമാണം എന്നിങ്ങിനെയുള്ള പല വിഷയങ്ങളും ആ തരംഗത്തിൽ വിസ്തരിച്ചിട്ടുണ്ട്. മേൽപറഞ്ഞവ കൂടാതെ വേറെയും പല കാര്യങ്ങളും ഈ ഗ്രന്ഥത്തിൽ വിചാരിക്കപ്പെട്ടിരിക്കുന്നുണ്ട്. 'വിചാരസാഗരം' ഹിന്തുമതത്തിലുള്ള പല ശാസ്ത്രരഹസ്യങ്ങളുടേയും ഒരു നിധിയാണെന്നതിന്നു സംശയമില്ല. ഇതിൽ ഓരോരോ മതങ്ങളുടെ സ്വരൂപങ്ങളും മററും സ്പഷ്ടമായി വിവരിച്ചിട്ടുള്ളതുകൊണ്ടു ഈ ഒരൊററ ഗ്രന്ഥംകൊണ്ടുതന്നെ സർവ്വമതസിദ്ധാന്തങ്ങളും ഗ്രഹിക്കാൻ കഴിയുമെന്നുതന്നെ പറയാം. വിശേഷിച്ച ശ്രുതികളും പറയുന്നതുകൊണ്ട മാത്രം അഭ്യാസികൾക്കു ശ്രദ്ധയും സുഖബോധവുമുണ്ടാകാത്തതാകയാൽ യുക്തിപ്രധാനമായിരിക്കുന്ന ഈ ഗ്രന്ഥം ജിജ്ഞാസുക്കളുടെ ബുദ്ധിയെ പ്രത്യേകം ആകർഷിക്കുന്നതായിതന്നെയിരിക്കുന്നു. അനേകം മതസിദ്ധാന്തങ്ങളും പ്രൌഢവാദങ്ങളുമുള്ള ഈ ഗ്രന്ഥം വായിച്ച ധരിക്കുന്നതിന്നു കുറെ നല്ല ശ്രദ്ധയുള്ളവൎക്കെ സാധിക്കയുള്ളു എന്നു പറയേണ്ടതില്ലല്ലൊ.

ഭാഷയുടെ ചമൽക്കാരത്തെ അഭിലഷിക്കുന്നവൎക്ക് ഈ ഗ്രന്ഥം ഒരു സമയം വൈമനസ്യദായകമായി തീരുമോ എന്നുള്ള സംശയം പരിഭാഷകനുണ്ടായിട്ടുള്ളതുപോലെ വായനക്കാരിൽ പലൎക്കുമുണ്ടായേക്കാം. എങ്കിലും മഹത്തായിരിക്കുന്ന ഈ ശാസ്ത്രഗ്രന്ഥത്തെ സംബന്ധിച്ചേടത്തോളം പരിഭാഷകൻ 'കൎത്താവിന്റെ മനസ്സിലാക്കേണമെന്നുള്ള ഉദ്യമത്തെ മാത്രം കൎത്തവ്യമായി' സ്വീകരിച്ചതിനാലും, ആ ഉദ്യമം സഫലമായി ഭവിച്ചിരിക്കുന്നതിനാലും ഭാഷാചമൽക്കാരത്തെപ്പററി വിശേഷിച്ചൊന്നും പറയുന്നില്ല.

പുസ്തകത്തിന്റെ അച്ചടി ഒരു നോട്ടത്തിൽ നന്നായിട്ടുണ്ടെന്നു തോന്നുമെങ്കിലും നിഷ്കൎഷിച്ച നോക്കുമ്പോൾ അതിൽ ചില ന്യൂ

നതകാം കാണുന്നതിനെ എടുത്തു പറയുന്നതിൽ കാമ്പ്രംബ്രെഡ്ജ്സ്' അന്യഥാ വിചാരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. ഒന്നാമതായി ഓരോ പദങ്ങളുടെ ഇടക്കു ഓരോ 'സ്പേസ്' ഇടുന്നതിൽ ഒരു നിയമവും അച്ചടിയിൽ കാണുന്നില്ല. കാര്യം നിസ്സാരമാണെങ്കിലും ശാസ്ത്രഗ്രന്ഥങ്ങളെ വായിക്കുമ്പോഴും വായനക്കാൎക്ക് അവയുടെ ശരിയായ അൎത്ഥഗ്രഹണത്തിന്ന് അതു ഒരു പ്രതിബന്ധമായിത്തീരുമെങ്കിൽ അച്ചടിയെ സംബന്ധിച്ചേടത്തോളം അതു ഒരു വലിയ ന്യൂനതയായി ഭവിക്കുന്നതാണ്. പിന്നെ വളരെ വാദത്തിൽ കിടക്കുന്നതാണെങ്കിലും 'അരയുകാരം' എന്ന വിഷയത്തിൽ എന്തെങ്കിലും ഒരു നിയമത്തെ അനുഷ്ഠിച്ചു കാണാത്തതു ശോചനീയം തന്നെ. ഇപ്പോഴും സാധാരണയായി ആ വിഷയത്തെ സംബന്ധിച്ചു തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടീഷു മലയാളത്തിലും വേറെ വേറെ രീതിയെ ആണ് അനുസരിച്ചു കാണുന്നത്. എന്നാൽ ഈ പുസ്തകത്തിന്റെ അച്ചടിയെ സംബന്ധിച്ച് അവയിൽ എതെങ്കിലും ഒരു രീതിയെ അനുസരിച്ചിട്ടുള്ളതായിട്ടോ, അല്ലെങ്കിൽ ആ അച്ചുകൂട്ടക്കാരുടെ തന്നെ സ്വന്തമായിട്ടൊരു രീതിയെ അനുസരിച്ചിട്ടുള്ളതായിട്ടോ, കാണുന്നില്ല. പ്രൂഫ് വായനയിലും കുറച്ചുകൂടി മനസ്സിരുത്തേണ്ടതായിരുന്നു.

# കാൎയ്യം



കാൎയ്യം എന്നതിനെ കാര്യം എന്നു ചിലരും കാൎയ്യം എന്നു ചിലരും എഴുതണമെന്നു വിചാരിച്ചുവരുന്നതായി അറിവാൻ ഇടവന്നിട്ടുണ്ട്. 'കാര്യം' എന്നെഴുതണമെന്നു അഭിപ്രായപ്പെടുന്നവരുടെ യുക്തി 'ഡുകൃഞ് കരണേ' എന്ന ശ്രീശങ്കരാചാൎയ്യരുടെ ഒരു പ്രസിദ്ധകീൎത്തനം മൂലമായി അധികം പ്രചാരപ്പെട്ടിട്ടുള്ള പാണിനിസൂത്രത്തിൽ പ്രതിപാദിതമായിരിക്കുന്ന 'കൃ' ധാതു

വിൽനിന്നുള്ള ഒരു രൂപമായ കാൎയ്യം എന്നതു എഴുതപ്പെടുമ്പോൾ അതിൽ ഉപകരണം' വ്യാകരണം' മുതലായ രൂപങ്ങളിലെന്നപോലെ 'ര' പ്രധാനമായി നില്ക്കണമെന്നും 'യം' എന്നുള്ള തദ്ധിത പ്രത്യയത്തെ ചേൎക്കുന്നതിൽ 'ക്യ' 'ച്യ' എന്നുള്ളതുപോലെ 'ര്യം' എന്നു എഴുതണമെന്നും ആകുന്നു.

കാൎയ്യം എന്നു എഴുതാൻ താല്പൎയ്യപ്പെടുന്നവർ സംസ്കൃതം എഴുതുന്നതിൽ നാഗരത്തിലാകട്ടെ ഗ്രന്ഥാക്ഷരത്തിലാകട്ടെ (ഒററ)യകാരത്തോടുകൂടി 'ർ' എന്നതിനു പതിവുള്ള കുത്ത് ഇട്ടുവരുന്ന സമ്പ്രദായത്തെ തങ്ങളുടെ വാദത്തിനു അനുകൂലമായി പറയുന്നു. സംസ്കൃതത്തിൽ 'ര' പൂൎണ്ണമായി എഴുതി നാഗരത്തിലെ സമ്പ്രദായപ്രകാരം 'യ' ചേൎത്തോ ഗ്രന്ഥാക്ഷരത്തിലെ സമ്പ്രദായപ്രകാരം യുക്താക്ഷരത്തിലെ ദ്വിതീയവ്യഞ്ജനത്തിനു പതിവുള്ള വള്ളിചേൎത്തോ 'ര്യ' എഴുതുക പതിവില്ല. മലയാളത്തിൽമാത്രം പതിവിനെ ഭേദപ്പെടുത്തി 'ര്യ' എന്നു എഴുതണമെന്നു ശഠിച്ചാൽ സന്ധിക്കുമോ എന്നുള്ളതു സന്ദിഗ്ദ്ധംതന്നെ. തെലുങ്കിലും കന്നടകത്തിലും ഒററവ്യഞ്ജനത്തോടു 'ർ' എന്നതിനുള്ള ചിഹ്നവും യുക്താക്ഷരത്തിലെ ദ്വിതീയവ്യഞ്ജനങ്ങളിൽ ചിലതിനുള്ള സങ്കേതങ്ങളും ചേൎത്തുവരുന്നു എന്നാണ് എന്റെ സ്വല്പപരിചയംകൊണ്ടുള്ള അറിവ്. മലയാളത്തിൽ സംസ്കൃതജപദങ്ങളിലെന്നപോലെതന്നെ ദ്രാവിഡജപദങ്ങളിലും (ചേൎത്തു) പൂൎവ്വാക്ഷരം ഗുരുവായിരിക്കണമെന്നില്ലാത്ത യുക്താക്ഷരങ്ങളുടെ സംഗതിയിൽ 'ക്ക' 'ൎത്തു' 'ൎത്ത' എന്നിങ്ങനെതന്നെ എഴുതുന്നതല്ലാതെ 'ചേൎത്തു' എന്നും മററും എഴുതാറില്ലാത്തതിനാൽ, തദനുസരണത്താൽ 'കാൎയ്യം' 'വൎത്മാനം' എന്നിങ്ങനെ ദ്വിത്വപമായിത്തന്നെ എഴുതിവരുന്നതായിരിക്കുമോ? ഇതു് ഒരു യുക്തിയായി തോന്നുന്നു. 'ഗ്ര്യ', 'ഗ്ര' 'ഗ്വ' എന്നി അക്ഷരങ്ങളിൽ ദ്വിത്വം ഇല്ല; സംസ്കൃതജപദങ്ങളിലല്ലാതെ യ,ര,വ ഈ വ്യഞ്ജനങ്ങൾ യുക്താക്ഷരങ്ങളിലെ ദ്വിതീയഭാഗമായി നില്ക്കുന്നതല്ല. എന്നാൽ 'ർ' പൂൎവ്വമായി നില്ക്കുന്ന യുക്താക്ഷരങ്ങൾക്കു പതിവുള്ള കുത്തു 'ചേൎക്കുന്നു' മുതലായ ദ്രാവിഡജപദങ്ങൾക്കും നടപ്പായിപ്പോയി. എന്നുതന്നെയല്ല 'അൎക്കൻ' എന്നും മററും ഉച്ചരിക്കുന്നത് (ഒററ) 'ക' മതിയെന്നുവയ്ക്കാൻ എല്ലാവരും തയ്യാറാകുമെന്നു തോന്നുന്നില്ല. പഞ്ചവൎഗ്ഗങ്ങളിൽ ഖരങ്ങൾ ഒഴിച്ചുള്ള വ്യഞ്ജനങ്ങൾ

ക്കു മുമ്പിൽ 'ർ' ചേൎന്ന യുക്താക്ഷരം വന്നാൽ ആ പദം സംസ്കൃതജമാണെന്നു നിശ്ചയിക്കാം. പഞ്ചവൎഗ്ഗങ്ങളിൽ ചേരാത്ത വ്യഞ്ജനങ്ങൾക്കു മുമ്പിൽ 'ർ' ചേൎന്നുണ്ടാകുന്ന യുക്താക്ഷരങ്ങളും സംസ്കൃതജപദങ്ങളിൽ മാത്രമേ കാണുകയുള്ളു. ഇതുകൊണ്ടായിരിക്കണം 'ചേൎത്തു' എന്നും 'സൎപ്പം' എന്നും എഴുതുന്നതിൽ രേഫാക്ഷരംതന്നെ പ്രയോഗിക്കുന്ന തമിഴിൽ 'സൎപ്പം' എന്നെഴുതുന്നതിൽ 'ർ' കഴിഞ്ഞു ഒരു 'പ' മാത്രം എഴുതുന്നത്. ഭാഷയ്ക്കു ശാസ്ത്രം ഉള്ളതു സൎവ്വവിദിതമായിരിക്കെ പദരൂപങ്ങളുടെ രീതികൾക്കു കാരണവും ഉണ്ടായിരിക്കുന്നതു അസാംഗത്യമല്ല; അവയെ കണ്ടുപിടിക്കുന്നതു ഹാസ്യവഹവുമല്ല. 'അഹം' എന്നതിനു നാം രണ്ടു 'ഹ' എഴുതുന്നില്ലല്ലൊ; പോരെങ്കിൽ 'വൎഷ'വും 'ദൎശന'വും നോക്കുക. അതുപോലെ പൂൎവ്വാക്ഷരം ഗുരുവായിത്തീരത്തക്കവിധത്തിൽ സംസ്കൃതജപദങ്ങളിൽമാത്രം വരുന്നവയായ 'ർ' ചേൎന്ന ഖരമല്ലാത്ത വ്യഞ്ജനങ്ങളെ യുക്താക്ഷരങ്ങളിൽ ദ്വിത്വമായി എഴുതണമെന്നില്ലെന്നു വയ്ക്കുന്നതിൽ യാതൊരു വിരോധവുമില്ല. എന്നാൽ നടപ്പിനെ ഭേദപ്പെടുത്തുന്നതു ശീഘ്രസാദ്ധ്യമല്ലല്ലൊ. സാദ്ധ്യം, അൎത്ഥം, അൎദ്ധം ഇവയിൽ നാഗരത്തിലും മററും 'ധ' 'ഥ' ഈ അക്ഷരങ്ങളെ മാത്രമേ ഉപയോഗിക്കുന്നുള്ളു എന്നു വച്ചു മലയാളത്തിലും മുഴുവൻ അങ്ങനെ സാധിക്കുമോ?

സി എൻ രാമയ്യശാസ്ത്രി
ബി എ

# ഒരു കഥ

---

## മൂന്നാം അദ്ധ്യായം

'മനസ്വീ കാൎയ്യാൎത്ഥീ ന ഗണയതി ദുഃഖം ന ച സുഖം'



സേനാപതിപിള്ളയുടെ ബന്ധുവായ ഗുരുനാഥപിള്ളയുടെ ഭവനം ഉദയമാൎത്താണ്ഡന്റെ അരമനയിൽനിന്നു ഒന്നരനാഴിക ദൂരത്തായിരുന്നു. ആ ദൂരം നടന്നു തിരുന്നതിലകത്തു കുലകേസ്സിനെപ്പററി അതുവരെ ഉണ്ടായ സംഗതികളേയും അതുകളിൽനിന്നുള്ള അനുമാനങ്ങളേയും തിട്ടപ്പെട

ത്തി പിറേറ ദിവസം പ്രഭാതം മുതൽ പ്രവൃത്തിക്കേണ്ട വഴി നിശ്ചയിക്കാമെന്നു വിചാരിച്ചുകൊണ്ടു പുറത്തിറങ്ങി തലതാഴ്ത്തി കയ്യും പിന്നിൽ കെട്ടി, വഴിയോരംപററി നടന്നുതുടങ്ങി. പിള്ളയുടെ മനസ്സു കേസ്സിൻെറ സമാധിയിൽ പ്രവേശിച്ചിരുന്നിട്ടും ചരണങ്ങൾക്കു് വൃത്തിവിസ്മരണം വരാഞ്ഞതു് എന്തുകൊണ്ടാണെന്നു വേദാന്തമാർ തീൎച്ചയാക്കേണ്ടതാണു്. ഭൂമണ്ഡലം മുഴുവൻ കലക്കി നിറച്ചപോലിരുന്ന അന്നത്തെ ഇരുട്ടിൽ വിളക്കില്ലാതെ വഴി നടക്കാൻ കള്ളന്മാരും ഈ പിള്ളയുമല്ലാതെ അത്രവേഗം ആരും വിചാരിക്കില്ല. വഴി തെററാതെയും വല്ല നാഴികക്കല്ലിന്മേലോ മററോ ഇടറി വീഴാതെയും ഇദ്ദേഹം ഉദ്ദേശിച്ച സ്ഥലത്തുചെന്നു ചേൎന്നതു കുററക്കാരുടെ നിൎഭാഗ്യം.

ഇൻസ്പെക്ടരുടെ കാലുകൾ മുന്നോട്ടു നടന്നുനടന്നതാളും ബുദ്ധിയും കേസ്സിലെ സംഗതികളിൽ പ്രവേശിച്ചിട്ടുണ്ടായിരുന്നു എന്നു് അദ്ദേഹത്തിൻെറ നോട്ടുപുസ്തകത്തിലെ കുറിപ്പുകൊണ്ടു കാണാം. ഇതാണു് കുറിപ്പു്.

ക്ഷൌരത്തിൽ രോമച്ഛേദനത്തിൻെറ അന്ത്യത്തിലാണ കത്തികൊണ്ടു മുറി വീണിട്ടുള്ളതു്. ശബ്ദം കേട്ടിട്ടുള്ളതും വാസ്തവം. ഞെട്ടി എന്നു പറയുന്നതും സംഭവിച്ചിരിക്കാം. എന്നാൽ ക്ഷൌരത്തിനു സാധാരണ കത്തിപിടിക്കുന്ന സമ്പ്രദായവും മുറിയുടെ ആഴവും കൂട്ടിനോക്കുമ്പോൾ അബദ്ധത്തിൽ ഇങ്ങിനെ ഒരു മുറി വീഴാൻ സംഗതിയില്ല എന്നു മാത്രമല്ല ആത്മരക്ഷക്കു ജാഗ്രതയോടുകൂടി പെട്ടെന്നു പ്രവൃത്തിക്കുന്ന പ്രകൃതിചാപല്യം, കഴുത്തിൽ കത്തിയുണ്ടെന്നുള്ള പ്രജ്ഞ വിട്ടു കത്തിയുള്ള ഭാഗത്തേക്കു കഴുത്തിനെ തിരിക്കില്ല. പഴക്കമുള്ള ക്ഷൌരക്കാരൻ ഞെട്ടിയാൽ കത്തി പിൻവലിക്കാനാണു സംഗതിയുള്ളതു്. അതുകൊണ്ടു ക്ഷൌരക്കാരൻ ഇതിൽനിന്നു ചാടിപ്പോകില്ല.

വളപ്പിൽ രണ്ടുവിധം കാലടികൾ കണ്ടതുകൊണ്ടു രണ്ടാളെങ്കിലും കൂട്ടുകാരുണ്ടെന്നുള്ളതിന്നു സംശയമില്ല. ആ രണ്ടാളുകളും നിന്നിരുന്ന ദിക്കിൽനിന്നു ക്ഷൌരക്കാരൻ ജനലിന്നു സമീപത്തു നിന്നാൽ കാണാം. ക്ഷൌരക്കാരൻ താടിയിൽ കൈകൊടുത്തുനിന്നു ക്ഷൌരം ഇന്ന ദിക്കിലായി എന്നു് ഇവൎക്കു് അറിവു കൊടുക്കാനായിരിക്കാം. അല്ലെങ്കിൽ ജഗന്മോഹറിൽ വന്നപ്പോൾ ക്ഷൌ

രക്കാരൻ അറയുടെ ഒരു മൂക്കിലേക്ക മാറിയാൽ മതിയായിരുന്നുവല്ലൊ.

തകിട്ടം കൂട്ടം വല്ല നിധിയെപ്പററി അറിവു കൊടുക്കുന്നതായിരിക്കാം. ഒരു സമയം ആ വിവരം അറിയാൻവേണ്ടി കുല ചെയ്യുതായിരിക്കാം. അതെടുത്ത് വളപ്പിലേക്ക എറിഞ്ഞു കൊടുത്തതായിരിക്കാൻ വഴിയില്ല. എറവപടകം പൊളിയ ഉടനെ ആരെങ്കിലും കാണാതിരിക്കാൻ വളപ്പിൽ നിന്നിരുന്നവർ തലതാഴ്ത്തി ഒടിയിരിക്കാൻ സംഗതിയുള്ളതുകൊണ്ടു ക്ഷൌരക്കാരൻ തകിട്ടംകൂട്ടം എടുത്ത് എറിയുന്നതുവരെ നിന്നിരിക്കില്ല. അങ്ങിനെയാണെങ്കിൽ അരമനക്കകത്ത ആരോ ഒരാൾ കൂടി ഈ കൃത്യത്തിൽ ചേൎന്നു കാണണം. തങ്കമണിയല്ല. ജഗന്മോഹിനിയുമല്ല. ശേവുകനുമല്ല. ശേവുകനാണെങ്കിൽ നില വിളികൂട്ടാതിരിക്കാറാണല്ലൊ സംഗതി. അപ്പോൾ,—താഴത്തുണ്ടായിരുന്നവരിൽ ആരെങ്കിലുമായിരിക്കണം. ആ കൂട്ടുകാരൻ മുകളിലെ ജനലിന്നു നേരെ താഴത്തു നിന്നാൽ തകിട്ടം കൂട്ടം ആരും കാണാതെ കയ്യിലാക്കാം.

ഒരു കുടുംബത്തിലെ ഒരു ക്ഷൌരക്കാരൻ ഇങ്ങിനെ ചതിച്ചു എന്നു ജനശ്രുതിയുണ്ടായാൽ പിന്നെ ആ കുടുംബത്തിലുള്ളവരെ ആരേയും നാട്ടുകാർ വിശ്വസിക്കയില്ല. പിന്നെ ക്ഷൌരംകൊണ്ടുപജീവിക്കാൻ നോക്കണ്ട. ഇനിയുള്ള കാലം ആ കുടുംബം ഈ പ്രവൃത്തി കൂടാതെ കഴിക്കാൻ തക്കവണ്ണം പണം കൂട്ടാതെ ഒരുവൻ കുലപാതകത്തിന്നു തുനിയില്ല. കയ്യിൽ കൂട്ടാതെകഴുത്തറക്കാൻ കൈവരില്ല. അപ്പോൾ—അത്ര സംഖ്യ കൊടുക്കാൻ തക്ക ധനമുള്ള ഒരുവൻകൂടി ഈ കൃത്യത്തിൽ ചേൎന്നിരിക്കാം. അതുകൊണ്ടു ക്ഷൌരക്കാരന്റെ വീട് ഒന്നു പരിശോധിക്കണം. അത് ഒരു ചെററപ്പുരയായതുകൊണ്ടു വല്ല ദിക്കിലും കുഴിച്ചിട്ടിരിക്കാനാണ് എളുപ്പം. ഇവനെ തൂക്കിക്കൊന്നാലും കുടുംബം അനുഭവിക്കണമെന്ന വിചാരത്തിൽ കുടുംബത്തിലുള്ള വല്ലവരേയും ആ സംഗതി അറിയിച്ചിരിക്കാനും എളുപ്പമുണ്ട്.

അവനേയും ആ പണത്തിനേയും കണ്ടുപിടിക്കാൻ വല്ല വിദ്യയും പ്രയോഗിക്കണം. കുലക്കേസ്സിൽനിന്നു വിട്ടുപോരുന്നതിന്ന വളരെ ബുദ്ധി ഉപയോഗിച്ചു കാണുന്നതുകൊണ്ട ക്രിമിനാൽ വ്യവഹാരശീലമുള്ളവരുടെ ആലോചനയുണ്ടെന്നൂഹിക്കാം".

സഭാപതിപിള്ള ഗുരുനാഥപിള്ളയുടെ വീടെത്തിയ ഉടനെ കുളിച്ചു ഭക്ഷണം കഴിച്ചു അന്നുരാത്രി തന്നെ ക്ഷൌരക്കാരന്റെ വീട്ടിൽ ആരും അറിയാതെ ചെന്ന് അതിനുള്ളിലുള്ളവർ സംഭാഷണം ചെയ്യുന്നതിനെ കേൾക്കുകയും കാവലുള്ളത് എവിടെയാണെന്ന് നോക്കുകയും ചെയ്യേണമെന്ന് വിചാരിച്ച് ഗുരുനാഥപിള്ളയുടെ ഇറയത്ത് കിടക്കാൻ വട്ടംകൂട്ടി. അന്നു രാത്രി തനിച്ച് പോകുന്നതിൽ വല്ല അപകടവും നേരിട്ടേക്കാമെന്നു മററും ഗുരുനാഥപിള്ള മുടക്കം പറഞ്ഞുകൊണ്ടിരിക്കുന്ന മദ്ധ്യേ ഉമ്മറത്ത് ഒരു വിളി കേട്ടു. ചെന്നു നോക്കിയപ്പോൾ മണിരാമന്റെ ആളാണ്. ഒരെഴുത്തുണ്ടെന്നു പറഞ്ഞു സഭാപതിപിള്ളയുടെ കയ്യിൽ കൊടുത്തു. ഇതാണ് എഴുത്തിലെ വാചകം.

'ഇന്നു രാത്രി ഇവിടെ കഴിച്ചുകൂട്ടാൻ ഞങ്ങൾക്കു വല്ലാതെ ഭയമായിരിക്കുന്നു. ബുദ്ധിമുട്ടാണെന്നു വിചാരിക്കാതെ ദയവുചെയ്തു ഇങ്ങോട്ടുതന്നെ വന്നാൽകൊള്ളാം. നിങ്ങൾക്കു വേണ്ടി എല്പിച്ചിരുന്ന വണ്ടി നിങ്ങൾ പോയ ഉടനെ വന്നു. അതുതന്നെ അങ്ങോട്ടയക്കുന്നു. എന്തുകൊണ്ടും നിങ്ങൾ ഇവിടെത്തന്നെ ഇരിക്കുന്നതല്ലേ നല്ലത്. നിങ്ങൾ ഇല്ലാത്ത പക്ഷം രണ്ടു പോലീസുകാരെ കാവലിന്നയക്കേണമെന്നു തങ്കമണി അപേക്ഷിക്കുന്നു. വരാതിരിക്കരുതേ.'

എഴുത്തിലെ വർത്തമാനം ഗുരുനാഥപിള്ളയോടു പറഞ്ഞു. അതനുസരിച്ചു പോകുന്നതു ഗുരുനാഥപിള്ളക്ക് അത്ര ബോദ്ധ്യമായില്ല. എന്തായാലും തന്നെ പോകുന്നതു യുക്തമല്ലെന്നു പറഞ്ഞു കൈത്തോക്കും കയ്യിലെടുത്തു ഗുരുനാഥപിള്ളയും കൂടെ പുറപ്പെട്ടു. ഒരു പോലീസ്സുദ്യോഗസ്ഥനും മുഴുവനും കീഴിലിരിക്കുമ്പോൾ ഗുരുനാഥപിള്ളയെ ബുദ്ധിമുട്ടിക്കേണ്ടാവശ്യമില്ലെന്നും വല്ല സഹായവും വേണമെന്നു നിർബ്ബന്ധിക്കുന്നപക്ഷം കൈത്തോക്കിന്റെ സഹായം മാത്രം മതി എന്നും പറഞ്ഞ് അതു വാങ്ങി സഭാപതിപിള്ള തനിച്ചു വണ്ടിയിൽ കയറി അമ്മനായിലേക്കു തിരിയെ വന്നു.

മണിരാമനും തങ്കമണിയും ദാസിമാരും തങ്കമണിയുടെ കെട്ടിടത്തിന്റെ മുകളിൽ പിള്ളയുടെ വരവു കാത്തിരിക്കയായിരുന്നു. പിള്ള കയറിച്ചെന്ന ഉടനെ സല്ക്കരിച്ചു മുകളിൽതന്നെ കിടക്ക വിരിച്ചുകൊടുത്തു. സ്ത്രീകളെല്ലാം അറയിലും മണിരാമനും സഭാപതിപിള്ളയും തളത്തിലുമാണ് കിടന്നത്.

സ. പി — വല്ല നിധിയും ഇവിടെ ഉള്ളതായിട്ടു കേൾവിയുണ്ടോ?

മ. രാ — കേട്ടിട്ടില്ല. പക്ഷെ ഇല്ലെന്നു വിചാരിക്കാനും പാടില്ല.

സ. പി — ആ തകിടും കൂടും അങ്ങിനെ വല്ല അറിവും കൊടുക്കുന്നതായിരിക്കാമെന്ന് എനിക്കു തോന്നുന്നു. എന്താ അങ്ങടെ അഭിപ്രായം?

മ. രാ — ഇങ്ങിനെയുള്ള കാൎയ്യത്തിൽ എന്നെപ്പോലെ ഉള്ളവരുടെ അഭിപ്രായം കാശിനു വിലയില്ല. നിങ്ങളുടെ ഊഹങ്ങൾ പിഴച്ചു കണ്ടിട്ടുമില്ല.

സ, പി — അഭിപ്രായത്തിനു വിലയുണ്ടോ ഇല്ലയൊ എന്നു മററുള്ളവരല്ലെ തീൎച്ചയാക്കേണ്ടത്? അതിനെപ്പററി നിങ്ങൾ വല്ലതും ആലോചിച്ചിട്ടുണ്ടെങ്കിൽ അതെന്തെന്നറിവാൻ ആഗ്രഹമുണ്ട്.

മ. രാ — തകിടും കൂടും എന്തിനുള്ളതായിരിക്കുമെന്നു ഞാൻ ആലോചിച്ചില്ല. നിങ്ങൾ പറഞ്ഞേടംകൊണ്ടു നിങ്ങടെ ഊഹം ശരിയായിരിക്കുമെന്നു തോന്നുന്നു.

സ. പി — ഇവിടെ ചിലവു കഴിച്ചു കൊല്ലുന്നതിൽ എന്താദായമുണ്ടെന്നറിയാമോ?

മ. രാ — നിശ്ചയമില്ല.

സ. പി — സുമാറായിട്ടറിഞ്ഞാൽ മതി.

മ. രാ — കണക്കു നോക്കിയാൽ തിട്ടമായിട്ടുതന്നെ അറിയാമല്ലോ.

സ. പി — കണക്കു ആരുടെ കൈവശത്തിലാണെന്നറിയാമോ?

മ. രാ — താക്കോലുകളെല്ലാം ജഗന്മോഹിനി അമ്മാൾ കൊണ്ടു പോയിരിക്കുന്നു.

ഈ സംഭാഷണത്തിനു ശേഷം രണ്ടു പേരും മിണ്ടാതെ കിടന്നു. നേരം പുലൎന്നപ്പോൾ രണ്ടാളും താഴത്തിറങ്ങി. ജഗന്മോഹിനി അമ്മാളെ വിട്ടയക്കാൻ ഒരാളെ സ്റ്റേഷനിലേക്കയച്ചു. അതിനു ശേഷം രണ്ടാളുംകൂടി തെക്കിൻകാട്ടിലേക്കു ചെന്ന് തലേദിവസം അടയാളംവെച്ച ദിക്കിൽനിന്നു കാലടികളെ പിന്തുടൎന്നു തുടങ്ങി. പത്തുപതിനഞ്ചടി തെക്കോട്ടു പോയപ്പോൾ അവിടെവെച്ച്, പിരിഞ്ഞപോലെ ഒരുത്തന്റെ കാലടികൾ കിഴക്കോട്ടു പോവതായി കണ്ടു.

സ. പി — ഞാൻ എടത്തു കള്ളന്റെ പിന്നാലെ പോയിട്ടു വരട്ടെ. നിങ്ങൾ വലത്തു കള്ളനെ കാത്തുനില്ക്കും,

മ. രാ— എടത്തു കള്ളനാണെന്ന് എങ്ങിനെ അറിഞ്ഞു?

സ. പി— കിഴക്കെ വളപ്പിൽനിന്നു തെക്കോട്ടു നോക്കീട്ടാണ് അവ മനായുടെ കിഴക്കെ ചുമരിലേക്ക് എറിഞ്ഞിട്ടുള്ളത് എന്നു അവ ന്റെ വലത്തെ കാലടി അധികം ഊന്നിക്കണ്ടതുകൊണ്ടറിഞ്ഞു. അങ്ങിനെ എറിയേണമെങ്കിൽ എടത്തു കള്ളനായിരിക്കണം.

മ. രാ— നിങ്ങൾ വല്ലാത്ത മനുഷ്യൻ. ഞാൻ കാത്തു നില്ക്കുന്നവ ന്റെ അടയാളം വല്ലതും ഊഹിച്ചിട്ടുണ്ടോ?

സ. പി— അതും ഉണ്ട്.

മ. രാ—പോയി പിടിച്ചുകൊണ്ടു വരു. (സഭാപതിപിള്ള എടത്തു കള്ളനെ പിന്തുടൎന്നു പോയി. മണിരാമൻ തെക്കോട്ടു പോയ കാലടികളെ നോക്കുന്ന മദ്ധ്യേ ഒരു ശബ്ദം കേട്ടു തിരിഞ്ഞു നോ ക്കിയപ്പോൾ സഭാപതിപിള്ള ഒരു കുഴിയിൽ,!

മണിരാമൻ ഓടിച്ചെന്നു നോക്കിയപ്പോൾ വളപ്പിലെ കുഴ ങ്ങിൻ തൈകൾ നനക്കേണ്ടതിന്നു വെള്ളം നിറെപ്പാൻ ഭൂമിയിൽ കുഴിച്ചിട്ടിരുന്ന ഒരു മൺതൊട്ടിയുടെ അടിയിൽ ഒരു തടിച്ച കടലാ സ്സിൽ മുനമേല്പോട്ടാക്കി തറച്ചു വെച്ചിരുന്ന മൊട്ടുസൂചികൾ സ ഭാപതിപിള്ളയുടെ കാലിൽ കയറിയിരിക്കുന്നു. തൊട്ടിയുടെ മുക ളിൽ ചുള്ളിക്കൊമ്പുകൾ നിരത്തി മേലെ മണ്ണിട്ടിരുന്നതുകൊണ്ട് സഭാപതിപിള്ള ചതി അറിഞ്ഞില്ല. കാലിൽ കയറിയിരുന്ന മൊ ട്ടുസൂചികൾ ഒരു വിധം വലിച്ചെടുത്തു. രക്തം ഒഴുകിക്കൊണ്ടിരു ന്ന കാൽനോക്കാതെ സഭാപതിപിള്ള സൂചികളേയും കടലാസ്സി നേയും സൂക്ഷിച്ചു നോക്കുന്നത് മണിരാമൻ കണ്ടപ്പോൾ,

മ. രാ— എന്താ ഹേ, നിങ്ങടെ കാൽ സ്വന്തം കാലോ ആരാന്റെ കാലോ?

സ. പി— സൂചിയിൽ വിഷമുണ്ടോ എന്നു നോക്കുകയാണ് ചെയ്യു ത്. അതോടുകൂടി കടലാസ്സു എവിടുന്നു വന്നതാണെന്നറിയാൻ തരമുണ്ടോ എന്നു നോക്കി. കള്ളൻ എന്നെ പററിച്ചു എങ്കി ലും അവനെ ഞാൻ പിടിക്കും.

കുറെ ഉണ്ണി കൊണ്ടുവരിച്ച് കാലിൽ കെട്ടി. പിന്നെയും അടികളെ പിന്തുടൎന്നു. തീവണ്ടി ആപ്പീസ്സിലേക്കുള്ള വഴിയിൽ എടത്തു കള്ളൻ ചെന്നു ചേൎന്നിട്ടുണ്ടെന്നു കണ്ടപ്പോൾ സഭാപതി പിള്ള അവിടുന്നു തിരിച്ചു സമീപത്തുള്ള ഒരു ഷാപ്പിൽ കയറി, ഒരു

ഷാപ്പിൽനിന്നു തലേന്നു രാത്രി മൊട്ടസൂചികൾ വിററിട്ടുണ്ടെന്നറിഞ്ഞപ്പോൾ ഷാപ്പുകാരനോടു ചോദിച്ച് സൂചിയും തൈച്ച കടലാസ്സും വാങ്ങിയവൻ ഒരു തമിഴനാണെന്നും ഭാഷകൊണ്ട് മദ്രാശിക്കാരനാണെന്നും മനസ്സിലാക്കി. ഉടനെ തീവണ്ടി ആപ്പീസ്സിൽ ചെന്നു ചില കമ്പികൾ കൊടുത്തു. സഭാപതിപിള്ള അരമനയിലേക്കു തന്നെ മടങ്ങി.

സഭാപതിപിള്ള മടങ്ങി എത്തിയതിന്ന് അല്പം മുമ്പു ജഗന്മോഹിനിയെ പോലീസ് സ്റ്റേഷനിൽനിന്ന് കൂട്ടിക്കൊണ്ടു വന്നിട്ടുണ്ടായിരുന്നു. സഭാപതിപിള്ള വന്നപാടെ കണക്കുകൾ എടുത്തുനോക്കി മണിരാമനേയും ജഗന്മോഹിനിദാസിയേയും കൂട്ടി നിർത്തി പണവും വിലപിടിച്ച സാധനങ്ങളും സൂക്ഷിക്കുന്ന അറ തുറക്കാൻ പറഞ്ഞു. ഉദയമാർത്താണ്ഡൻ അല്ലാതെ വേറെ ആരും ആ പൂട്ടു തുറക്കാൻ പാടില്ലെന്നും തുറന്നാൽ വലിയ അപകടമുണ്ടാവുമെന്നും അദ്ദേഹം പണ്ടൊരിക്കൽ പറഞ്ഞിട്ടുണ്ടെന്നും അതുകൊണ്ടു തനിക്കു തുറക്കാൻ ധൈര്യമില്ലെന്നും പറഞ്ഞു ജഗന്മോഹിനി താക്കോൽ സഭാപതിപിള്ളയുടെ കയ്യിൽ കൊടുത്തു. അദ്ദേഹം താക്കോൽ വാങ്ങി അറയുടെ വാതിൽ പരിശോധിച്ചപ്പോൾ അസാധാരണമായി യാതൊന്നും കണ്ടില്ല. വാതിൽ തുറന്ന് ഉള്ളിൽ കടന്നു. നിലം മുതൽ സാമാന്യം തട്ടുവരെ ഉയരമുള്ളതും അഞ്ചുചതുരം സമചതുരമുള്ളതുമായ ഒരു ഇരിമ്പു പെട്ടിയായിരുന്നു അതിന്നകത്ത്. കാലിൽ ഉണ്ടായിരുന്ന ചുള്ളാപ്പുള്ളികളത്ത് തറിക്കു കാലെത്തു പിണഞ്ഞതിനെ നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നതുകൊണ്ട് ആ ഇരിമ്പു പെട്ടിയുടെ സമീപത്ത് ആലോചിച്ചുകൊണ്ടു വളരെ നേരം നിന്ന ശേഷമാണ് അതിനെ തൊട്ടിട്ടുള്ളത്. ഇരിമ്പു പെട്ടിയുടെ അകത്തേക്കു കടക്കാനുള്ള വാതിൽ ഒന്നരച്ചാൺ അകത്തോട്ടു തള്ളിട്ടായിരുന്നു. വാതിൽ ഒരു പലകയല്ലെന്നും ഒപ്പം വലിപ്പത്തിലുള്ള ആറു പലകകൾ നിരത്തി നിരന്നിട്ടാണെന്നും സഭാപതിപിള്ള നോക്കി മനസ്സിലാക്കി. കൈകൾ സമീപത്തു കൊണ്ടുവരാതെ തുറന്നാൽ വലിയ അപകടം വരാൻ മാർഗ്ഗമില്ലെന്നു സൂക്ഷ്മമായി അനുമാനിച്ചു ഒരു കരുവാനെക്കൊണ്ടു വന്നു നീളമുള്ള ഒരു കൊടിൽകൊണ്ടു താക്കോൽ പിടിച്ചു കഴിയുന്നതും ദൂരത്തും നേർ മാർഗ്ഗം ഒഴിച്ചും നിന്നു തുറക്കാൻ പറഞ്ഞു. അവൻ തുറന്നപ്പോൾ ഇരുപുറത്തുനി

ന്നും രണ്ടിരിമ്പു പലകകളും അതിശബ്ദത്തോടുകൂടി വന്നു ചേൎന്നു കൊണ്ടിൽ അതിന്നിടയിൽ പെട്ടകയും പെട്ടിയുടെ മുകളിൽ ഘോരമായ ശബ്ദത്തോടുകൂടി മണി അടിച്ചു തുടങ്ങുകയും ചെയ്തു. കണ്ടവൻ ഭയപ്പെട്ടു പുറത്തേക്കു ചാടിയതു് ആരും അറിഞ്ഞില്ല. മണി അടിച്ചു കഴിയുന്നതുവരെ സഭാപതിപിള്ള ആ നില്പിൽനിന്നു് അനങ്ങീട്ടില്ല. അതിന്നുശേഷം അദ്ദേഹം ആ കൊണ്ടിൽ പിടിച്ചു അങ്ങുമിങ്ങും ഇളക്കി നോക്കിയപ്പോൾ ഒരിഞ്ചുപോലും അനങ്ങുന്നില്ല. പുറത്തുവന്നു് ഈ പെട്ടി ഉണ്ടാക്കിയ കാലം ചോദിച്ചറിഞ്ഞു. ആ കൊല്ലത്തെ കണക്കു പരിശോധിച്ചു പെട്ടി ഉണ്ടാക്കിയവന്റെ പേർ അറിഞ്ഞു. പെട്ടിയുടെ സമീപത്തു് അടിച്ചുവാരാത്തപോലെ മണ്ണു് അധികം കണ്ടു ചില സംശയങ്ങളും ഉണ്ടായാൽ ഒന്നും പരിശോധിക്കാനില്ലെന്നുള്ള ഭാവത്തോടുകൂടി അരമനയുടെ മിററത്തു നടന്നു പെട്ടി തുറക്കേണ്ടതിന്നു് അതുണ്ടാക്കിയവനെ തന്നെ കൂട്ടിക്കൊണ്ടു വരാൻ താൻ പോകുന്നു എന്നു പറഞ്ഞു തീവണ്ടി ആപ്പീസ്സിലേക്കു പോന്നു. വഴിയാക്കുവാനാണെന്നു പറഞ്ഞു മണിരാമനുംകൂടെയുണ്ടു. സ്റ്റേഷൻമാസ്റ്ററും സഭാപതിപിള്ളയുംകൂടി കുറെനേരം സ്വകാൎയ്യം പറഞ്ഞതിന്നുശേഷം ഇൻസ്പെക്ടർ കഠശിക്കു ടിക്കട്ടുവാങ്ങി. വണ്ടിയിൽ കയറി വണ്ടി നീങ്ങി. മണിരാമൻ സലാം പറഞ്ഞു പിരിഞ്ഞു.

കാരാട്ട അച്യുതമേനോൻ ബി. എ. ബി. എൽ.

---

# പലവക

## പുസ്തകപരിശോധന

### പാറപ്പുറം

മറുഭാഷയിൽ പ്രതിപത്തിയും മാതൃഭാഷയിൽ വിരക്തിയും നടിയ്ക്കുന്ന അല്പജ്ഞന്മാൎക്കും ഇതരഭാഷകളിൽകൂടി വ്യുല്പന്നന്മാരായ കേരളീയൎക്കും പാരക്കേ രസികത്വമുണ്ടാക്കുന്നതായ ഒരു മലയാള

ഗ്രന്ഥം പുറത്തുവന്നിട്ടുണ്ടെന്നു പരസ്യപ്പെടുത്തുവാൻ ഞങ്ങൾക്ക ഇടവന്നതിന്നു കെ. രാമകൃഷ്ണപിള്ള അവർകൾ കേരളഭാഷാഭിമാനികളിൽ പലക്കും അപരിചിതനാവാനിടയില്ല. അദ്ദേഹമാണ് പാറപ്പുറം എന്ന ഈ നവഗദ്യകാവ്യത്തിന്റെ പ്രസാധകൻ. ഈ കഥാപുസ്തകത്തിന്റെ ഗുണദോഷത്തെപ്പററി ഒരു പണ്ഡിതരസികൻ നിഷ്പക്ഷപാതമായി പറഞ്ഞിട്ടുള്ള അഭിപ്രായത്തെ പുസ്തകത്തിന്റെ അവതാരികയിൽ ചേൎത്തിട്ടുള്ളതു എത്രയും ശരിയായിരിക്കുന്നു. സമുദായകാൎയ്യങ്ങളും രാജ്യകാൎയ്യങ്ങളും ഇടതൂൎന്നു നില്ക്കുന്ന ഈ നോവലിന്റെ പല ഭാഗങ്ങളും കഥാരചനയിൽ അസാമാന്യമായ ബുദ്ധിവൈഭവത്തെത്തന്നെയാണ് തെളിയിക്കുന്നത്. മനുഷ്യസ്വഭാവവൈചിത്ര്യത്തെ ഇത്രത്തോളം സൂക്ഷ്മമായി അറിഞ്ഞ് ജീവിതതത്വജ്ഞാനത്തെ വെളിപ്പെടുത്തിട്ടുള്ള കവികൾ ചുരുക്കം മാത്രമേയുള്ളു എന്ന് പുസ്തകം വായിച്ചപ്പോൾ ഞങ്ങൾക്കു തോന്നിപ്പോയി.

ഈ ഗ്രന്ഥകൎത്താവ് ആരാണെന്നു പ്രസാധകൻ രാമകൃഷ്ണപിള്ള അവർകൾക്കുതന്നെ നിശ്ചയമില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. വായനക്കാരുടെ മനസ്സിനെ നിഷ്പ്രയാസം വികസിപ്പിച്ചുല്ലസിപ്പിക്കുന്ന ഈ കഥയുടെ ഉടമസ്ഥൻ തന്റെ പേരിനെ പുറത്തു വിടാൻ മടിക്കുന്നതു ഗദ്യപദ്യങ്ങളെഴുതിയാൽ പയററിപ്പുളിപ്പു തീരാത്തതുകൊണ്ടോ സ്വായത്തസിദ്ധിക്കു വക മതിയായില്ലെന്നു ഭയപ്പെട്ടോ ആയിരിക്കാം. എന്നാൽ സദൃശന്മാരായ ആധുനികഗ്രന്ഥകാരന്മാരുടെ പേർവിവരപ്പട്ടികയിൽ ഈ ഗ്രന്ഥകൎത്താവിന്റെ പേരും ചേൎക്കേണ്ടതാണെന്നു മാത്രമല്ല ഈ പേർ പട്ടികക്കു ചോടെ ചേൎക്കാതെ ഒന്നാമസ്ഥാനത്തു തിരുത്തി ചേൎക്കേണ്ടതാണെന്നുകൂടി ഞങ്ങൾക്കു അഭിപ്രായമുണ്ട്. സരസനും വിദ്വാനും ആയ ഈ മഹാന്റെ തിരനോട്ടത്തിനുള്ള തക്കവസരം ഈ ഉദ്യമംകൊണ്ട് ധാരാളം കിട്ടിട്ടുണ്ടെന്നു ഈ പുസ്തകം വായിക്കുന്നവരെല്ലാം ഒരുപോലെ സമ്മതിക്കുമെന്നാണ് ഞങ്ങളുടെ ദൃഢമായ വിശ്വാസം

## ചതിക്കുചതി എന്ന വിക്രമീയപ്രതിക്രിയ

ഒരു നോവൽ വായിക്കുന്നതു കേവലം കഥയെ ഗ്രഹിച്ചു വിനോദിക്കുവാനും സമയം കളവാനും മാത്രമല്ല. സന്മാൎഗ്ഗോപദേശങ്ങളേയും സദുപദേശങ്ങളേയും നൽകുന്നതു ഒരു നോവലിൻെറ ധൎമ്മമാകുന്നു. അതോടുകൂടി വായനക്കാൎക്കു സമുദായാചാരങ്ങളുടേയും സ്വദേശരീതികളുടേയും യഥാൎത്ഥ്യത്തെ വ്യക്തമാക്കിക്കൊടുക്കുമ്പോഴും, നോവൽ വായനക്കാൎക്ക് അപരിമിതമായ ഗുണത്തെ ഉല്പാദിപ്പിക്കുന്നതായി ഭവിക്കുന്നു. കഥാപാത്രങ്ങളും കഥാസംഭവങ്ങളും മനുഷ്യപ്രകൃതിക്കു യോജിച്ചിരിക്കുമ്പോഴും നോവൽവായനയിൽനിന്നുണ്ടാകുന്ന രസം ബുദ്ധിയെ പ്രഹൎഷിപ്പിക്കുകയും ചെയ്യുന്നതാണല്ലൊ' എന്നും മററം പാറപ്പുറം എന്ന നോവലിൻെറ അവതാരികയിൽ പറഞ്ഞിട്ടുള്ളതു പ്രകൃതപുസ്തകത്തിൻെറ കൎത്താവ് R. A. M. എന്ന ആൾ പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണെന്നും ആഭാസവും അസഭ്യവുമായ വിഷയങ്ങളെ പ്രതിപാദിച്ചു പണ്ഡിതന്മന്യന്മാരുടെ സമക്ഷത്തു നിന്ദാപാത്രമായിത്തീരരുതെന്നും ഞങ്ങൾ ഈ ഗ്രന്ഥകാരനോടു അപേക്ഷിക്കുന്നതിനു പുറമെ ഈ പുസ്തകം കേരളീയരുടെ ഇടയിൽ പ്രചാരമായ്ത്തീരുന്നതു ജനസമുദായത്തിൻെറ സദാചാര വൃദ്ധിക്ക് ഒരു വലിയ സഹായമായിത്തീരുന്നതാണെന്നുകൂടി ഈ ഗ്രന്ഥകൎത്താവിനെ അറിയിക്കാതെ ഇരിപ്പാൻ ഞങ്ങൾക്കു ക്ഷമ വരുന്നില്ല. ഗ്രന്ഥംകൊണ്ടു ഗ്രന്ഥകാരൻെറ പ്രകൃതി ഊഹിക്കാവുന്നതാണെങ്കിൽ ഈ ചെറിയ പുസ്തകകൎത്താവു സദ്വൃത്തനാകേണ്ടതിന്ന് അതിവേഗത്തിൽ കഴിയുന്നശ്രമം ചെയ്യേണ്ടതാണെന്നുകൂടി പറയാം.

---

ഗുരുവായൂരപ്പൻ:— നടുവത്തു മഹൻനമ്പൂരി അവർകളുടെ ഈ ചെറിയ ഗാനപുസ്തകം എടനാടുകളിലുള്ള വനിതമാൎക്ക് അത്യന്തം ഉപകാരപ്രദമായിരിക്കും.

---

ശ്രീരാമോദന്തംഭാഷ— കൊല്ലേങ്കോട്ട പി. കെ. വേലുമേനോൻ അവർകളുടെ ശ്രമം അഭിനന്ദിക്കത്തക്കതുതന്നെ. ഈ ബാലക:

വ്യംതൎജ്ജമ ചെയ്യുവാൻ പുറപ്പെട്ടത് ഒട്ടു തന്നെ സാഹസമായിട്ടില്ല. കവികളുടെ വ്യുൽപത്തി ദാർഢ്യവും തൎജ്ജമകളുടെ വാസനയും ഉണ്ടെന്നു ഈ ചെറിയ പുസ്തകം വെളിപ്പെടുത്തുന്നുണ്ട്. ഇദ്ദേഹം ഇതു പോലെയുള്ള വിഷയങ്ങളിൽ പരിശ്രമിച്ചു പ്രസിദ്ധിസമ്പാദിക്കുവാൻ ഇടയാകട്ടെ.

---

കൎഷകവിലാപം — കേരളത്തിലുള്ള കൃഷിയുടെ ഗുണദോഷങ്ങളെപ്പററിയുള്ള സാമാന്യസ്വരൂപം ആവശ്യപ്പെടുന്നവൎക്കെല്ലാം ഈ പദ്യപുസ്തകം ഒരു വലിയ സഹായമായിരിക്കും. ബാവലാശ്ശേരി അച്യുതമേനോൻ ബി. എ. അവർകൾക്കു ഇങ്ങിനെ ഒരു ഗ്രന്ഥം ഉണ്ടാക്കേണമെന്നു തോന്നിയതു കൃഷികാൎക്കു ഒരു അഭ്യുദയകാലമാണെന്നു പറയാം. ലളിതരീതിയിൽ ചെറിയ വൃത്തത്തിൽ ഒരുനൂറെറാന്നു ശ്ലോകം അടങ്ങിട്ടുള്ള ഈ ഗ്രന്ഥം എല്ലാവരും വായിച്ചറിയേണ്ടതാണ്.

---

ആദ്രന്റെ ആഗമനം — സി. എസ്സ്. സുബ്രഹ്മണ്യൻപോററി അവർകളുടെ കവിതാവാസനയും തൎജ്ജമകളുള്ള മിടുക്കും എത്രത്തോളമുണ്ടെന്നു സാഹിത്യവിഷയത്തിൽ പരിശ്രമിക്കുന്നവൎക്കെല്ലാം അറിവാനിടവന്നിട്ടുണ്ടായിരിക്കണം. ഇക്കാൎയ്യത്തിൽ വല്ല സംശയവും വല്ലവൎക്കും ഉണ്ടാകുന്നുണ്ടെങ്കിൽ അവർ പ്രസ്തുതപുസ്തകത്തെ കുറഞ്ഞൊന്നു വായിച്ചാൽ തീരുന്നതുമാണ്. ഇദ്ദേഹം പദ്യവിഷയത്തിൽ ഇതേവരെ ചെയ്തിട്ടുള്ള പരിശ്രമം കേരളീയൎക്കു ഉപകാരപ്രദമായിട്ടുതന്നെയാണ് പരിണമിച്ചിട്ടുള്ളത്.

ശേഷം പുസ്തകങ്ങളുടെ അഭിപ്രായം വഴിയെ.

---

തടുക്കുവാൻ പാടില്ലാത്ത കൃത്യാന്തരഗൌരവംകൊണ്ട് ഈ ലക്കം രഞ്ജിനി പതിവിലധികം താമസിച്ചു പോയതിനെപ്പററി വായനക്കാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

# P. SUBBAROY'S

## World-renowned and most efficacious Ayurvedic medicine

പി. സുബ്ബറായിയുടെ ലോകപ്രസിദ്ധങ്ങളും ഏററവും ഫലവത്തുകളും ആയ ആയുർവേദ ഔഷധങ്ങൾ.

---

### 27. അശോകഘൃതം.

തെററിയുണ്ടാവുന്ന തീണ്ടാരി, വേദനയോടുകൂടി പ്രതിമാസമുണ്ടാകുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ അടികയറിലുണ്ടാകുന്ന വേദന, കാലനിർണ്ണയമില്ലാത്ത തീണ്ടാരി, മാസമൊതാവുമുണ്ടാകുന്ന തീണ്ടാരിയിൽ അധികരിച്ചോ ചുരുങ്ങിയതോ ആയ രക്തപ്പോക്ക് മച്ചി എന്ന അവസ്ഥ സാധാരണയായ ഗർഭചലനം എന്നി ... ങ്ങളെല്ലാം ക്രമം തെററിയ തീണ്ടാരിനിമിത്തമുണ്ടാകുന്ന മററുപ്രകാരങ്ങളെല്ലാം ... ശമിപ്പിപ്പാൻ ഇത് ഏററവും വിശേഷപ്പെട്ട ഒരു ഔഷധമാകുന്നു. മാസംതോറും ... വേണ്ടുന്ന തീണ്ടാരിക്ക ഇത് ഔഷധം ഉത്തമമായതും ഫലിതമായതുമാകുന്നു. ... സുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകേണ്ടതിന്ന ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാണ്. കുപ്പി 1 ക്ക വില 1—0—0 ഒന്നോ രണ്ടോ കുപ്പികൾക്ക വി. പി. ചാർജ്ജ 5ണ പുറമെ.

### 28. ബൃഹൽചന്ദ്രോദയമകരധ്വജം.

മനക്കലമ്പത്തോടുകൂടിയ ദൌർബ്ബല്യം സതപക്ഷയം വാർദ്ധക്യകാല്ല വിസ്ഥ... നിരസ്ഖലിതം എന്നിവകൾക്ക ഇവ വിലയേറിയ ഒരു ഔഷധമാകുന്നു. ഇതിന്റെ ഫലിതം അത്ഭുതകരവും ആയതു നാലുംകനോം അല്പബുദ്ധിയോടുകൂടി കാണപ്പെടാവുന്നതും ആകുന്നു. ചെറുപ്പം നിമിത്തമുണ്ടായ ദുർവൃത്തികളാൽ യൌവനം നഷ്ടപ്പെട്ടു പോയിട്ടുള്ളവർ ഇത് ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണ്. അല്പകാലത്തിനുള്ളിൽ ഇത് അവരെ യൌവനമാക്കിത്തീർക്കുമെന്നുള്ള നിശ്ചയമാണ്. ഒരു ആൾക്ക വേണ്ടുന്നതിന്ന വില 3 ക. വി. പി. ചാർജ്ജ 5ണ. പുറമെ.

### 29. ച്യവനപ്രാശം.

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാ രോഗങ്ങൾക്കും ഇതു ഉത്തമം ഔഷധമാകുന്നു. ക്ഷയസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കു

---

**പി. സുബ്ബറായി, പറങ്കിപ്പേട്ട, തെക്കേ ആർക്കോട്ട് ജില്ല.**

ഇതു ക്രമപ്പെട്ട ഒരു ശ്രേഷ്ഠൌഷധമാണെന്നു മാത്രമല്ല സൌന്ദര്യത്തെയും ബലത്തെയും കൂടി ഉണ്ടാക്കുന്ന ഒന്നാണ്. തൊണ്ടപ്പുണ്ണു ചുമയടപ്പു ക്ഷയം ഏക്കം തൊണ്ടയിലുള്ള അസഹ്യതയോടുകൂടിയ കഫ എന്നിവയും ചൊറയേയും ശ്വാസനാഡികളെ സംബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും ച്യവനപ്രാശം കൈകണ്ട ഒരു മരുന്നാകുന്നു. അളുക്ക 1 ക്കു വില 2ക. വി. പി. ചാർജ്ജ 5ണ. പുറമെ.

## 30. മകരധ്വജം.

ഇതിനു സമമായ ഒരു യോഗം ഔഷധവർഗ്ഗത്തിൽ വേറെയൊന്നില്ല. മകരധ്വജ ഔഷധത്തിന്റെ ഉപയോഗത്താൽ തീരെയോ അല്പമായെങ്കിലുമോ നിവൃത്തികിട്ടാത്ത രോഗങ്ങളുമില്ല. ഏതു കാരണത്താലും ഉണ്ടാകുന്ന ബലക്ഷയങ്ങളിൽ ഇതു ഏറ്റവും തൃപ്തികരങ്ങളായ ഫലങ്ങളെ ഉണ്ടാക്കുന്നതാകുന്നു. ദീർഘകാലം വിഷമജ്വരം മുതലായ എല്ലാതരം ജ്വരങ്ങളും ചലംപോക്ക് സ്രാവം പ്രമേഹം പ്രസവാനന്തരമുണ്ടാകുന്ന ഉപദ്രവങ്ങളും ജലദോഷം കഫ ഏക്കം മഹാമാരി ഓർമ്മകേട നീര് വിഷൂചിക വയർപഴപ്പ് ഹൊനാക്കട് മന്ദത ബലക്ഷയം തലചുററൽ എന്നിവയെ ശമനപ്പെടുത്തുന്നതിനു മേത്തരമാകുന്നു. തോല 1 ക്കു വില 24ക. ഒരുപ്പു ഉപയോഗിക്കേണ്ടതിനു 1ക. വി. പി. ചാർജ്ജ 5 ണ പുറമെ.

## 31. വസന്ത കുസുമാകരം.

പ്രമേഹങ്ങളും ദൌർബ്ബല്യം അതിമേഹം നാവുവരൾച്ച കൈകാലുകളിൽ എരിച്ചൽ ക്ഷീണം മോഹാലസ്യം സ്രാവം പ്രയത്നത്തോടുകൂടിയ മൂത്രംവിട്ടൽ മുതലായ രോഗങ്ങൾക്കു ഇതു ഫലിതമായ ഒരു ഔഷധമാകുന്നു. ഒരാഴ്ചക്കു വേണ്ടതിനു വില 5ക. വി. പി ചാർജ്ജ 5 ണ. പുറമെ.

## 28. രക്തശുദ്ധി.

മനുഷ്യജീവന്റെ പ്രധാനകാരണം രക്തമാണെന്നു എവൎക്കും അറിയാവുന്നതാണ്. രക്തത്തിനു ശുദ്ധിയില്ലെങ്കിൽ വായിപ്പുണ്ണ് ചെങ്കണ്ണ് മൂക്കപ്പുണ്ണ് നെഞ്ഞുപ്പുണ്ണ് ശരീരമാസകലം കുരു ആണി വിക്കൽ ചൎമ്മത്തിൽ നിറഭേദം ഉള്ളുപ്പുണ്ണ് തലവേദന അഗ്നിമാന്ദ്യം ചൎമ്മത്തിനു ചുകപ്പും മാർദ്ദവമില്ലായ്മയും ചെകിട്ടും മൂക്കും വീങ്ങൽ പുഴുപ്പ് ബലക്ഷയം നീര് മുട്ടി കഴപ്പും തഴമ്പും മന്ദത സ്വാദില്ലായ്മ ചൊറിച്ചൽ എന്നിവയും ദുൎഗ്ഗന്ധമുണ്ടാക്കുന്ന മററെല്ലാം ചൎമ്മവ്യാധികളും രക്തദുഷ്യംകൊണ്ടുണ്ടാകുന്നതാകുന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീക്കം ചെയ്യാൻ രക്തശുദ്ധി എന്നപേരായ ഞങ്ങളുടെ ഔഷധം മേത്തരമാകുന്നു. ഇതു രക്തത്തെ ശുദ്ധീകരിക്കുന്നതും രക്തദുഷ്യത്താലുണ്ടാകുന്ന സൎവ്വവ്യാധികളേയും സുഖപ്പെടുത്തുന്നതും ശരീരത്തെ ക്രമപ്പെടുത്തി ബലപ്പെടുത്തുന്നതും രക്തത്തെ ഉണ്ടാക്കുന്നതും നിറത്തെ വരുത്തുന്നതും ആകുന്നു. 20 ദിവസത്തേക്കു വേണ്ടുന്ന അളുക്ക 1 ന്നു വില 2ക. ഒന്നോ രണ്ടോ അളുക്കുകൾക്കു വി. പി. ചാർജ്ജ 5 ണ. പുറമെ.

---

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.



മരുന്നു സേവിക്കുന്നതിനു മുമ്പ്

## 1. ലോകപ്രസിദ്ധമായ ധാതുപുഷ്ടികാരി

ധാതുനഷ്ടം, ബാലഹീനത ലക്ഷണമില്ലായ്മ വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ, മുതലായവയുടെ നിറമൽ, വീക്കഴിവ്, മധുമേഹം, ക്ഷയരോഗം (മൂത്രത്തിൽ) മുതലായ പലവിധ വ്യാധികളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.

ഡപ്പി ഒന്നിനു വില രൂപ 2. തപാൽ ചിലവു വകയ്ക്കു അണ 7 വേറെ



മരുന്നു സേവിച്ചതിന്റെ പിമ്പ്

## 2. പ്രമേഹനിവാരണി.

സിരാമേഹം ഉഷ്ണവലി, മൂത്രാധിക്യമായും തടഞ്ഞും പോകുക, മൂത്രം പുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവർത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനെയും ശമിപ്പിക്കും. കുപ്പി 1-ക്കു വില രൂപ 1 മൂന്നു കുപ്പികൾവരെയുള്ള ബാക്കിക്കു തപാൽ ചിലവു 5 ണ

## 3. സർവ്വവേദനസംഹാരി.

ഈ തൈലം അല്പം പിരട്ടിയാൽ തല കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വിഷം മുടക്കുവാതം നെഞ്ചുനോവു തലവേദന ഒരു ഭാഗത്തുണ്ടാകുന്ന ശൂല ഇടുപ്പുവേദന പാർശ്വവായു മേഹവായു തിമിരവായു മുതലായ പല വ്യാധികളും ഭേദപ്പെടും. കുപ്പി ഒന്നുക്കു വില രൂപ 1 തപാൽ ചിലവു അണ 5

## 4. മണ്ഡലകുഷ്ഠസംഹാരി.

മണ്ഡലകുഷ്ഠം, പുഴുക്കടി ചൊറി ചിരങ്ങ് എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌഷധം ചർമ്മരോഗങ്ങൾ പലതും മാറും. മേലാൽ മേഹകുഷ്ഠം മുതലായവയെ നശിപ്പിക്കും വില കുപ്പി ഒന്നിനു 4-ണ തപാൽ ചിലവു മൂന്നു കുപ്പി വരെ 5 ണ വേറെ

## 5. ലക്ഷ്മീകരകസ്തൂരി ഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സന്തോഷം ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന വായ്നാറ്റം, അജീർണ്ണം പിത്തവായു ഇവയെ ശമിപ്പിക്കും.

---

പി. സുബ്ബറായി പാരകിപ്പേട്ട, തെക്കെ ആർക്കാട്ടുജില്ല.



കനിച്ചു താംബൂലത്തോട്കൂടിയോ ഉപയോഗിക്കാം. ആഹാരത്തോട്കൂടി ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തെയും ദഹിപ്പിക്കും. പ്രസവകാലത്ത് താംബൂലത്തോട്കൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്ന വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചുമ കാസശ്വാസം ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറക്കുറവുപോലെ ഒന്നുമുതൽ 4 വരെ ഗുളികകൾ തേനൊച്ചാറിൽ കൊടുത്താൽ മതി. 200 ഗുളികകൾ ഉള്ള കുപ്പി 1-ക വില ആണ്. 1 മുതൽ 12 വരെ കുപ്പികൾ അയക്കുന്നതിന് തപാൽകൂലി 4 ണ.

### 6. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളെയും നീക്കും. വില കുപ്പി ഒന്നിന 3 ണ. തപാൽ ചിലവു 6 കുപ്പിവരെ 5 ണ വേറെ

### 7. ജ്വരസംഹാരി.

കുളിർപ്പനി ജ്വപ്പനി വാതപ്പനി പിത്തജ്വരം കഫജ്വരം അസ്ഥിജ്വരം മുതലായവക്കു നന്ന. വില ഡപ്പി ഒന്നിന 1 ക. തപാൽ ചിലവു 7 ണ വേറെ

### 8. ലോകപ്രസിദ്ധമായ സുഗന്ധകന്തളതൈലം.

ഈ തൈലം പുരട്ടിയാൽ തലമുടി മിനുസമായി ഇടതൂർന്നതായും തണുപ്പായും കറുപ്പായും വളരും. കണ്ണിന്ന കുളുർമ്മയുണ്ടാകും. സകല കൺദീനങ്ങളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറുക്കും. രോമം പൊഴിയാതിരിക്കും. കണ്ണിന്ന നല്ല തെളിച്ചമുണ്ടാകും. വില കുപ്പി ഒന്നിന 8 ണ തപാൽചിലവു 5ണ വേറെ.

### 9. രോമസംഹാരി

രോമം എവിടെ വേണ്ടാതാക്കണമോ അവിടെ ഈ മരുന്നു പുരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറ്റും. വില കുപ്പി ഒന്നിന 4 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ

### 10. അഗ്നിമാന്ദ്യസംഹാരി.

ദഹനമില്ലായ്മ പുളിച്ചുതികട്ടുക നെഞ്ചുകരിക്കുക മലബന്ധം വയറുനോവു വായനാറ്റം അജീർണ്ണം വയറുവീർത്തുകയറുക നിദ്രാഭംഗം മുതലായ പിത്തരോഗങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്കു അണ 8 തപാൽകൂലി 5 ണ വരെ

## 11. കൎണ്ണബിന്ദു.

ചീക്കാളു ചെവികുത്തു ചെവിയടപ്പു ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി 1ക്ക 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

## 12. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീൎണ്ണം പിത്തോപദ്രവങ്ങൾ വായു മലം പിടിത്തം അഗ്നിമാന്ദ്യം വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു 1 മുതൽ 4 വരെ ഡപ്പികൾക്ക 5 ണ വേറെ

## 13. നേത്രബിന്ദു.

കൺനോവു കൺകുത്തു ക്രച്ചം നീരെടുപ്പു മിന്നൽ മാലക്കണ്ണു പീളകെട്ടു ശെവകൂച്ച് പൂവു ചൊരപ്പു ഏറിച്ചിൽ ഇമ പൂരികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ

## 14. സ്ഖലിതരക്ഷണി.

ബാലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു 5 വരെ ഡപ്പികൾക്ക 5 ണ വേറെ

## 15. മൃഗകസ്തൂരി.

കാശ്മീരിൽനിന്നും വരുത്തിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട്. ത്രപാലുക്കത്തിനു 48 ക. വില. ഒരു ത്രപാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും തപാൽ ചിലവു പുറമെ എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലോ ആയിരിക്കണം.

## 16. തേൾവിഷത്തിനു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി 1 ക്ക 2 ക 8 ണ. 12 കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്ക ഡസൻ 1 ക്ക 2 ക 8 ണ. ഉള്ള വിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി പി കമ്മീഷൻ 5 ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും 12 കുപ്പിവരെ വി. പി. കമ്മീഷൻ 5 ണ. സിലോൺ ടി 7 ണ

---

പി. സുബ്ബറായി പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട ജില്ല.

## 17. വ്രണവിരോപണ തൈലം.

ഈ കുഴമ്പു പിളർപ്പു മുതലായ എല്ലാ വിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും ശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില 4 ണ മൂന്നു കുപ്പിവരെ വി പി കമ്മീഷൻ 6 ണ മാത്രം

## 18. കണ്ഠശുദ്ധിഗുളിക.

ഇതു കണ്ഠം തെളിയുന്നതിനും ശബ്ദം നന്നാക്കുന്നതിനും അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാർക്ക പ്രസംഗക്കാർക്കും പാതിരിമാർക്കും സ്വരവയവം കൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവർക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില 3 ണ വി പി കമ്മീഷൻ 6 കുപ്പിവരെ 6 ണ.

## 19. സ്നാനചൂർണ്ണം.

ഈ പൊടി തേച്ചു കുളിക്കുന്നതിനു വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുർഗ്ഗന്ധവും കളഞ്ഞു ശോഭയും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിനാൽ പുരുഷദേഹത്തിനു ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇതു ഇന്ത്യയിലുള്ള എല്ലാവർക്കും വേണ്ടതാകുന്നു. വില 8ണ വി പി കമ്മീഷൻ 3 ണ

## 20. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാകുന്ന പനി ജലദോഷം തലവേദന ചുമ അതിസാരം ശ്വാസം ഉറക്കമില്ലായ്മ ഇളക്കം അന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു വയസ്സന്മാർക്കും അതുപോലെ ഉപകരിക്കാവുന്നതാകുന്നു. വില 10 ണ വി പി കമ്മീഷൻ 6 കുപ്പിവരെ 5ണ

## 21. ഒന്നാംതരം ഗോരോചന ഗുളിക.

എല്ലാവിധ പനികൾക്കും ഒട്ടു സംബന്ധമായി പ്ലീഹ, കരള ഇവകളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അരുചി, ഉറക്കമില്ലായ്മ, അന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതിവിശേഷമായ ഔഷധമാകുന്നു. വില 5 ണ. വി. പി. കമ്മീഷൻ 6 കുപ്പിവരെ 5 ണ

---

## 11. കൎണ്ണബിന്ദു.

ചിക്കാത്ത ചെവികുത്തു ചെവിയടപ്പ് ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസുഖത്തെയുണ്ടാക്കും. വില കുപ്പി 1ക്ക 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

## 12. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീൎണ്ണം പിത്തോപദ്രവങ്ങൾ വായു മലം പിടിത്തം അഗ്നിമാന്ദ്യം വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു 1 മുതൽ 4 വരെ ഡപ്പികൾക്ക 5 ണ വേറെ

## 13. നേത്രബിന്ദു.

കൺനോവു കൺകുത്തു കൃച്ഛ്രം നീരെടുപ്പു മിന്നൽ മാലക്കണ്ണു പീളകെട്ടു, ഒരവളുപ്പു പൂവു ചൊരപ്പു എരിച്ചിൽ ഇത ചുരികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ

## 14. സ്ഖലിതരക്ഷണി.

ബലഹീനതയാലും അത്യുഷ്ണത്താലും മററും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിനു 8 ണ തപാൽ ചിലവു 5 വരെ ഡപ്പികൾക്കു 5 ണ വേറെ

## 15. മൃഗകസ്തൂരി.

കാശ്മീരിൽനിന്നും വരുത്തിയുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസ്സിൽ ഉണ്ട്. രൂപാത്തൂക്കത്തിന്നു 48 ക. വില. ഒരു രൂപാമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും തപാൽ ചിലവു പുറമെ എഴുത്തുകുത്തുകൾ എല്ലാം. ഇംഗ്ലീഷിലൊ തമിഴിലോ ആയിരിക്കണം,

## 16. തേൾവിഷത്തിന്നു സിദ്ധൌഷധം.

തേൾ കടിച്ച സ്ഥലത്തു രണ്ടു തുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്നു ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി 1 ക്ക 2 ക 8 ണ. 12 കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്കു ഡസൻ 1 ക്ക 2 ക 8 ണ. ഉള്ള വിലയിൽ കുറച്ചുമാത്രമെ വില ചുമത്തുന്നുള്ളു. വി പി കമ്മീഷൻ 5 ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും 12 കുപ്പിവരെ വി. പി. കമ്മീഷൻ 5 ണ. സിലോൺ ടി 7 ണ

---

പി. സുബ്ബരായി പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ടു ജില്ല.

# മഹാഭാരതം

---

ലക്ഷത്തിരുപത്തയ്യായിരം ഗ്രന്ഥങ്ങളടങ്ങിയതും മഹാത്മരായ അഞ്ചാംവേദമെന്നു പറഞ്ഞുവരുന്നതുമായ മേൽപറഞ്ഞ വിശിഷ്ടഗ്രന്ഥം മൂന്നുനാലു കൊല്ലത്തിനുള്ളിൽ കഴിയുവാൻതക്കവണ്ണം ഞാൻ തനിച്ചു വൃത്തത്തിനനുവൃത്തമായി മലയാളത്തിലേക്കു തൎജ്ജമചെയ്തു വരുന്നുണ്ട്. ൧൦൭൦ മേടം മുതൽക്കു ഇതു ഒരു മാസികയായി പുറപ്പെടുവിച്ചു തുടങ്ങിയിരിക്കുന്നു. വരിസംഖ്യ കൊല്ലത്തിൽ അഞ്ചുറുപ്പിക മാത്രം. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടേണ്ടതാകുന്നു.

മേൽവിലാസം:

കെ. സി. തിരുവീരരായൻ രാജാ, ബി. ഏ.,

കോട്ടയ്ക്കൽ,

എന്നു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

---

ആനന്ദാശ്രമം

# ഭഗവൽഗീത

ശാംകരഭാഷ്യത്തിന്റെ മലയാളതൎജ്ജമയോടും

ശങ്കരാനന്ദസരസ്വതി മുതലായവരുടെ

വ്യാഖ്യാനങ്ങളിൽനിന്നുള്ള സാരാംശത്തോടുംകൂടി.

പരിഭാഷകൻ

കെ. എം.

കുറച്ചു പുസ്തകം മാത്രമെ ബാക്കിയുള്ളു. ആവശ്യമുള്ളവർ താഴെ കാണുന്ന മേൽവിലാസത്തിൽ ഉടനെ ആവശ്യപ്പെടേണ്ടതാണ്.

| | | | | |
|---|---|---|---|---|
| വി. പി. ആയും അയച്ചു കൊടുക്കും. | വില | 4 | 0 | 0 |
| ടി. പുസ്തകം ഒന്നായി ബൈണ്ടചെയ്തത | | 5 | 0 | 0 |
| കൎമ്മയോഗം—കെ. എം. (അടിച്ചുവരുന്നു) | ടി | 0 | 8 | 0 |
| ഭക്തിയോഗം— ടി | ടി | 0 | 12 | 0 |
| ഭഗവൽഗീത— ജി. കൃഷ്ണശാസ്ത്രികൾ | ടി | 1 | 4 | 0 |

വി. സുന്ദരയ്യർ ആന്റ് സൺസ്സ്

രസികരഞ്ജിനി.

# വരിസംഖ്യ

| | | | |
|---|---|---|---|
| തപാൽക്കൂലി ഉൾപ്പെടെ ഒരു കൊല്ലത്തേക്ക് | 3 | 0 | 0 |
| ,, ആറുമാസത്തേക്ക് | 1 | 10 | 0 |
| കുടിശ്ശികയായാൽ | | | |
| തപാൽക്കൂലി അടക്കം ഒരു കൊല്ലത്തേക്ക് | 3 | 4 | 0 |
| ,, ആറുമാസത്തേക്ക് | 1 | 12 | 0 |
| ആറുമാസത്തിന്നു താഴെയായാൽ നമ്പ്ര ഒന്നുക്ക് | 0 | 6 | 0 |

**വി. പി. കമ്മിഷൻ പുറമെ.**

പണം അടച്ചവരുടെ പേരുവിവരം ഈ മാസികയിൽ പ്രസിദ്ധംചെയ്തു കാണുന്നതാകുന്നു.

സാമ്പിൾ നോക്കുവാൻ ഏതെങ്കിലും ഒരു പ്രതി ആവശ്യപ്പെടുന്നവർ അതിന്റെ വില ബ്രിട്ടീഷ് സ്റ്റാമ്പായിട്ടോ, കൊച്ചി അഞ്ചൽ മുദ്രയായിട്ടോ എഴുത്തൊന്നിച്ച് അടക്കം ചെയ്തയക്കേണ്ടതാകുന്നു.

## പരസ്യക്കൂലി

| | | | |
|---|---|---|---|
| ഒന്നാമത്തെ തവണക്ക് വരി ഒന്നുക്ക് | 0 | 2 | 0 |

ഒന്നോ ഒന്നിലധികമോ ഭാഗം നിറയുന്നതോ ഒന്നിലധികം തവണ പ്രസിദ്ധം ചെയ്യേണ്ടുന്നതോ ആയ പരസ്യങ്ങൾക്ക് തരാതരംപോലെ കൂലി ചുരുക്കുന്നതാകുന്നു.

## വരിക്കാർ പ്രത്യേകം ദൃഷ്ടിവെക്കേണ്ടത്.

അതാതുപ്രതി ശരിയായി കിട്ടാതിരുന്നാൽ മറുമാസം പതിനഞ്ചാന്തിയതിക്കകം വരിക്കാർ മാനേജരെ അറിയിക്കേണ്ടതാകുന്നു. അതിന്നുശേഷമുള്ള ആവലാതികൾ കൈക്കൊള്ളുന്നതല്ല. വരിക്കാർ തരുന്ന മേൽവിലാസത്തിൽ തെറ്റുണ്ടായിരുന്നാൽ മാനേജർ ബാദ്ധ്യസ്ഥനാകുന്നതല്ല. എപ്പോഴെങ്കിലും മേൽവിലാസം മാറപ്പെടുമെങ്കിൽ മാനേജരെ അറിയിക്കയും വേണം.

കോവിലകം<br>എറണാകുളം } എന്ന—അമ്പാടി ചെറിയ കുഞ്ഞുപ്പിള്ളവാൾ.<br>ര. ര. മാനേജർ.